# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വർക്കല മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/എം.എൽ/1268/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 02/08/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
വർക്കല മുനിസിപ്പാലിറ്റി

സർ,

വിഷയം : വർക്കല മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വർക്കല മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: കെ.എസ്.എ.റ്റി.വി.എം/എം.എൽ/1268/2022 തീയ്യതി: 02/08/2022

## തിരുവനന്തപുരം ജില്ലയിലെ വർക്കല മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വർക്കല മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 79 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 55 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 18-07-2022 | 29-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-07-2022 | 29-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി., ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രവീൺ.എൻ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ.എം.എൽ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീജിത്ത്.എസ്.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ
ശ്രീമതി ആതിര.സി., ഓഡിറ്റർ
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു ഹരിദാസ് | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| ശ്രീ. കെ.എം. ലാജി | ചെയർമാൻ | 28-12-2020 | 31-03-2021 |
| ശ്രീ. സജി.എൽ.എസ്. | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. മഞ്ജുളശ്രീ തങ്കച്ചി | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ. അജയകുമാർ.കെ.എൽ. | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-12-2020 |
| ശ്രീ. വിനോദ്.വി. | വ്യവസായ വികസന ഓഫീസർ | 01-01-2021 | 07-03-2021 |
| ശ്രീ. സ്റ്റാൻലി | വ്യവസായ വികസന ഓഫീസർ | 08-03-2021 | 31-03-2021 |
| ശ്രീ. രാധാകൃഷ്ണൻ. | കൃഷി ഫീൽഡ് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. സജി.എൽ.എസ്. | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. ഷൈൻ.എസ്.എച്ച്. | എച്ച്.എം.- ഗവ. എൽ.പി.എസ്. | 01-04-2020 | 31-03-2021 |
| ഡോ. ബൈജു.എസ്. | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. സുജയ് കുമാർ.സി. | ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി രേഖ.കെ.എം. | പ്രോജക്റ്റ് ഓഫീസർ - നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2020 | 02-03-2021 |
| ശ്രീമതി ഷമീറ | പ്രോജക്റ്റ് ഓഫീസർ - നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 03-03-2021 | 31-03-2021 |
| ശ്രീ. ഹണി.ടി. | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. സന്തോഷ്.എം. | ഹെൽത്ത് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. ബിജു നെൽസൺ | മെഡിക്കൽ ഓഫീസർ - താലൂക്ക് ആശുപത്രി | 01-04-2020 | 31-03-2021 |
| ശ്രീമതി രേഖ.ബി. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 06-01-2021 |
| ശ്രീമതി ആശ.വി. | മുനിസിപ്പൽ എഞ്ചിനീയർ | 07-01-2021 | 31-03-2021 |
| ശ്രീമതി അനീസാറാണി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജിജി.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 21-06-2020 |

| | | | |
|---|---|---|---|
| ശ്രീമതി വിജി.വി. | അസിസ്റ്റൻ്റ് എഞ്ചിനീയർ | 22-06-2020 | 31-03-2021 |
| ഡോ. വിഷ്ണു.എസ്.രാജ്. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 02-11-2020 |
| ശ്രീമതി കൃഷ്ണകുമാരി.എ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 03-11-2020 | 31-03-2021 |

12.11.2020 മുതൽ 27.12.2020 വരെ ഉദ്യോഗസ്ഥ ഭരണസമിതി

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha.M.L (Asst. Audit Officer, On 27-07-2022)<br>Last Updated By: Priyadarshini.S.R (Auditor, On 02-08-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Lekha.M.L (Asst. Audit Officer, On 29-07-2022)<br>Last Updated By: Priyadarshini.S.R (Auditor, On 02-08-2022) | 1-2 |
| 3 | വാടക ഇനത്തിൽ ലഭിക്കാനുള്ള തുക 5330269/- എഴുതിതള്ളി -ചട്ടങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Lekha.M.L (Asst. Audit Officer, On 29-07-2022)<br>Last Updated By: Sabu G (Audit Officer (HG), On 29-07-2022) | 1-2-1 |
| 4 | മുൻസിപ്പൽ ഫണ്ട്, നെഗറ്റീവ് ബാലൻസ്- വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Lekha.M.L (Asst. Audit Officer, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-2-2 |
| 5 | ഇടപാടുകൾ നടക്കാത്ത അക്കൌണ്ടുകളിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Lekha.M.L (Asst. Audit Officer, On 29-07-2022)<br>Last Updated By: Priyadarshini.S.R (Auditor, On 02-08-2022) | 1-2-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Lekha.M.L (Asst. Audit Officer, On 27-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 01-08-2022) | 1-3 |
| 7 | ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം- (ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം)<br>Written By: Lekha.M.L (Asst. Audit Officer, On 27-07-2022)<br>Last Updated By: Priyadarshini.S.R (Auditor, On 02-08-2022) | 1-3-1 |
| 8 | വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും വിവിധ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും.<br>Written By: Lekha.M.L (Asst. Audit Officer, On 27-07-2022)<br>Last Updated By: Priyadarshini.S.R (Auditor, On 02-08-2022) | 1-3-2 |
| 9 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 29-07-2022)<br>Last Updated By: Priyadarshini.S.R (Auditor, On 02-08-2022) | 1-4 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Lekha.M.L (Asst. Audit Officer, On 29-07-2022)<br>Last Updated By: Sabu G (Audit Officer (HG), On 29-07-2022) | 1-5 |
| 11 | സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം- അപാകങ്ങൾ<br>Written By: Lekha.M.L (Asst. Audit Officer, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-5-1 |
| 12 | ക്യാഷ് പരിശോധന<br>Written By: Manesh.B.H (Audit Officer, On 22-07-2022)<br>Last Updated By: Sabu G (Audit Officer (HG), On 26-07-2022) | 1-6 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 31-07-2022)<br>Last Updated By: Sabu G (Audit Officer (HG), On 01-08-2022) | 1-7 |
| 14 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Sarath J Sankar (Auditor, On 27-07-2022)<br>Last Updated By: Priyadarshini.S.R (Auditor, On 02-08-2022) | 1-8 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sabu G (Audit Officer (HG), On 23-07-2022) | 1-9 |

| | | |
|---|---|---|
| | Last Updated By: Sabu G (Audit Officer (HG), On 23-07-2022) | |
| 16 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Sebin Sebastian (Auditor, On 28-07-2022)<br>Last Updated By: Sabu G (Audit Officer (HG), On 29-07-2022) | 1-10 |
| 17 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Sebin Sebastian (Auditor, On 28-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-11 |
| 18 | വളർത്തു നായകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല<br>Written By: Sebin Sebastian (Auditor, On 28-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-12 |
| 19 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Sebin Sebastian (Auditor, On 28-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-13 |
| 20 | കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു<br>Written By: Sebin Sebastian (Auditor, On 28-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 01-08-2022) | 1-14 |
| 21 | തൊഴിൽ നികുതി- അപാകങ്ങൾ<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-15 |
| 22 | തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-15-1 |
| 23 | ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-15-2 |
| 24 | ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-15-3 |
| 25 | നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-15-4 |
| 26 | വാഹന ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-15-5 |
| 27 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-15-6 |
| 28 | വിനോദ നികുതിയിനത്തിലെ വരവ്-ഫയലുകൾ ഹാജരാക്കിയില്ല<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-16 |
| 29 | ലേലം - അപാകങ്ങൾ<br>Written By: Sebin Sebastian (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-17 |
| 30 | വസ്തു നികുതി നിർണയം - അപാകങ്ങൾ<br>Written By: Athira C (Auditor, On 28-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-18 |
| 31 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ കെട്ടിടം - തെറ്റായ നികുതി നിർണയം നടത്തി<br>Written By: Athira C (Auditor, On 28-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-18-1 |
| 32 | വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിർണയത്തിലെ അപാകം<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-18-2 |

| | | |
|---|---|---|
| 33 | ആരാധനാലയങ്ങളിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി ഈടാക്കി<br>Written By: Athira C (Auditor, On 28-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-07-2022) | 1-18-3 |
| 34 | പൊളിച്ചുനീക്കിയ കെട്ടിടങ്ങളുടെ നികുതി കടിശ്ശിക ഈടാക്കിയില്ല<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-18-4 |
| 35 | കെട്ടിടങ്ങളെ നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-18-5 |
| 36 | നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങളിൽ നിന്നും നികുതി പിരിവ്<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-18-6 |
| 37 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഇളവ് - അപാകങ്ങൾ<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-18-7 |
| 38 | വിമുക്ത ഭടൻമാർക്ക് നടപടിക്രമം പാലിക്കാതെ വസ്തു നികുതി ഒഴിവാക്കി നൽകി<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-18-8 |
| 39 | ടെലഫോൺ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 01-08-2022) | 1-18-9 |
| 40 | റിസോർട്ടുകൾക്ക് തെറ്റായ ഉപയോഗ ക്രമം രേഖപ്പെടുത്തി നികുതി ഈടാക്കുന്നു.<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 01-08-2022) | 1-18-10 |
| 41 | അനധികൃത കെട്ടിടങ്ങൾ-അപാകങ്ങൾ<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 01-08-2022) | 1-18-11 |
| 42 | അനധികൃത കെട്ടിടത്തിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 01-08-2022) | 1-18-12 |
| 43 | കെട്ടിട നമ്പർ നൽകൽ -അപാകങ്ങൾ<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-19 |
| 44 | കെട്ടിടത്തിന്റെ പ്ലാൻ പ്രകാരമുള്ള വിസ്തീർണവും സഞ്ചയയും പൊരുത്തപ്പെടുന്നില്ല .<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-19-1 |
| 45 | കരാർ ചമയ്ക്കാൻ കാലതാമസം-കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-20 |
| 46 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-21 |
| 47 | ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-22 |
| 48 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-23 |
| 49 | പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നില്ല<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-24 |
| 50 | പരിസ്ഥിതി സംരക്ഷണത്തിന് നടപടികളില്ല<br>Written By: Manesh.B.H (Audit Officer, On 26-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-25 |

| | | |
|---|---|---|
| 51 | അംഗീകാരമില്ലാത്ത സ്ഥാപനം മുഖാന്തിരം പ്രവ്യത്തി നിർവ്വഹിച്ചു-4,96,370/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 28-07-2022)<br>Last Updated By: Sabu G (Audit Officer (HG), On 01-08-2022) | 1-26 |
| 52 | വാഹന പരിപാലനം -സർക്കാർ ഉത്തരവ് നടപ്പിലാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 28-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-27 |
| 53 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ-ലൈസൻസ് ലഭ്യമാക്കേണ്ടതാണ്<br>Written By: Lekha.M.L (Asst. Audit Officer, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-28 |
| 54 | ഗുണഭോക്തൃ വിഹിതം കളക്ട് ചെയ്ത ശേഷം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുത്തി<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-29 |
| 55 | പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തുന്നില്ല<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-30 |
| 56 | മരാമത്ത് പ്രവ്യത്തികളുടെ എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു.<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 01-08-2022) | 1-31 |
| 57 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നില്ല.<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-32 |
| 58 | പ്രോജക്ട് ഫയൽ ലഭ്യമാക്കിയില്ല – 1399999/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-33 |
| 59 | എം ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല– 4,49,295/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-34 |
| 60 | ബിറ്റുമിൻ ബിൽ ഹാജരാക്കിയില്ല- 582105/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-35 |
| 61 | പാർട്ട് ബില്ല് മാറി നൽകിയ ശേഷം പദ്ധതി നടപ്പാക്കുന്നില്ല<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-36 |
| 62 | കൗൺസിൽ തീരുമാനത്തിന് വിരുദ്ധമായി അടങ്കൽ തുകയേക്കാൾ കൂടുതലായി എസ്റ്റിമേറ്റ് പുതുക്കി പദ്ധതി നടപ്പിലാക്കി.<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-37 |
| 63 | പൊയ്കയിൽ കുളം നവീകരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Sabu G (Audit Officer (HG), On 30-07-2022)<br>Last Updated By: Praveen N.G (Asst. Audit Officer, On 30-07-2022) | 1-38 |
| 64 | അംഗനവാടി കെട്ടിട നിർമ്മാണം - അധികം 7612/-രൂപ നൽകിയത് തിരികെ ഈടാക്കണം<br>Written By: Sabu G (Audit Officer (HG), On 29-07-2022)<br>Last Updated By: Priyadarshini.S.R (Auditor, On 02-08-2022) | 1-39 |
| 65 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ - 1,75,348 രൂപയുടെ ചെലവ് | 1-40 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു.<br>Written By: Manesh.B.H (Audit Officer, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | |
| 66 | വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പ്രോജക്റ്റുകളിലെ അപാകതകൾ<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 01-08-2022) | 1-41 |
| 67 | വ്യവസായ വികസന ഓഫീസറുടെ ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല.<br>Written By: Athira C (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-41-1 |
| 68 | PMAY ലൈഫ് ഭവന പദ്ധതി -അവലോകനം<br>Written By: Praveen N.G (Asst. Audit Officer, On 27-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 01-08-2022) | 1-42 |
| 69 | PMAY ലൈഫ് ഭവനനിർമ്മാണം-നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം<br>Written By: Praveen N.G (Asst. Audit Officer, On 27-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 01-08-2022) | 1-42-1 |
| 70 | എൻ.യു.എൽ.എം പദ്ധതി - അവലോകനം<br>Written By: Praveen N.G (Asst. Audit Officer, On 27-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-43 |
| 71 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ പദ്ധതി, എ.ഇ.യുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ തുക അനുവദിച്ചു.<br>Written By: Praveen N.G (Asst. Audit Officer, On 27-07-2022)<br>Last Updated By: Sabu G (Audit Officer (HG), On 01-08-2022) | 1-44 |
| 72 | കമ്മ്യൂണിറ്റി കിച്ചനിലൂടെ ലഭ്യമാക്കുന്ന സൗജന്യ ഊണിനുള്ള സഹായം പദ്ധതി -മോണിറ്ററിംഗ് കാര്യക്ഷമമല്ല.<br>Written By: Praveen N.G (Asst. Audit Officer, On 27-07-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 02-08-2022) | 1-45 |
| 73 | വിശപ്പുരഹിത കേരളം പദ്ധതി -റിവോൾവിംഗ് ഫണ്ട് തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല.<br>Written By: Praveen N.G (Asst. Audit Officer, On 27-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-46 |
| 74 | അമൃതം ഗമയ പദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Praveen N.G (Asst. Audit Officer, On 27-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-47 |
| 75 | ജി.ഐ.എസ് മാപ്പിംഗ് പദ്ധതി -പദ്ധതി ലക്ഷ്യം പൂർത്തീകരിക്കണം<br>Written By: Praveen N.G (Asst. Audit Officer, On 29-07-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 02-08-2022) | 1-48 |
| 76 | വരൾച്ച, കുടിവെള്ള വിതരണം പദ്ധതി-നടപടിക്രമങ്ങൾ പാലിച്ചില്ല.<br>Written By: Praveen N.G (Asst. Audit Officer, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-49 |
| 77 | എം.ജി.കോളനി ഭവന നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Manesh.B.H (Audit Officer, On 23-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-50 |
| 78 | പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Manesh.B.H (Audit Officer, On 26-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-07-2022) | 1-51 |
| 79 | ഹയർസെക്കന്ററിയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്<br>Written By: Manesh.B.H (Audit Officer, On 29-07-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 02-08-2022) | 1-52 |
| 80 | ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം - സർക്കാർ ഉത്തരവുകൾ വിരുദ്ധമായ ചെലവ് - 15500/- രൂപ നിരാകരിക്കുന്നു.29500/- രൂപ തടസപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 1-53 |

| | | |
|---|---|---|
| 81 | സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി അധിക തുക ചെലവഴിച്ചു.<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 1-54 |
| 82 | കമ്പ്യൂട്ടർ സർവ്വീസിംഗും മെയിന്റനൻസും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും - രേഖകൾ ഹാജരാക്കിയില്ല -76450/- രൂപ തടസപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 1-55 |
| 83 | സ്കൂളുകളിൽ ഫർണിച്ചർ വാങ്ങൽ - രേഖകളുടെ അഭാവത്തിൽ 399990/- രൂപ തടസപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 1-56 |
| 84 | സ്കൂളുകളിൽ കേടായ ഫർണീച്ചർ അറ്റകുറ്റപ്പണി - രേഖകളുടെ അഭാവത്തിൽ 122592/- രൂപ തടസപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 1-57 |
| 85 | തുല്യത പഠനവും തൊഴിൽ പരിശീലനവും - രജിസ്ട്രേഷൻ രേഖകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 1-58 |
| 86 | സ്കൂൾ ലൈബ്രറിയിലേയ്ക്ക് ആനുകാലികങ്ങളും പുസ്തകങ്ങളും വാങ്ങൽ - രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 1-59 |
| 87 | സാനിട്ടറി നാപ്കിൻ ഇൻസിനിറേറ്റർ സ്ഥാപിക്കൽ - മാനദണ്ഡങ്ങൾ പാലിക്കാതെ മെഷീൻ വാങ്ങി.<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 1-60 |
| 88 | പ്ലാന്റിലെ നിഷ്ക്രിയ മാലിന്യങ്ങൾ നീക്കം ചെയ്യൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 1-61 |
| 89 | വീൽ ബാരോ വാങ്ങൽ - കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുള്ള ചെലവ് വിവരം തെറ്റായി രേഖപ്പെടുത്തി.<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 1-62 |
| 90 | ദുരന്ത നിവാരണ പ്രതിരോധ സാമഗ്രികൾ വാങ്ങൽ -സർക്കാർ ഉത്തരവുകൾ പാലിക്കാതെ പദ്ധതി നടപ്പാക്കി.<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 1-63 |
| 91 | ശുചിത്വ പരിപാലനം - പ്രോജക്ടുകൾ പൂർണമായും നടപ്പാക്കിയിട്ടില്ല.<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 1-64 |
| 92 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ രേഖകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 1-65 |
| | **ഭാഗം 2** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 31-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 2-1 |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം-സർക്കാർ ഉത്തരവുകൾ വിരുദ്ധമായി ചെലവഴിച്ച 15500/- രൂപ നിരാകരിക്കുന്നു<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 3-1 |
| 2 | സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി അധിക തുക ചെലവഴിച്ചു. 8700/- രൂപ നിരാകരിക്കുന്നു.<br>Written By: Sarath J Sankar (Auditor, On 29-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 31-07-2022) | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Manesh.B.H (Audit Officer, On 25-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 25-07-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്കു നല്കിയ തുകയുടെ വിവരം<br>Written By: Lekha.M.L (Asst. Audit Officer, On 29-07-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 02-08-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 25-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 25-07-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Lekha.M.L (Asst. Audit Officer, On 29-07-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 02-08-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Manesh.B.H (Audit Officer, On 25-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 25-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Manesh.B.H (Audit Officer, On 25-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 25-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 25-07-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 02-08-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 25-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 25-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 31-07-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 02-08-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 22-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 01-08-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയുടെ 2020-21 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 05.03.2020 ലെ1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുൻബാക്കി 139772597/- രൂപയും, പ്രതീക്ഷിത വരുമാനം 590874900/-രൂപയും ചേർത്ത് ആകെ വരവ് 730647497രൂപയും ആകെ ചെലവ് 598507000/-രൂപയും നീക്കിബാക്കി 132140497/-രൂപയും വകയിരുത്തിയ ബജറ്റാണ് അംഗീകരിച്ചത്. 2020-21 വർഷത്തെ റിവൈസ്ഡ് ബജറ്റ് 22.02.2021 ലെ 10(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് 74666367.60 രൂപയും വരവ് 452362683രൂപയും ചേർത്ത് ആകെ വരവ് 527029050.60രൂപയും ചെലവ് 496572229/-രൂപയും 30456821.60 രൂപ നീക്കിയിരിപ്പും ഉൾപ്പെടുത്തിയ ബജറ്റാണ് അംഗീകരിച്ചത്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 30.07.2021 |

വാർഷിക ധനകാര്യപത്രിക-അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക ധനകാര്യപത്രിക B1 ഷെഡ്യൂളിൽ Excess Of Income Over Expenditure (-) 29689024/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. മുൻസിപ്പൽ ഫണ്ട് ബാലൻസ് -51321037/- രേഖപ്പെടുത്തിയിരിക്കുന്നു.

2. വസ്തു നികുതി, തൊഴിൽ നികുതി, ഡി &ഒ ലൈസൻസ് എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. Rent From Civic Aminities, Rent From Lease On Land എന്നിവ രജിസ്റ്റർ പ്രകാരവും AFS പ്രകാരവും വ്യത്യാസപ്പെട്ടരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | | Arrear Demand | Arrear Collection | Arrear Balance | Current Demand | Current Collection | Current Balance |
|---|---|---|---|---|---|---|---|
| Rent From Civic Aminities | AFS | 7064766 | 674129 | 1054545 | 4642510 | 2020669 | 2627664 |
| | Register | 962279 | 231542 | 730737 | 2839945 | 2000912 | 839033 |
| Rent From Lease On Land | AFS | 115529 | 11649 | 103880 | 246746 | 210007 | 36739 |
| | Register | 20919 | 20919 | - | 271542 | 219442 | 52740 |

4. 20-21 ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂളിൽ അഡ്വാൻസായി രേഖപ്പെടുത്തിയിരിക്കുന്ന 41,57,417 /-രൂപയിൽ ചുവടെ ചേർക്കുന്ന തുകകൾ ഇതുവരെയും ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| കോഡ് നം | വിശദാംശം | ക്രമീകരിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|
| 460100700 | Miscellaneous Advance | 309410 |
| 460500201 | Advance To Implimenting Agencies-muncipal Fund | 10000 |
| 460509902 | Other Advances-specific Grants | 5000 |

| | | |
|---|---|---|
| 460509909 | Advanced To Others | 4500 |

5. RP-33ഷെഡ്യൂൾ പ്രകാരം രൂപ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി 8090065/- രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ ആധികാരികത പരിശോധിക്കാൻ 20-21 വർഷം നല്കിയ പാർട്ട് ബില്ലുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

6. I-18 ഷെഡ്യൂളിൽ 280300401 ഹെഡിൽ Recovery Of Revenues Written Off -Rent From Civic Aminities 5330269/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുക എഴുതി തള്ളിയതുമായി ബന്ധപ്പെട്ട് 1999 ലെ കേരള മുൻസിപ്പാലിറ്റി ചട്ടങ്ങൾ ചട്ടം 5, 6, 7 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

7. 20-21 വർഷത്തെ ബാലൻസ്ഷീറ്റിൽ അവശേഷിക്കുന്ന 2705825/- രൂപയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

8. നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂറായി നല്കിയ ചെലവ് തുക മുൻകൂർ ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. ചെലവ് ഹെഡിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ പേര് | തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | UC ലഭിച്ചതിന്റെ വിവരം |
|---|---|---|---|
| 66/21, സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | KSEB | 913554/- | 175248/- രൂപയുടെ UC ലഭിച്ചിട്ടില്ല. |
| 159/21, വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | KWA | 304000/- | UC ലഭിച്ചിട്ടില്ല |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം 23/ 21.7.22) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

1. പൊതുടാപ്പുകളുടെ വെള്ളക്കര കടിശ്ശിക ഇനത്തിൽ 73866693/- രൂപ B-9 ഷെഡ്യൂളിൽ Liability ആയി രേഖപ്പെടുത്തിയത് കാരണമാണ് മുൻസിപ്പൽ ഫണ്ട് നെഗറ്റീവ് ആയത്.

2 , 3 മറുപടി, രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

4. ക്രമീകരിക്കാതെ അവശേഷിക്കുന്ന തുകകൾ ക്രമീകരിച്ച് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.

5. മറുപടി, രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

6. ഫിനാൻസ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് തുക എഴുതിതള്ളിയത് എന്ന് അറിയിച്ചു.

7.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരം പരിശോധിച്ച് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു

8. 21-22 വർഷത്തെ വാർഷികധനകാര്യ പത്രികയിൽ അപാകത പരിഹരിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-2-1 വാടക ഇനത്തിൽ ലഭിക്കാനുള്ള തുക 5330269/- എഴുതിതള്ളി -ചട്ടങ്ങൾ പാലിച്ചിട്ടില്ല.

I-18 ഷെഡ്യൂളിൽ 280300401 ഹെഡിൽ Recovery Of Revenues Written Off -Rent From Civic Aminities 5330269/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുക എഴുതി തള്ളിയതുമായി ബന്ധപ്പെട്ട് 1999 ലെ കേരള മുൻസിപ്പാലിറ്റി ചട്ടങ്ങൾ(വസൂലാക്കാൻ കഴിയാത്ത തുകകൾ എഴുതി തള്ളൽ) ചട്ടം 5, 6, 7 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പ്രസ്തുത ചട്ട പ്രകാരം തുക ഈടാക്കാൻ യാതൊരു വിധത്തിലും സാധിക്കുകയില്ല എന്ന് ബോധ്യം വന്നാൽ മുൻസിപ്പൽ കൌൺസിലിന് 2000 രൂപ എന്ന പരമാവധിയിൽ കവിയാത്ത തുക എഴുതി തള്ളാൻ തീരുമാനിക്കാനിക്കാവുന്നതും തുക പരമാവധിയിൽ കൂടുതൽ ആണെങ്കിൽ കേരള സംസ്ഥാന വകുപ്പ് ഓഡിറ്റ് ഡയറക്ടറുടേയും സർക്കാരിന്റേയും അംഗീകാരം വാങ്ങിയ ശേഷം മുൻസിപ്പാലിറ്റിക്ക് എഴുതി തള്ളാവുന്നതുമാണ്. എന്നാൽ, മേൽ ചട്ടം പാലിക്കാതെ ഫിനാൻസ് കമ്മിറ്റിയുടെ 24.8.20 ലെ 4-ാം നം തീരുമാന പ്രകാരം തുക എഴുതി തള്ളാൻ തീരുമാനിച്ചു എന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 23, 21.7.21) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എഴുതി തള്ളിയ തുകകളുടെ വിശദാംശങ്ങളും ഇപ്രകാരം തുക എഴുതി തള്ളാനുണ്ടായ സാഹചര്യവും വിശദമാക്കേണ്ടതാണ്. അതോടൊപ്പം പ്രസ്തുത വിഷയം ഭരണസമിതി ചർച്ച ചെയ്ത് അനന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-2-2 മുൻസിപ്പൽ ഫണ്ട്, നെഗറ്റീവ് ബാലൻസ്- വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വാർഷിക ധനകാര്യപത്രിക B1 ഷെഡ്യൂളിൽ Excess Of Income Over Expenditure (-) 29689024/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. മുൻസിപ്പൽ ഫണ്ട് ബാലൻസ് നെഗറ്റീവ് 51321037/- രേഖപ്പെടുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച്

നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം 23, 21.7.22) പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക ഇനത്തിൽ 73866693/- രൂപ B-9 ഷെഡ്യൂളിൽ Liability ആയി രേഖപ്പെടുത്തിയത് കാരണമാണ് മുൻസിപ്പൽ ഫണ്ട് നെഗറ്റീവ് ആയത് എന്ന് അറിയിച്ചു. വാട്ടർ അതോറിട്ടിയുടെ 31.3.21 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം നിലവിൽ 456 ടാപ്പുകളും ആയതിന് മാസം തോറും 314564/- രൂപ ഡിമാന്റും ഉണ്ട്. കുടിശ്ശിക ഉക ഉൾപ്പെടെ ഡിമാന്റ് വരുന്നതിനാൽ കുടിശ്ശിക ഒടുക്കാതെ തൻമാസത്തെ തുക മാത്രം വാട്ടർ അതോറിട്ടി സ്വീകരിക്കാത്തതിനാൽ 19-20, 20-21 വർഷം വെള്ളക്കരം ഒടുക്ക വരുത്തിയിട്ടില്ല എന്നും മുൻവർഷങ്ങളിലേത് ഉൾപ്പെടെയുള്ള കുടിശ്ശിക തുകയാണ് ബാലൻസ്ഷീറ്റിൽ അവശേഷിക്കുന്നതെന്നും അറിയിച്ചു. ഈ വിഷയത്തിൽ വാട്ടർ അതോറിട്ടിയുമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അതോടൊപ്പം നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കാൻ നികുതി നികുതിയേതര വരവുകൾ കുടിശ്ശിക ഇല്ലാതെ പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിച്ച് മുൻസിപ്പൽ ഫണ്ട് നെഗറ്റീവ് ആകുന്ന സാഹചര്യം ഇല്ലാതാക്കേണ്ടതുമാണ്.

## 1-2-3 ഇടപാടുകൾ നടക്കാത്ത അക്കൌണ്ടുകളിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക RP-40(b) ൽ ചുവടെ ചേർക്കുന്ന അക്കൌണ്ടുകളിൽ വർഷങ്ങളായി ഇടപാടുകൾ നടക്കാതെ തുക അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അക്കൌണ്ട് നമ്പർ ബാങ്കിന്റെ പേര് | അക്കൌണ്ട് ആരംഭിച്ച തീയതി | അവസാനത്ത ഇടപാടിന്റെ വിവരം, തുക | 31.3.21 ലെ തുക(AFSപ്രകാരം) |
|---|---|---|---|---|
| 1 | IOB -IHSDP 27500 | മെയ് 2011 | 29.4.2015 1394730/- | 1738352/- |
| 2 | IOB Pipeconnection | ഡിസംബർ 2012 | 24.3.2014 272485/- | 271354 |
| 3 | IOB -Tourism | 2010 ന മുൻപ് | 1.4.2010 41903/- | 62376 |

ഇടപാടുകൾ നടക്കാത്ത അക്കൗണ്ടുകളിൽ ബാക്കി നില്ക്കുന്ന തുക അതാത് ഹെഡിലേക്ക് ഒടുക്ക വരുത്തി അക്കൗണ്ട് ക്ലോസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 44, 23.7.22) അക്കൗണ്ടുകൾ ഇതുവരെ ക്ലോസ് ചെയ്തിട്ടില്ലെന്നും ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി. ഇടപാടുകൾ നടക്കാത്ത അക്കൗണ്ടുകളിൽ വലിയ തുകകൾ അവശേഷിക്കുന്ന പക്ഷം അവ നഗരസഭ തുടരേണ്ട സാഹചര്യം ഇല്ലെങ്കിൽ കൗൺസിൽ ചർച്ച ചെയ്ത് തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | ബജറ്റ് പ്രകാരമുള്ള തുക | നഗര സഭയ്ക്ക് നേരിട്ട് അനുവദിച്ച തുക (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | എസിആർ പ്രകാരം വരവ് | ചെലവ് (എ.സി. ആർ പ്രകാരം) | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം -Source Deduction, 19-20 Queue Bill ഉൾപ്പെടെ) | നീക്കിയിരിപ്പ്, ചെലവ് ശതമാനം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് (എ.സി. ആർ. പ്രകാരം) |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 53662000 | 50706200 | 50706200 | 45132395 | 47489595 | 3216605 (93.65%) | 5573805 |
| വികസനഫണ്ട് SCP | 0 | 23642000 | 23642000 | 23642000 | 11960631 | 11960631 | 11681369 (50.59%) | 11681369 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 12019000 | 11897436 | 11897436 | 5538353 | 5659917 | 6237519 (47.57%) | 6359083 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 17905000 | 17904900 | 17904900 | 7051778 | 7051778 | 10853122 (39.38%0 | 10853122 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(tied) | 0 | 30010000 | 30010000 | 30010000 | 3491201 | 3491201 | 26518799 (11.63%) | 26518799 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 0 | - | 84943818 | 84943818 | 38221562 | 38221562 | 46722256 | 46722256 |

R&P പത്രികയിൽ വികസനഫണ്ട് ജനറൽ ആകെ ചെലവ് 45085530/- രൂപയാണ്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ പത്രിക എന്നിവയിൽ ആകെ ചെലവ് 47489595/- രൂപയാണ്. ഇവ തമ്മിലുള്ള വ്യത്യാസം 2404065/-രൂപയാണ്, ഇതിൽ 2357200/- ജി.ഒ. പ്രോജക്ട് വഴി ചെലവഴിച്ച തുകയാണ്. ബാലൻസ് 46865/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

## 1-3-1 ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം- (ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം)

| | | പൊതു വിഭാഗം ജനറൽ | ചെലവ് ശത മാനം | എസ് സി പി | ചെലവ് ശത മാനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം) | ചെലവ് ശതമാനം (ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം) | മെയിന്റ നൻസ് ഗ്രാന്റ് റോഡ് (ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം) | ചെലവ് ശതമാനം (ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം) | മെയിന്റ നൻസ് ഗ്രാന്റ് നോൺ റോഡ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|---|---|---|---|
| പൊതു വിഭാഗം- ഉല്പാദനം | അടങ്കൽ | 11857960 | | 0 | | 3295485 | | 0 | | 99000 | |
| | ചെലവ് | 5436806 | 45.84% | 0 | 0 | 2963418 | 89.92% | 1854980 | | 99000 | 100% |
| പൊതു വിഭാഗം- സേവനം | അടങ്കൽ | 46305317 | | 0 | | 39883674 | | 0 | | 9911004 | |
| | ചെലവ് | 39062287 | 84.35% | 0 | 0 | 13433211 | 33.68% | 308350 | | 4773082 | 48.15% |
| പൊതു വിഭാഗം- പശ്ചാത്തലം | അടങ്കൽ | 4381991 | | 0 | | 32814559 | | 22906600 | | 5351358 | |
| | ചെലവ് (*) | 2990502 | 68.24% | 0 | 0 | 2963418 | 9.03%% | 0 | 0% | 787835 | 14.72% |
| പട്ടിക ജാതി വിഭാഗം- ഉല്പാദനം | അടങ്കൽ | 0 | | 0 | | 0 | 0 | 0 | | 0 | |
| | ചെലവ് | 0 | | 0 | 0 | 0 | 0 | 0 | | 0 | |
| പട്ടിക ജാതി വിഭാഗം- സേവനം | അടങ്കൽ | 100000 | | 27535125 | 43.43% | 0 | 0 | 0 | | 0 | |
| | ചെലവ് | 0 | | 11960631 | | 0 | 0 | 0 | | 0 | |

പൊതുവിഭാഗം സേവന മേഖലയിൽ വികസനഫണ്ട് ജനറൽ വകയിരുത്തിയ തുക സുലേഖ പ്രകാരം 46205317/- രൂപയും, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 46305317/- രൂപയുമാണ്. പൊതുവിഭാഗം സേവന മേഖലയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് സുലേഖ പ്രകാരം 12967946/- രൂപയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 13433211/- രൂപയുമാണ്.പൊതുവിഭാഗം പശ്ചാത്തല മേഖലയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് സുലേഖ പ്രകാരം 25781399/- രൂപയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 2963418/- രൂപയുമാണ്.

പൊതുവിഭാഗം പശ്ചാത്തല മേഖലയിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് ചെലവ് സുലേഖ പ്രകാരം 7051778/- രൂപയാണ്.എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടിന് ചെലവില്ല.

ഓരോ മേഖലയിലും അതാത് പ്രദേശത്തേയും ജനങ്ങളുടേയും വികസനത്തിന് പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന ഫണ്ടുകൾ ലാപ്സാകാതെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3-2 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും വിവിധ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ

തുകയും.

| ക്രമ നമ്പർ | പ്രത്യേക പദ്ധതി/ മേഖല | വകയിരുത്തൽ തുകയുടെ അനുപാതം | അനുബന്ധം 4 പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | നഗരസഭ വകയിരുത്തിയ തുക (സുലേഖ പ്രകാരം) | ചെലവ് | ചെലവ്% |
|---|---|---|---|---|---|---|
| 1 | പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും മേഖലാ വിഭജനത്തിന് ലഭ്യമാകുന്ന തുക | അനുബന്ധം 4 പ്രകാരമുള്ള തുക 53662000 ന്റെ ലൈഫ് ഭവന പദ്ധതിക്കു വേണ്ടി മാറ്റി വച്ച20% കഴിച്ചുള്ള തുക | 42929600 | 62545268 | 47489595 (ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% ഉൾപ്പെടെയുള്ള ചെലവ്) | 75.92% |
| | എ. വിവിധ മേഖലകൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 2 | ഉത്പാദന മേഖല (ജനറൽ, സാധാരണ വിഹിതം) | അനുബന്ധം 4 പ്രകാരമുള്ള തുക 53662000 ന്റെ ലൈഫ് ഭവന പദ്ധതിക്കു വേണ്ടി മാറ്റി വച്ച20% കഴിച്ചുള്ള തുകയുടെ 10% | 4292960 | 11857960 | 5436806 | 45.84% |
| 3 | ശുചിത്വ മാലിന്യ സംസ്കരണം , ജല സംരക്ഷണം | അനുബന്ധം 4 പ്രകാരമുള്ള തുക 53662000 ന്റെ 15% | 0 | | | |
| | ബി. പ്രത്യേക പദ്ധതികൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 4. | പാർപ്പിട മേഖലക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | അനുബന്ധം 4 പ്രകാരമുള്ള ജനറൽ, എസ്,സി പി തുകകളുടെ 20%(77304000x20%) | 15460800 | 32489125 | 18084131 | 55.66% |
| 5 | പാർപ്പിട മേഖലക്ക് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 20% (40983000 X 20%) | 10732400 | 12106000 | 9045000 | 74.71% |
| 6. | വനിത ഘടക പദ്ധതി | പട്ടിക 3 ക്രമ നം 1പ്രകാരമുള്ള തുകയുടേയും എസ്,സി പി തുകയുടേയും 10% (66571600x 10%) | 6657160 | 12677356 | 6425224 | 50.68% |
| 7 | കുട്ടികൾ ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി | പട്ടിക 3ക്രമ നമ്പർ 1പ്രകാരമുള്ള തുകയുടേയും എസ്,സി പി തുകയുടേയും 5% (66571600x 5%) | 3328580 | 7067930 | 3257460 | 46.08% |

| | | | | | | |
|---|---|---|---|---|---|---|
| 8. | വയോജനങ്ങൾക്ക വേണ്ടിയുള്ള പദ്ധതി, പാലിയേറ്റീവ് കെയർ ഉൾപ്പെടെ | പട്ടിക 3ക്രമ നമ്പർ 1പ്രകാരമുള്ള തുകയുടേയും എസ്,സി പി തുകയുടേയും 5% (66571600x 5%) | 3328580 | 4511905 | 3965376 | 87.88% |
| | സി. പശ്ചാത്തല മേഖലക്ക് വകയിരുത്താവുന്ന കൂടിയ തുക | | | | | |
| 9 | ജനറൽ സാധാരണ വിഹിതം- പശ്ചാത്തലം | പട്ടിക 3 ക്രമ നം 1പ്രകാരമുള്ള തുക 42929600ന്റെ 50% | 21464800 (വകയിരുത്താവുന്ന കൂടിയ തുക) | 4381991 | 2990502 | 68.24% |
| 10 | പട്ടികവർഗ്ഗ ഉപ പദ്ധതി- പശ്ചാത്തലം | പട്ടികജാതി ഉപ പദ്ധതിയുടെ 30% (23642000x30%) | 0 (വകയിരുത്താവുന്ന കൂടിയ തുക) | 0 | 0 | 0% |
| 11 | പട്ടികജാതി ഉപ പദ്ധതി- പശ്ചാത്തലം- | പട്ടികവർഗ്ഗ ഉപ പദ്ധതിയുടെ 30% | 7092600 | 0 | 0 | 0 |

അനിവാര്യ പരിപാടികൾക്ക് വികസനഫണ്ടിൽ നിന്നുള്ള വകയിരുത്തൽ.

| ക്രമ നമ്പർ | പദ്ധതി | ഫണ്ട്- വികസനഫണ്ട് വകയിരുത്തൽ | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1 | അങ്കനവാടി പോഷകാഹാര വിതരണം | 2070000 | 2070000 | 100% |
| 2 | എസ് എസ് എ | 1000000 | 1000000 | 100% |
| 3 | പാലിയേറ്റീവ് കെയർ | 2560482 | 2123953 | 82.95% |
| 4 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 2007930 | 1887730 | 94.01% |
| 5 | ആശ്രയ പ്രോജക്ട് | 150000 | 50000 | 33.33% |
| 6 | ഐ കെ എം വിഹിതം | 235295 | 235295 | 100% |

## 1-4 പദ്ധതി അവലോകനം

എ)പ്രോജക്ട് നിർവ്വഹണം

2020-21 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | മെഡിക്കൽ ഓഫീസർ - ഹോമിയോ | 3 | 3 | 0 | 100 | 538212 | 533817 | 99 |
| Ii | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 2 | 1 | 67 | 1350000 | 350000 | 26 |
| Iii | കൃഷി ഫീൽഡ് ഓഫീസർ | 10 | 10 | 0 | 100 | 6696460 | 2621515 | 39 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Iv | സെക്രട്ടറി | 30 | 25 | 5 | 83 | 49904390 | 30439305 | 61 |
| V | ഹെഡ് മാസ്റ്റർ – ഗവ. എൽ.പി.എസ്. | 23 | 19 | 4 | 83 | 3701732 | 1745153 | 47 |
| Vi | വെറ്റിനറി സർജൻ | 5 | 5 | 0 | 100 | 2483500 | 1973500 | 79 |
| Vii | ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ | 3 | 2 | 1 | 67 | 700000 | 382312 | 70 |
| Viii | പ്രോജക്ട് ഓഫീസർ – നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 13 | 8 | 5 | 62 | 9398494 | 1639501 | 17 |
| Ix | പട്ടികജാതി വികസന ഓഫീസർ | 10 | 10 | 0 | 100 | 20713125 | 10120631 | 49 |
| X | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) | 21 | 10 | 11 | 48 | 21495746 | 3082996 | 14 |
| Xi | മെഡിക്കൽ ഓഫീസർ – താലൂക്ക് ആശുപത്രി | 19 | 15 | 4 | 79 | 7502214 | 5709021 | 76 |
| Xii | മുനിസിപ്പൽ എഞ്ചിനീയർ | 17 | 9 | 8 | 53 | 42518156 | 16189910 | 38 |
| Xiii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 9 | 5 | 64 | 8486930 | 6695152 | 79 |
| Xiv | അസിസ്റ്റന്റ് എഞ്ചിനീയർ | 122 | 75 | 47 | 61 | 77121337 | 36855918 | 48 |
| Xv | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 5 | 2 | 3 | 40 | 1053000 | 208479 | 20 |
| ആകെ | | 298 | 204 | 94 | 68 | 253513296 | 118547210 | 47 |

1)ആകെ വകയിരുത്തിയ ഫണ്ടിന്റെ 47ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2)ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) വകയിരുത്തിയ ഫണ്ടിന്റെ 14ശതമാനവും പ്രോജക്ട് ഓഫീസർ – നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ വകയിരുത്തിയ ഫണ്ടിന്റെ 17ശതമാനവും ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ വകയിരുത്തിയ ഫണ്ടിന്റെ 20ശതമാനവും മാത്രമാണ് ചെലവഴിച്ചത്.

3)ഹെൽത്ത് ഓഫീസർ അംഗീകാരം വാങ്ങിയ 21 പ്രോജക്ടുകളിൽ 11 എണ്ണവും നടപ്പാക്കിയില്ല.

4)പട്ടികജാതി വികസന ഓഫീസർ അംഗീകാരം വാങ്ങിയ 10 പ്രോജക്ടുകളും നടപ്പാക്കിയെങ്കിലും ചെലവ് ശതമാനം 49 മാത്രമാണ്.

5)അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 47 മരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയില്ല.

6)തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| I | S0240/21 | തെരുവോര കച്ചവടക്കാരെ പുനരധിവസിക്കൽ | സെക്രട്ടറി |
| Ii | S0242/21 | നഗരസഭയിൽ കമ്പ്യൂട്ടർ വാങ്ങൽ | സെക്രട്ടറി |
| Iii | S0243/21 | തെരുവ് വിളക്കുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങൽ | സെക്രട്ടറി |
| Iv | S0244/21 | മാലിന്യ സംസ്കരണത്തിന് വാഹനം വാങ്ങൽ | സെക്രട്ടറി |
| V | S0235/21 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ | പ്രോജക്ട് ഓഫീസർ – നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| Vi | S0236/21 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മാണം | പ്രോജക്ട് ഓഫീസർ – നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| Vii | S0224/21 | ഖരമാലിന്യ സംസ്കരണം ഡിപിആർ | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) |

| | | | |
|---|---|---|---|
| Viii | SO226/21 | ബസ് സ്റ്റാന്റിൽ ബെയിലിംഗ് യൂണിറ്റ് സ്ഥാപിക്കൽ | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) |
| Ix | SO230/21 | താലൂക്ക് ആശുപത്രിയിൽ പബ്ലിക് അഡ്രസിംഗ് സിസ്റ്റം, ഇന്റർകോം, ക്യാമറ സ്ഥാപിക്കൽ | മെഡിക്കൽ ഓഫീസർ – താലൂക്ക് ആശുപത്രി |
| X | SO228/21 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ വെള്ളക്കരം ഒടുക്കൽ | മെഡിക്കൽ ഓഫീസർ – താലൂക്ക് ആശുപത്രി |
| Xi | SO229/21 | താലൂക്ക് ആശുപത്രി സ്റ്റാമ്പ് ചാർജ്ജും ടെലിഫോൺ ചാർജ്ജും | മെഡിക്കൽ ഓഫീസർ – താലൂക്ക് ആശുപത്രി |
| Xii | SO285/21 | ഉമ്പൂർമൂഴി ചവർ സംസ്കരണ പദ്ധതി | മുനിസിപ്പൽ എഞ്ചിനീയർ |
| Xiii | SO287/21 | സ്ലാട്ടർ ഹൌസിൽ പുതിയ ആർആർഎഫ് സെന്റർ നിർമ്മാണം | മുനിസിപ്പൽ എഞ്ചിനീയർ |
| Xiv | SO288/21 | വിവിധ സ്ഥലങ്ങളിൽ ഉമ്പൂർമൂഴി സ്ഥാപിക്കൽ | മുനിസിപ്പൽ എഞ്ചിനീയർ |
| Xv | SO213/21 | മത്സ്യ വില്പനയ്ക്കായി മോട്ടോർ സൈക്കിൾ ഐസ് ബോക്സ് സഹിതം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| Xvi | SO214/21 | പടുതാ കുളങ്ങളിലെ മത്സ്യ കൃഷി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |

അസിസ്റ്റന്റ് എഞ്ചിനീയർ സ്പിൽ ഓവാറായി അംഗീകാരം വാങ്ങിയ 6 മരാമത്ത് പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയിട്ടില്ല.

കോവിഡ് മൂലം പല പ്രോജക്ടുകളും നിർവ്വഹണം നടത്താൻ സാധിച്ചില്ലായെന്നും ആയതിനാലാണ് ചെലവ് ശതമാനം കുറഞ്ഞതെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 06/20.07.2022ന്റെ മറുപടി).

ബി)പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്.

എ)2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി പുന സംഘടിപ്പിച്ചില്ല.

ബി) 2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിനായി ആസൂത്രണ സമിതി യോഗം കൂടിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

2020-21 വർഷ പദ്ധതി രൂപീകരണത്തിനായി നടന്ന ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ഉയർന്നുവന്നതായി കാണുന്നില്ല. പൊതുഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പ് യോഗം കൂടിയിട്ടില്ല. കോവിഡ് വ്യാപനം ആയതിനാലാണ് യോഗങ്ങൾ കൂടാതിരുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 51/25.7.2022ന്റെ മറുപടി).

ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| I | സാമൂഹ്യ നീതി | 06.03.2020 | പകൽവീട് സ്ഥാപിക്കൽ |
| Ii | ദാരിദ്ര്യ ലഘൂകരണം | 06.01.2020 | പകൽവീട്, കുടുംബശ്രീ കഫേ |
| Iii | കൃഷിയും അനുബന്ധ മേഖലയും | 06.03.2020 | കാർഷിക കർമ്മസേനയ്ക്ക് പഴം, പച്ചക്കറി വിതരണ കേന്ദ്രം, കൊയ്ത്ത് യന്ത്രം |
| Iv | പ്രാദേശിക സാമ്പത്തിക വികസനം | 06.03.2020 | വ്യവസായ എസ്റ്റേറ്റ് |

സ്റ്റാറ്റസ് റിപ്പോർട്ട്

എ)പരിശോധനക്കായി ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കിയതല്ല.

ബി)ഓരോ മേഖലയിലെയും പ്രശ്നങ്ങളെ തീവ്രതയനുസരിച്ച് ലഘു, ഗുരുതരം, അതീവ ഗുരുതരം എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് 13-ാം പഞ്ചവത്സര പദ്ധതിക്കായിട്ടെന്നാണ് വിശദീകരിച്ചിട്ടുള്ളത്.

## 1-5 ക്ഷേമ പദ്ധതികൾ

2020-21 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 51120 | 166 |
| കർഷക തൊഴിലാളി പെൻഷൻ | 170500 | 10 |
| വിധവ പെൻഷൻ | 28929000 | 1947 |
| വാർദ്ധക്യകാല പെൻഷൻ | 48178900 | 3785 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 221600 | 499 |
| വികലാംഗ പെൻഷൻ | 69888900 | 98 |

## 1-5-1 സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം- അപാകങ്ങൾ

1)പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ, ഏതാനും ഗുണഭോക്താക്കൾക്ക് മരണ ശേഷവും പെൻഷൻ വിതരണം ചെയ്തതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (2020-21 വർഷം മരണപ്പെട്ട ഏതാനും വ്യക്തികളുടെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

| ക്രമ നമ്പർ | ഗുണ ഭോക്താവിന്റെ പേര് | പെൻഷൻ തിരിച്ചറിയൽ നം | പെൻഷൻ ഇനം | മരണ തീയതി | മരണശേഷം ലഭിച്ച പെൻഷൻ | ആകെ തുക |
|---|---|---|---|---|---|---|
| 1 | ശാന്തമ്മ | 101720600292 | വിധവ പെൻഷൻ | 14.4.20 | (1/ 21 വരെ)<br>4x1300=5200<br>4x1400=5600<br>1x1500=1500 | 12300 |
| 2. | ഭാർഗ്ഗവി അമ്മ | 101720200568 | വാർദ്ധക്യകാല പെൻഷൻ | 23.6.20 | (9/21 വരെ)<br>2x1500=3000<br>7x1500=10500<br>6x1600=9600 | 23100 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 3. | ജലജ.സി | 102250600497 | വിധവ പെൻഷൻ | 12.7.20 | Pension Status Active.എന്നാൽ പെൻഷൻ തുക കൈമാറാൻ സാധിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു | - |
| 4 | സാവിത്രി | 101720203512 | വാർദ്ധക്യ കാല പെൻഷൻ | 3.8.20 | (9/21 വരെ)<br>7x1500=10500<br>6x1600=9600 | 20100 |
| 5 | വിജയൻ നായർ | 101720201887 | വാർദ്ധക്യ കാല പെൻഷൻ | 18.8.20 | (9/21 വരെ)<br>4x1400=5600<br>3x1500=4500<br>6x1600=9600 | 19700 |
| 6 | കൌസല്യ | 101720200166 | വാർദ്ധക്യ കാല പെൻഷൻ | 13.7.20 | (6/22 വരെ)<br>8x1500=12000<br>15x1600=24000 | 36000 |
| 7 | ദേവകി അമ്മ | 10172020201486 | വാർദ്ധക്യ കാല പെൻഷൻ | 6.6.20 | ( 8/20 വരെ)<br>2x1500=3000 | 3000 |

2) 02.08.2021 ലെ സർക്കുലർ നമ്പർ 63/ 2021/ ധന പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് മരണപ്പെട്ട അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ഏതാനും വ്യക്തികൾ മറ്റു പഞ്ചായത്തുകളിൽ വിവിധ ക്ഷേമ പെൻഷനുകളുടെ ഗുണഭോക്താക്കളാണ്. ഇവർക്ക് മരണ ശേഷവും പെൻഷൻ വിതരണം ചെയ്തിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | ഗുണ ഭോക്താവിന്റെ പേര് | പെൻഷൻ IDനമ്പർ | പെൻഷൻ ഇനം | പെൻഷൻ അനുവദിച്ച പഞ്ചായത്ത് | മരണ തീയതി | മരണ ശേഷം ലഭിച്ച പെൻഷൻ | ആകെ തുക |
|---|---|---|---|---|---|---|---|
| 1 | രമാഭായി | 102440100478 | കർഷക തൊഴിലാളി പെൻഷൻ | കിഴുവിലം | 10.8.20 | 6/22 വരെ<br>4 X 1400=5600<br>3X 1500 = 4500<br>15 X 1600=24000 | 34100 |
| 2 | സാവിത്രി | 1023002001368 | കർഷക തൊഴിലാളി പെൻഷൻ | ചെറുന്നിയൂർ | 26.7.20 | 6/22 വരെ<br>23X600<br>(കയർ തൊഴിലാളി പെൻഷൻ കൂടി ലഭിക്കുന്നുണ്ട്) | 13800 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3. | ഇന്ദിര | 102710202017 | വാർദ്ധക്യ കാല പെൻഷൻ | മംഗലപുരം | 1.08.20 | 6/22 വരെ<br>4x1400=5600<br>3x1500=4500<br>15x1600=24000 | 34100 |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (67, 27.7.22) രേഖകൾ പരിശോധിച്ച് അധികം നല്കിയ പെൻഷൻ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വർക്കല നഗരസഭയിലെ ഗുണഭോക്താക്കൾക്ക് മരണശേഷം നല്കിയ പെൻഷൻ തുക തിരികെ ഈടാക്കേണ്ടതും നഗരസഭയിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ മറ്റു പഞ്ചായത്തുകളിലെ ഗുണഭോക്താക്കളായിരുന്ന വ്യക്തികൾ നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള വിവരം അതാത് പഞ്ചായത്തുകളിൽ അറിയിക്കേണ്ടതും അവർ പെൻഷൻ മരണശേഷവും വാങ്ങിയിട്ടുണ്ടെങ്കിൽ തുടർ നടപടി സ്വീകരിക്കാൻ അറിയിക്കേണ്ടതുമാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.07.2022, 10.30AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 70,645/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1)ഓഫീസ് ഉത്തരവ് 19.02.2022 മുതലുള്ളതാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ആയതിനാൽ ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. 18.03.2022മുതലുള്ള സ്റ്റാഫ് മീറ്റിംഗ് രജിസ്റ്ററാണ് ലഭ്യമാക്കിയത്. റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

2) 2004ലെ കേരള മുനിസിപ്പാലിറ്റി (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021-22 വർഷം പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

3) ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് നഗരസഭ തലത്തിൽ മുനിസിപ്പൽ ചെയർമാൻ ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4)നഗരസഭയിൽ ടോക്കൺ സമ്പ്രദായം നടപ്പാക്കിയിട്ടില്ല.

5)പരാതി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

6)ചട്ടങ്ങൾ പാലിക്കാതെ, വാടക ഇനത്തിൽ 5330269/- രൂപ എഴുതി തള്ളിയിട്ടുണ്ട്.

7)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

8)വസ്തു നികുതിയുടെ പരിശോധനയിൽ, ഒട്ടേറെ അപാകങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

9)വാഹനപരിപാലനത്തിൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

10)ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളിൽ ഒട്ടേറെ അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

## 1-8 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ+ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്(AUEGS) | 232232 | 15050873 | 15283105 | 14971771 | 311334 |

2020-21 വർഷം നൽകിയ 285076/- രൂപയുടെ ചെക്കുകളുടെ വിവരം കാഷ് ബുക്കിൽ 2021-22 വർഷത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രികയിൽ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്കായി പ്രത്യേക ഹെഡിൽ വരവ് ചെലവുകൾ രേഖപ്പെടുത്തുന്നില്ല. 2020-21 സാമ്പത്തികവർഷത്തെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2020-21സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-460<br>അംഗങ്ങൾ-482 |
| 2020-21സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-403<br>തൊഴിലാളികൾ-406 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 75 |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | ഇല്ല |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | ഇല്ല |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 310 |
| അയൽക്കൂട്ടങ്ങളുടെ എണ്ണം | 317 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 250 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 171 |
| ആകെ വാർഡുകളുടെ എണ്ണം | 33 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 33 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 18 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 285 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 80 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 74 |

| | |
|---|---|
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 50525 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഇല്ല |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംപോണന്റ് | 11874770 |
| മെറ്റീരിയൽ കംപോണന്റ് | 264607 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 125 |
| 80-99 | 81 |
| 70-79 | 94 |
| 60-69 | 50 |
| 50-59 | 37 |
| 50 ൽ താഴെ | 59 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.07.2019 മുതൽ 22.07.2019 വരെ | 2013-14 മുതൽ 2018-19 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.05.2022 മുതൽ 28.06.2022 വരെ | 2019-20 മുതൽ 2021-22 വരെ | ലഭിച്ചില്ല |

## 1-10 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1) രസീത് ബുക്ക് വർഷാവസാനം ക്യാൻസൽ ചെയ്യാതെ വീണ്ടും ഉപയോഗിച്ചു

വസ്തുനികുതി പിരിക്കുന്നതിലേക്കായി 27.03.2021ൽ 65 -ാം നമ്പർ രസീത് ബുക്ക് അനുവദിച്ചിരുന്നു. പ്രസ്തുത ബുക്കിലെ നമ്പർ 6477 വരെയുള്ള രസീതുകൾ 2020-21 വർഷത്തിൽ വസ്തു നികുതി പിരിക്കുന്നതിനായി ഉപയോഗിച്ചിരുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം രസീത് ബുക്ക് ക്യാൻസൽ ചെയ്യാതെ 6478 മുതൽ 6500 വരെയുള്ള രസീതുകൾ 2021-22ൽ ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിലേക്കായി ഉപയോഗിച്ചു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/21.07.2022 ന ലഭ്യമാക്കിയ മറുപടി പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും, മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ ധരിപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഒരു സാമ്പത്തിക വർഷത്തേക്ക് അനുവദിക്കുന്ന രസീത് ബുക്കിലെ ഉപയോഗിക്കാതിരുന്ന രസീതുകൾ വർഷാവസാനം യഥാവിധം ക്യാൻസൽ ചെയ്യാത്തത് മൂലമാണ് അടുത്ത സാമ്പത്തിക വർഷത്തിൽ വീണ്ടും ഉപയോഗിക്കുന്ന സാഹചര്യം ഉണ്ടായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. രസീത് ബുക്കുകൾ ഉപയോഗിക്കുമ്പോൾ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുകയും, അപാകതകൾ കൂടാതെ ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്.

2)സഞ്ചയ സോഫ്റ്റ് വെയറിൽ കളക്ഷൻ വിവരങ്ങൾ രേഖപ്പെടുത്തിയതിലെ അപാകങ്ങൾ

A) വസ്തു നികുതി പരിച്ചെടുത്ത താഴെപ്പറയുന്ന മാന്വൽ രസീതിന്റെ തുക നഗരസഭയിൽ സാംഖ്യ രസീത് പ്രകാരം ഒടുക്ക വരുത്തിയിട്ടുണ്ടെങ്കിലും കളക്ഷൻ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടത്തിന്റെ കളക്ഷനിൽ പോസ്റ്റ് ചെയ്തിട്ടില്ല.

| Sl No | Ward No | Door No | Sub No | Owner Details | Receipt ID | Receipt Book No | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|---|---|
| 1 | 32 | 182 | - | മണികണ്ഠൻ | 0308 | 4 | 308 | 14/05/20 | 2020-2021 | 42 |

B) രസീത് ബുക്ക് നം. 2/2020, രസീത് നം.121 പ്രകാരം സുധീഷ് കുമാർ സി എന്ന വ്യക്തിയാണ് 2020-21 വർഷം വസ്തു നികുതി ഒടുക്ക് വരുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയയിൽ ഇതേ തീയതിയിലെ ഇതേ രസീതിൽ പ്രകാശൻ എന്ന വ്യക്തിയുടെ വസ്തു നികുതിയും രേഖപ്പെടുത്തിയിട്ടുണ്ട്.

| Sl No | Ward No | Door No | Owner Details | Receipt ID | Receipt Book No | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|---|
| 1 | 17 | 183(2) | സുധീഷ് കുമാർ സി | 121 | 2/20 | 121 | 20.05.20 | 2020 | 2308 |
| 2 | 21 | 304 | പ്രകാശൻ | 10172020359 | 2/20 | 121 | 30.04.20 | 2020 | 1523 |

C) രസീത് ബുക്ക് നമ്പർ 37/2020, രസീത് നമ്പർ 3609 പ്രകാരം കെ ശാരദ എന്ന വ്യക്തിയാണ് 2020-21 വർഷം വസ്തു നികുതി ഒടുക്ക് വരുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയയിൽ ഇതേ തീയതിയിലെ ഇതേ രസീതിൽ മഞ്ജു എന്ന വ്യക്തിയുടെ പേരിൽ വ്യത്യസ്ത തുകകൾ രണ്ടു തവണ പോസ്റ്റ് ചെയ്തതായി കാണുന്നു.

| Sl No | Ward No | Door No | Owner Details | Receipt ID | Receipt Book No | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|---|
| 1 | 19 | 226 | മഞ്ജു(കുന്നുംപുറത്തു വീട്,തച്ചൻകോണം,വർക്കല പി ഒ,695141) | 10172020667 | 37 | 3609 | 19.01.2021 | 2020 | 227 |
| 2 | 19 | 226 | മഞ്ജു(കുന്നുംപുറത്തു വീട്,തച്ചൻകോണം,വർക്കല പി ഒ,695141) | 3609 | 37 | 3609 | 19.01.2021 | 2020 | 290 |

D) 2020-2021 വർഷത്തിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ നികുതികൾ, ഫീസുകൾ എന്നിവ പിരിക്കുന്നതിലേക്കായി 1 മുതൽ 65 വരെ ക്രമ നമ്പറിലുള്ള രസീത്ബുക്കുകളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 2020 ൽ 95 -ാം നമ്പർ രസീത് ബുക്ക് ഉപയോഗിച്ച് നികുതി പിരിച്ചതായി സഞ്ചയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| Receipt ID | Receipt Book No | Receipt No | Receipt Date | Collection Year | Amount | Ward No | Door No | Owner Details |
|---|---|---|---|---|---|---|---|---|
| 1301720102192 | 95 | 9462 | 04-11-2020 | 2020 | 27956 | 25 | 588 | രാജേന്ദ്രബാബു |
| 10172021165 | 95 | 9464 | 09-11-2020 | 2020 | 9662 | 28 | 537 | എൻ.വിശ്വനാഥൻ, രാഗിണി |

E)രസീത് ബുക്ക് നമ്പർ 10 ലെ കളക്ഷൻ സഞ്ചയ സോഫ്റ്റ് വെയറിൽ പോസ്റ്റ് ചെയ്തതിൽ രസീത് ബുക്ക് നമ്പർ രേഖപ്പെടുത്തേണ്ട സ്ഥലത്ത് മാസവും വർഷവും ചേർത്തിരിക്കുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/21.07.2022 ന ലഭ്യമാക്കിയ മറുപടി പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും, മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ ധരിപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സഞ്ചയയിൽ കളക്ഷൻ വിവരങ്ങൾ പോസ്റ്റ് ചെയ്യുമ്പോൾ അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-11 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക IIൽ ക്രമ നമ്പർ 54 പ്രകാരം റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ നഗരസഭകൾക്ക് അധികാരമുണ്ട്. എന്നാൽ നഗരസഭയുടെ 1 മുതൽ 33 വാർഡുകളുടെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ റേഷൻ കടകൾക്ക് ഒന്നുംതന്നെ ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 37/23.07.2022 ന് ലഭിച്ച മറുപടി പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലും ഓഡിറ്റ് ഈ വിഷയം ചൂണ്ടിക്കാണിച്ചിട്ടും നഗരസഭയുടെ വരുമാന വർദ്ധനവിനായി ഇക്കാര്യത്തിൽ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല എന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും കൗൺസിലിന്റെയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

### 1-12 വളർത്തു നായകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 437 പ്രകാരം നഗരസഭയിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായ്ക്കളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നഗരസഭ പരിധിയിൽ 1000 വളർത്തുനായകൾ ഉള്ളതായും 900 വളർത്തുനായകൾക്ക് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക, ലൈസൻസ് രജിസ്റ്റർ എന്നിവ പ്രകാരം 5 നായകൾക്ക് മാത്രമാണ് 2020-21 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 37/23.07.2022ന് ലഭ്യമാക്കിയ മറുപടി പ്രകാരം പ്രസ്തുത കാലയളവിൽ കോവിഡ് മൂലം നഗരസഭയിൽ പൊതുജനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിയതിനാലാണ് നായകൾക്ക് ലൈസൻസ് നൽകിയതിന്റെ എണ്ണം ഗണ്യമായി കുറഞ്ഞതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും സമാന പരാമർശം ഉള്ളത് ശ്രദ്ധയിൽപെടുത്തുന്നു. വളർത്ത് നായ്ക്കൾക്ക് വാക്സിനേഷൻ നൽകുന്നതിനും ലൈസൻസ് അനുവദിക്കുന്നതിനും നഗരസഭയുടെ ഭാഗത്തുനിന്നുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

### 1-13 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 507, 1999ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭ പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം നഗരസഭ ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ചട്ടം 5(1) പ്രകാരം അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം ഒരു സ്ഥാപനം (സി . പ്രഭുലാൽ, പ്ലാനറ്റ് കംപ്യൂട്ടർ എഡ്യൂക്കേഷൻ, വാർഡ്:25 ) മാത്രമാണ് 2020 -21 സാമ്പത്തിക വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. നഗരസഭയുടെ 1 മുതൽ 33 വരെയുള്ള വാർഡുകളിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചെങ്കിലും ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്ന നിലയിലുള്ള രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടില്ല .

| ക്രമ നമ്പർ | കെട്ടിട നമ്പർ/ വാർഡ് | ഉടമസ്ഥൻ | സ്ഥാപനം |
|---|---|---|---|
| 1 | 331(4)/12 | വികാസ് ആർ എ | ഗ്ലോബൽസർവ്വേ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് |
| 2 | 31(6),331(7)/12 | ചന്ദ്രബാബു സി | ട്യൂഷൻ സെന്റർ |
| 3 | 374(4)/24 | | സൈബർ ടെക് സൊല്യൂഷൻസ് |
| 4 | 384/24 | ജ്യോതിഷ് കുമാർ ഡി | ഡാറ്റാസോഫ്റ്റ് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ ആൻഡ് ലേർണിംഗ് |

| | | | |
|---|---|---|---|
| 5 | 425/14 | സദാശിവൻ | സംഗീത അക്കാദമി |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 37/23.07.2022.2022 ന ലഭ്യമാക്കിയ മറുപടി പ്രകാരം രജിസ്റ്റർ ചെയ്യാത്ത ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് പ്രസ്തുത വിഷയം ചൂണ്ടിക്കാട്ടി നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയതിനു ശേഷമാണ് പ്രവർത്തിക്കുന്നതെന്ന് നഗരസഭ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു

A)വിവിധ കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഉപയോഗ ക്രമവും ലൈസൻസ് അനുവവദിച്ചിരിക്കുന്ന ഉപയോഗ ക്രമവും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പാർപ്പിടങ്ങൾ /വീട് എന്ന വിഭാഗത്തിൽ നമ്പർ നൽകിയ കെട്ടിടങ്ങളിൽ ലോഡ്ജുകളും, ഇതര സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതിനായി ലൈസൻസ് അനുവദിച്ചു. വാർഡ് 28 മാത്രം പരിശോധിച്ചതിലെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥൻ | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ഉപയോഗ ക്രമം | സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | 28/667 | മധുസൂദനൻ പിള്ള | ലോഡ്ജിങ് | പാർപ്പിടങ്ങൾ /വീട് |
| 2 | 28/595 | ആർ.പ്രസന്നൻ | ലോഡ്ജിങ് | പാർപ്പിടങ്ങൾ /വീട് |
| 3 | 28/658 | മധുസൂദനൻ പിള്ള | ലോഡ്ജിങ് | പാർപ്പിടങ്ങൾ /വീട് |
| 4 | 28/573 | മിനി ഓസ്കാർ | ലോഡ്ജിങ് | പാർപ്പിടങ്ങൾ /വീട് |
| 5 | 28/563 | ഓസ്കാർ ആനന്ദ് | ട്രാവൽ ഏജൻസി | പാർപ്പിടങ്ങൾ /വീട് |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 35 /22.07.2022 ന ലഭ്യമാക്കിയ മറുപടി പ്രകാരം ഉദാഹരണമായി നൽകിയ കെട്ടിടങ്ങളിൽ ഒരു കെട്ടിടത്തിന്റെ(667/ 28 ) ഉപയോഗം മാത്രമാണ് അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം ലഭ്യമായതെന്നും ബാക്കിയുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം അസ്സസ്മെന്റ് രജിസ്റ്ററിൽ ലഭ്യമല്ലായെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടങ്ങളുടെ ഉപയോഗ ക്രമം രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിടങ്ങളുടെ ഉപയോഗക്രമം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പ്രാഥമിക പരിശോധന നടത്തിയതിൽ വീഴ്ച വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. കെട്ടിടങ്ങളുടെ ഉപയോഗക്രമം, മറ്റു സാഹചര്യങ്ങൾ എന്നിവ പരിശോധിച്ച ശേഷം ലൈസൻസ് അനുവദിക്കുന്നതിനും അസ്സസ്മെന്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണമായും കൃത്യമായും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

B) ലൈസൻസ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രേഖകൾ എന്നിവ പരിശോധിച്ചതിൽ, നഗരസഭയുടെ 28 -ാം വാർഡിൽ മാത്രം പാർപ്പിട, വ്യാവസായിക ആവശ്യങ്ങൾക്കായി നമ്പർ നൽകിയിരിക്കുന്ന വിവിധ കെട്ടിടങ്ങളിൽ ആയുർവേദ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകിയിരുന്നതായി കാണുന്നു. പ്രസ്തുത സ്ഥാപനങ്ങൾ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ നടത്തുന്നതിനാവശ്യമായ രജിസ്ട്രേഷൻ എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | ലൈസൻസ് എടുത്തിരിക്കുന്ന വ്യക്തി | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ഉപയോഗ ക്രമം | സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം |
|---|---|---|---|---|---|
| 1 | 20/1 | സജി | Dr.സഹിൻ.എച്ച് | ആയുർവേദ ക്ലിനിക്/ മെഡിസിൻ സ്റ്റോറിങ് | പാർപ്പിടാവശ്യം/ വീടുകൾ |
| | 21 | ഫസീല ബീവി | | | പാർപ്പിടാവശ്യം/ വീടുകൾ |
| 2 | 70-77 | വി പ്രകാശ് | സിബിച്ചൻ പി ജോർജ് | ആയുർവേദ ക്ലിനിക് | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ ആഡിറ്റോറിയം,etc |
| 3 | 128 | ജെ അനിൽ കുമാർ | ഷീല.എസ് | ആയുർവേദ ക്ലിനിക്/ ലോഡ്ജിങ് | റിസോർട്ടുകൾ |
| 4 | 130 | അനിൽ കുമാർ | അനിൽ കുമാർ | ആയുർവേദ ക്ലിനിക്/ മെഡിസിൻ സ്റ്റോറിങ് | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ ആഡിറ്റോറിയം,etc |
| 5 | 228 | എൻ സഹദേവൻ | ഷയാസ് നാസർ | ക്ലിനിക് | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ ആഡിറ്റോറിയം,etc |
| 6 | 289 | എൻ നസീല ബീവി | ഇന്നസെന്റ് ബോസ് | ആയുർവേദ ട്രീറ്റ്മെന്റ്/ | പാർപ്പിടാവശ്യം/ വീടുകൾ |

| | | | | | |
|---|---|---|---|---|---|
| | | | | മെഡിസിൻ സ്റ്റോറിങ് | |
| 7 | 325 | ടി എം നജീബ് | ജയരാജ് സി ജി | ആയുർവേദ ക്ലിനിക് | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ ആഡിറ്റോറിയം,etc |
| 8 | 326 | സമീറ | Dr.ബിന്ദു അജയകുമാർ | ആയുർവേദ ക്ലിനിക് | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ ആഡിറ്റോറിയം,etc |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 35 ന ലഭ്യമാക്കിയ മറുപടി പ്രകാരം ഏതാനം സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയതായും മറ്റു സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ലാത്തതായും അറിയിച്ചു. രജിസ്ട്രേഷൻ വിവരങ്ങൾ രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. ചില സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നതിൽ കാലതാമസം വന്നു എങ്കിലും കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 314 പ്രകാരമുള്ള പിഴ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. പ്രസ്തുത ക്ലിനിക്കുകൾക്ക് കെട്ടിടങ്ങളുടെ ഉപയോഗ ക്രമം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചതിൽ പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയങ്ങളിൽ പരിശോധന നടത്തി അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി- അപാകങ്ങൾ

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245 പ്രകാരം നഗരസഭാ പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വകുപ്പിന്റെയും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ, നഗരസഭ തൊഴിൽ നികുതി ഈടാക്കിയതിന്റെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-15-1 തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

A) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21 ലെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | കെ.എസ്.എഫ്.ഇ, വർക്കല | ഒന്നാം അർദ്ധവർഷം |
| 2 | സൗത്ത് ഇന്ത്യൻ ബാങ്ക്, വർക്കല | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 3 | ഫെഡറൽ ബാങ്ക്, വർക്കല | ഒന്നാം അർദ്ധവർഷം |
| 4 | DDRC SRL Diagnostics Pvt Ltd. | രണ്ടാം അർദ്ധവർഷം |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ്, വർക്കല-1 | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 6 | മുത്തൂറ്റ് ഫിൻകോർപ്പ്, വർക്കല-11 | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 7 | മുത്തൂറ്റ് ഫിൻകോർപ്പ്, പുത്തൻചന്ത | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 8 | മുത്തൂറ്റ് ഫിൻകോർപ്പ്, നടയറ | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 9 | മുത്തൂറ്റ് ഫിൻകോർപ്പ്, പുന്നമൂട് | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 10 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ,വർക്കല | ഒന്നാം അർദ്ധവർഷം |
| 11 | യൂണിമണി ഫിനാൻഷ്യൽ സർവ്വീസ്,വർക്കല | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 12 | യൂക്കോ ബാങ്ക്, വർക്കല | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 13 | അലഹബാദ് ബാങ്ക്, വർക്കല | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 14 | കാനറ ബാങ്ക്, വർക്കല | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 15 | ഗോകുലം ചിട്ടി & ഫിനാൻസ്, വർക്കല | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |

B) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരമുള്ള നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 വർഷത്തെ വിവിധ കാലയളവിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| 1 | ബജാജ് അലയൻസ്, വർക്കല | ഒന്നാം അർദ്ധവർഷം |
| 2 | റിലയൻസ് റീട്ടെയിൽ ,വർക്കല | രണ്ടാം അർദ്ധവർഷം |
| 3 | വെറ്റിനറി ഡിസ്പെൻസറി, വർക്കല | രണ്ടാം അർദ്ധവർഷം |
| 4 | മുത്തൂറ്റ് ഫിനാൻസിയേഴ്സ്, വർക്കല | രണ്ടാം അർദ്ധവർഷം |
| 5 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, വർക്കല | രണ്ടാം അർദ്ധവർഷം |

C) തൊഴിൽ നികുതി പത്രിക പൂർണമല്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം ജീവനക്കാരുടെ വരുമാനം സംബന്ധിച്ച് മറ്റ് അലവൻസുകൾ ഉൾപ്പെടെ എല്ലാ രേഖപ്പെടുത്തലുകളും ഉൾപ്പെടുത്തിയാണ് സ്ഥാപനങ്ങൾ IV-ാം നമ്പർ ഫാറത്തിൽ ലിസ്റ്റ് സമർപ്പിക്കേണ്ടത്. എന്നാൽ പല സ്ഥാപനങ്ങളും 2020-21 വർഷം സമർപ്പിച്ച പത്രികയിൽ ജീവനക്കാരുടെ ശമ്പളത്തെ സംബന്ധിച്ച വിവരങ്ങൾ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്താതെ ആകെ അർദ്ധവാർഷിക വരുമാനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം- ആക്സിസ് ബാങ്ക്, ഐ.സി.ഐ.സി ബാങ്ക്

ആയതിനാൽ ജീവനക്കാർക്ക് വിവിധ ഇനങ്ങളിൽ ലഭിച്ച തുകകൾ പൂർണമായും ഉൾപ്പെടുത്തിയാണോ നികുതി കണക്കാക്കിയതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

D) 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ച സ്ഥാപനങ്ങളെ 2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സാരഥി മോട്ടോഴ്സ് |
| 2 | പോൾ മർച്ചന്റ് |

| | |
|---|---|
| 3 | യു.എ.ഇ എക്സ്ചേഞ്ച് |
| 4 | ദ്വാരക ഹോട്ടൽ |
| 5 | മംഗള മെഡിക്കൽ സ്റ്റോർ |
| 6 | കെയർ ഫെസിലിറ്റീസ് മാനേജ്മെന്റ് |

E) സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നില്ല

സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ/ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ലൈസൻസ് അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം കൃത്യമായി പരിശോധിച്ച് രേഖപ്പെടുത്തുന്നില്ല. നഗരസഭയിലെ 28-ാം വാർഡിലെ ലൈസൻസ് രജിസ്റ്റർ/ട്രേഡേഴ്സ് ലിസ്റ്റിലെ ഏതാനും രേഖപ്പെടുത്തലുകൾ മാത്രം പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 28/110-119,124(1-6),126-127 | സുജാതൻ.സി.എസ് | അഖിൽ ബീച്ച് & റസ്റ്റോറന്റ് |
| 2 | 28/137-140,145-148 | സുജാതൻ.സി.എസ് | നിഖിൽ റെസിഡൻസി |
| 4 | 28/200-210 | സുജാതൻ.സി.എസ് | ക്ലോഫോട്ടി ബീച്ച് റിസോർട്ട് |
| 5 | 28/860/1 | ആർ.എസ്. ഗാന്ധി | പദ്മ തീർത്ഥ ഇൻ |
| 6 | 28/703 | ജനറൽ മാനേജർ | ഗേറ്റ് വേ ഹോട്ടൽ |
| 7 | 28/597 | ഷിനു.എസ്.എസ് | എസ്.എസ് ബീച്ച് റിസോർട്ട് |

അപാകത A,B,C,D എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 18/21.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത E സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 39/23.07.2022 ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷയിലെ അന്വേഷണ റിപ്പോർട്ടിൽ ജീവനക്കാരുടെ എണ്ണം ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ എല്ലാ വാർഡുകളും പരിശോധിച്ച് തൊഴിൽ നികുതി ഒടുക്കു വരുത്താത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതും തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ തൊഴിൽ നികുതി നിർണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15-2 ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ നഗരസഭ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2020-21 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഡബ്ല്യൂ.പി.സി 16670/06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 18/21.07.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സ്ഥാപന തൊഴിൽ നികുതി കുടിശ്ശികയടക്കം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15-3 ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List Of Licence Holders Under Kerala Money Lenders Act 1958 As On 15-May-2014)നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| Lisence No. | Dealer Name | Business Name | Business Address |
|---|---|---|---|
| 32010557084 | GOVINDAPILLAI | AMMU FINANCE | AMMU FINANCE , VMC III/300C, KURAKKANNI, III, KURAKKANNI, |
| 32010563182 | VIJAYAKUMAR.G | ANANYA FINANCE | ANANYA FINANCE, XXIV/52-A, MUNDAYIL, XXIV, |
| 32010554518 | SREEMATHI AMMA | ARGHYA FINANCIERS,,PUNNAMOODU | ARGHYA FINANCIERS, XXXII/135, PUNNAMOODU,,VARKALA, XXXII/135, |
| 32010525538 | GANGADHARAN | GOLDSTAR BANKERS | GOLDSTAR BANKERS, 16, SREENIVASAPURAM, 16, VARKALA, SREENIVASAPURAM |
| 32010552415 | SUJATHAN | KADAMBARI AUTO FINANCE | KADAMBARI AUTO FINANCE, VMC IX/08, VARKALA, IX, NEAR STAR CINE HOUSE, |
| 32010501273 | SUDHEER | KANNAN FINANCIERS | KANNAN FINANCIERS, 414, MUNICIPALITY, 15, VARKALA, MUTTAPPALAM |

| | | | |
|---|---|---|---|
| 32010594682 | LAL | KARINKADA FINANCE | VP/1/395 KADAKKAVOOR ROAD,PUTHEN CHANTHA,VARKALA |
| 32010545057 | S.SARALA BAI | KIZHAKKATHIL FINANCE | V.R.M COTTAGE, VMC-165, VARKALA, V, PULLANICODE, VARKALA, PULLANICODE |
| 32010524998 | MOHANAN.T | LEKSHMI FINANCE | LEKSHMI FINANCE, IV/396A, PUNNAMOODU, IV, VARKALA, VARKALA |
| 32010559108 | VIJAYAN | LEKSHMI FINANCE | Palavila Puthen Veedu, 258, Varkala, 3, Varkala, Vadasserikonam P.O |
| 32010592048 | PREEJA | MEDAYIL FINANCE | MEDAYIL FINANCE , VMC X/1355, PUNNAMOODU, X, VARKALA, VARKALA |
| 32010546868 | NILA FINANCIERS | NILA FINANCIERS | KALINDHI, VMC VI/134B, JAWAHAR PARK,MUNDAYIL,, VI, MUNDAYIL, |
| 32010590261 | RAJENDRABABU | PARVATHY FINANCIERS | PARVATHY BUILDING, 416,417,418, PUTHENCHANTHA, 1, PUTHENCHANTHA, |
| 32010562822 | HARAN | POPULAR CHITS& FINANCE | SREE SAILAM, 307, MAIDANAM, 21, VARKALA, VARKALA |
| 32010547948 | POPULAR FINANCE | POPULAR FINANCE | TITU PLAZA, 180/T, VARKALA, XVIII, VARKALA, VARKALA |
| 32010564396 | PRABHAKARAN NAIR | PREETH FINANCE | PARAYIL THARAVADU, 28 C, NEAR L.P SCHOOL, KURAKKANNI, IV, |
| 32010599812 | DHARMARAJ.M | PRIYANKA FINANCE | PRIYANKA FINANCE, VMC V/86A, KURAKKANNI, 5, VARKALA, VARKALA |
| 32010572799 | JOSE.S | PUNYAS FINANCE | PUNYAS FINANCE , CP VI/275, AYANTHI, VI, AYANTHI, VARKALA |
| 32010507742 | PRAKASH | S.P.FINANCIERS | PRASANTH BHAVAN, CPIX/1364, JANATHA JUNCTION, IX, PALAYAMKUNNU |
| 32010578471 | BRAHMAVRATHAN | SOBHA FINANCIERS | PKS BUILDING, C32-34(4), ANCHUMUKKU,ODAYAM, 11, ODAYAM, |
| 32010574814 | RAGHAVAN | THENGUVILA FINANCIERS | THENGUVILAYIL FINANCIERS, 210, PUTHECHANTHA, II, |

| | | | |
|---|---|---|---|
| | | | PUTHENCHANTHA, |
| 32010501587 | NIRMALADEVI | THINAVILA FINANCE | THINAVILA FINANCE, CP XII/688 B, CHAVADIMUKKU, XII, MUTTAPPALAM, |
| 32010512128 | SATHYAN | V.V.K. FINANCIERS | V.V.K. FINANCIERS, VMC IX/407D, KARUNILAKKODU, IX, KARUNILAKKODU, |
| 32010587447 | JANARDANAN NAIR | VINAYAKA FINANCE | AARAMAM, 542, VENKULAM, 5, VARKALA, VARKALA |
| 32010541176 | MOHANALAL | VRINDAVAN FINANCE | PALAYAMKUNNU, III, PALAYAMKUNNU ,, 3, VARKALA , VARAKALA |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 09/20.07.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-4 നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (10) പ്രകാരം കരാറുകാരിൽ നിന്നും ഓരോ അർദ്ധവർഷവും 1,250/- രൂപ വീതം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭ നടപ്പാക്കിയ വിവിധ പദ്ധതികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 09/20.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുടർ നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-15-5 വാഹന ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (9) പ്രകാരം മോട്ടോർ വാഹന നിയമപ്രകാരം വാടകയ്ക്ക് അല്ലെങ്കിൽ സ്റ്റേജ് കാരിയേജ് അല്ലെങ്കിൽ ഗുഡ്സ് കാരിയേജായി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ 2020-21 വർഷം ഇപ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 09/20.07.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മേൽ വാഹന ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-15-6 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 09/20.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-16 വിനോദ നികുതിയിനത്തിലെ വരവ്-ഫയലുകൾ ഹാജരാക്കിയില്ല

വാർഷിക ധനകാര്യ പത്രികയിലെ റെസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ടാക്സ് റവന്യൂ ഇനത്തിൽ 110160100-Entertainment Tax എന്ന ഹെഡിൽ 93599/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന വിമല, എസ്.ആർ, സ്റ്റാർ എന്നീ തിയേറ്ററുകൾക്കായി വിനോദ നികുതിയിനത്തിൽ രജിസ്റ്ററുകൾ പ്രത്യേകം സൂക്ഷിക്കുന്നുണ്ട്. എന്നാൽ 2020-21 വർഷത്തെ വരവിനത്തെ സംബന്ധിച്ച രേഖപ്പെടുത്തൽ ഒന്നും തന്നെ രജിസ്റ്ററുകളിൽ ഇല്ല. വിനോദ നികുതിയിനത്തിലെ വരവ് പരിശോധിക്കുന്നതിനായി മറ്റ് രജിസ്റ്ററുകളോ ഫയലുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.68/27.07.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വരവിനത്തിലെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 ലേലം - അപാകങ്ങൾ

1)ലേല വ്യവസ്ഥകൾ പാലിച്ചില്ല

നഗരസഭയുടെ 2020 -21 ലെ ലേല വ്യവസ്ഥകൾ പ്രകാരം, ലേലം സ്ഥിരപ്പെടുത്തിക്കഴിഞ്ഞാൽ നിയമാനുസൃതമായ നികുതികൾ ഉൾപ്പെടെ ലേലത്തുകയുടെ 1/3 വരുന്ന തുകയും മതിയായ സോൾവെൻസിയും ഹാജരാക്കിയിട്ടുള്ള ലേലക്കാർ 200 രൂപയുടെ മുദ്രപത്രത്തിൽ നഗരസഭ അംഗീകരിച്ച നിബന്ധനകൾ എഴുതിയ കരാർ എഴുതി ഹാജരാക്കേണ്ടതാണ്. എന്നാൽ, 2020 -21 ലെ ലേല ഫയലുകളുടെ ഒപ്പം കരാറുകൾ ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 56/25.07.2022ന ലഭ്യമാക്കിയ മറുപടിയിൽ ഈ വിഷയം പരാമർശിച്ചിട്ടില്ല. മുൻ ലേലങ്ങൾ റവന്യൂ റിക്കവറി അടക്കമുള്ള നടപടികളിലേക്ക് എത്തിയ സാഹചര്യത്തിൽ നഗരസഭ നടത്തുന്ന ലേലങ്ങളിൽ വ്യവസ്ഥകൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2)ലേല കുടിശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ലേല രജിസ്റ്റർ പ്രകാരം ലഭ്യമായ കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | അരിയർ | | | കറന്റ് | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | ലേല ഇനം | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് |
| 1 | പുന്നമൂട് മാർക്കറ്റ് | 686392 | 117335 | 569057 | 1253000 | 689000 | 564000 | 1939392 | 806335 | 1133057 |
| 2 | മൈതാനം കംഫോർട് സ്റ്റേഷൻ | - | - | - | 43000 | 33612 | 9388 | 43000 | 33612 | 9388 |
| 3 | മുനിസിപ്പൽ ബസ്സ്റ്റാൻഡ് | - | - | - | 357500 | 238333 | 119167 | 357500 | 238333 | 119167 |
| 4 | രഘുനാഥപുരം ഗ്രൗണ്ട് | - | | | 121500 | 91500 | 30000 | 121500 | 91500 | 30000 |
| 5 | വാവുകട മാർക്കറ്റ് | 35076 | | 35076 | 36750 | 24500 | 12250 | 71826 | 24500 | 47326 |
| 6 | ഹെലിപാഡ് കംഫോർട് സ്റ്റേഷൻ | 6667 | | 6667 | - | - | - | 6667 | 0 | 6667 |
| 7 | സ്ലോട്ടർ ഹൗസ് | 111591 | | 111591 | 145000 | 109553 | 35447 | 256591 | 109553 | 147038 |
| | ആകെ | 839726 | 117335 | 722391 | 1956750 | 1186498 | 770252 | 2796476 | 1303833 | 1492643 |

പ്രസ്തുത തുകകൾ പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 56/25.07.2022ന ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമനമ്പർ 1 പുന്നമൂട് മാർക്കറ്റിന്റെ ലേലകുടിശ്ശിക ഇനത്തിലെ തുകയായ 1133057 രൂപയിൽ 229054 രൂപ ഒഴികെ ബാക്കി തുകയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായും 229054 രൂപ ചാർജ് നടപടി സ്വീകരിച്ചതിന്റെ ഭാഗമായി ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്നും ഈടാക്കാനുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 2, 4, 5 എന്നീ ലേല ഇനങ്ങളുടെ കുടിശിക ഒടുക്കിയതായും മുനിസിപ്പൽ ബസ് സ്റ്റാൻഡ് ഫീസ് പിരിവ്, സ്ലോട്ടർ ഹൗസ് എന്നീ ലേല ഇനങ്ങളിൽ നിന്നുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനു റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്. 2019 -20 വർഷത്തിൽ ശ്രീ ഗോപാലകൃഷ്ണൻ, ടൂറിസം ഡെവലപ്പ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ലേലം കൊണ്ട ഹെലിപാഡ് കംഫർട് സ്റ്റേഷൻ ജല ദൗർലഭ്യത്തെ തുടർന്ന് പ്രവർത്തിക്കാത്ത സാഹചര്യം ഉണ്ടായെന്നും അതിനാൽ ലേല തുക ഒടുക്കുന്നതിനെ സംബന്ധിച്ച വിഷയം നഗരസഭാ കൗൺസിലിൽ അവതരിപ്പിച്ച് തീരുമാനപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ ധരിപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)വരവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല

നഗരസഭയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരം താഴെപ്പറയുന്ന ഹെഡിൽ വരുമാനം ലഭിച്ചിട്ടുണ്ട്. ഇവയുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 59/25.07.2022ന മറുപടി ലഭ്യമാക്കിയിട്ടില്ല. വരവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

| CODE.NO | PARTICULARS | AMOUNT |
|---|---|---|
| 150100300 | Sale Of Usufructs | 16898 |

## 1-18 വസ്തു നികുതി നിർണയം - അപാകങ്ങൾ

1994 കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 230, 231, 233, 2011 -ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭയിൽ നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-18-1 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ കെട്ടിടം - തെറ്റായ നികുതി നിർണയം നടത്തി

സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, 60 ച.മീറ്ററിന് മുകളിൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. നഗരസഭയിലെ 17 മുതൽ 30 വരെയുള്ള വാർഡുകൾ മാത്രം പരിശോധിച്ചതിൽ ഇത്തരത്തിൽ നികുതി ഇളവ് നൽകിയ ചില കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | വാർഡ്/കെട്ടിട | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|

| നമ്പർ | നമ്പർ | | | |
|---|---|---|---|---|
| 1 | 24/288 | ജനാർദ്ദനൻചെട്ടിയാർ | പാർപ്പിടം | 400 $M^2$ |
| 2 | 26/165 | നാഗമ്മ | പാർപ്പിടം | 300 $M^2$ |
| 3 | 24/222 | പുരുഷോത്തമൻ | പാർപ്പിടം | 150 $M^2$ |
| 4 | 24/87 | ലെയ്സി | പാർപ്പിടം | 120 M2 |
| 5 | 24/133 | കൊച്ചുകൃഷ്ണൻ | പാർപ്പിടം | 120m2 |
| 6 | 24/256 | ബേബി | പാർപ്പിടം | 100m2 |
| 7 | 24/165 | ദിരാറ | പാർപ്പിടം | 80 M2 |
| 8 | 24/260 | നന്ദിനി | പാർപ്പിടം | 80 M2 |
| 9 | 24/285 | ധർമ്മശീലൻ ആചാരി | പാർപ്പിടം | 80 M2 |
| 10 | 19/214 | അലിഹസ്സൻ | പാർപ്പിടം | 80 M2 |
| 11 | 24/257 | മണിയൻ | പാർപ്പിടം | 64 M2 |
| 12 | 24/258 | സായിഭാബീവി | പാർപ്പിടം | 64 M2 |
| 13 | 24/259 | വേലു | പാർപ്പിടം | 64 M2 |
| 14 | 20/118 | എം.സെയ്യാ ബദീൻ | പാർപ്പിടം | 63 M2 |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.03/18.07.2022 നുള്ള മറുപടിയിൽ വിശദാംശങ്ങൾ പരിശോധിച്ച് ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ എല്ലാ വാർഡുകളും പരിശോധിച്ച് ഇത്തരത്തിൽ നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച്, കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18-2 വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിർണയത്തിലെ അപാകം

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് നഗരസഭ പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 90/- രൂപയാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ളത്. വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) നഗരസഭയിൽ സ്ഥിതി ചെയ്യുന്ന 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന വാണിജ്യകെട്ടിടങ്ങളെ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 14/431 | അൻവർ | ഷോപ്പുകൾ | 112.4 $M^2$ |
| 2 | 24/331 | രവീന്ദ്രൻ | ഷോപ്പ് | 135 $M^2$ |
| 3 | 24/523/1 | ഡോ. വിജയൻ | ഷോപ്പ് | 125.54 $M^2$ |
| 4 | 25/968/2 | കാർത്തിക് | ഷോപ്പ് | 181.4 $M^2$ |
| 5 | 28/506 | അബ്ദുൾ മനാഫ് | റെസ്റ്റോറന്റുകൾ | 248.63 $M^2$ |

B) നഗരസഭയിൽ സ്ഥിതി ചെയ്യുന്ന 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന അനധികൃത കെട്ടിടങ്ങളെ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 21/346/UA1 | ബിജു | റസ്റ്റോറന്റ് | 132.12 $M^2$ |
| 2 | 28/23/UA13 | കബീർ | റസ്റ്റോറന്റ് | 103 $M^2$ |
| 3 | 28/99/1-ua1 | രഞ്ജിത്ത് | റസ്റ്റോറന്റ് | 132.75 $M^2$ |
| 4 | 28/241/ua7 | ചന്ദ്രകുമാർ | ഷോപ്പ് | 112 $M^2$ |
| 5 | 28/437/ Ua 1 | നസിമുദ്ദീൻ | ഷോപ്പ് | 251.05 $M^2$ |
| 6 | 28/614/ua3 | സോമൻ | റസ്റ്റോറന്റ് | 489.6 $M^2$ |
| 7 | 28/615/ua10 | രാജേഷ് | റസ്റ്റോറന്റ് | 255.3 $M^2$ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.04/19.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത A യ്ക്കുള്ള മറുപടിയിൽ 27/04/2015 ലെ സ.ഉ.എം.എസ്.144/15ത.സ്വ.ഭ.വ പ്രകാരം ക്രമ നം. 1 മുതൽ 3 വരെയുള്ള കെട്ടിടങ്ങളുടെ തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിലുള്ള വാർഷിക നികുതി വർധനവ് 100% ൽ അധികരിക്കുന്നതിനാലാണ് ഇപ്രകാരത്തിൽ നികുതി നിർണയം നടത്തിയതെന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ നിന്നും നികുതി 100% അധികരിച്ചിട്ടില്ല എന്ന് കാണാം. അപാകത Bയ്ക്കുള്ള മറുപടിയിൽ നഗരസഭാ പരിധിയിൽ സീസൺ കഴിഞ്ഞും പൊളിച്ച് മാറ്റാത്ത താത്കാലിക ഷെഡുകളെ സെക്രട്ടറിയുടെ നിർദ്ദേശത്തെ തുടർന്ന് അനധികൃത നിർമ്മാണമായി അസസ്സ് ചെയ്തിട്ടുള്ള കെട്ടിടങ്ങളാണ് ഇവയെന്നും അന്യസംസ്ഥാനങ്ങളിലെ കച്ചവടക്കാരായതിനാൽ തന്നെ ഇവരിൽ നിന്നും നികുതി ഈടാക്കാൻ സാധിക്കുന്നില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. അതിനാൽ അന്വേഷണം നടത്തി പിരിച്ചെടുക്കാൻ പറ്റാത്ത തുക എഴുതി തള്ളുന്നതാണന്നും അറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടങ്ങൾക്ക് തെറ്റായ നികുതി നിർണയം നടത്തിയതിനാൽ നഗരസഭ തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18-3 ആരാധനാലയങ്ങളിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി ഈടാക്കി

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് [സെക്ഷൻ 235(1(എ)] പ്രകാരം പൊതു ആരാധനാലയങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ആരാധനാലയങ്ങളിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം | നാളിതുവരെ ഈടാക്കിയ നികുതി |
|---|---|---|---|---|---|
| 1 | 33/379/2 | പ്രസിഡൻറ് കുറ്റിക്കാട് ഭഗവതിക്ഷേത്രം | ആരാധനാലയങ്ങൾ | 25 ച.മീ | 348/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 32/22.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2019-20 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഇതേ അപാകതയെ കുറിച്ച് പരാമർശിച്ചപ്പോൾ നിലവിൽ സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നാണ് അറിയിച്ചത്. എന്നാൽ അപാകത ഇപ്പോഴും നിലനിൽക്കുന്നുണ്ട്. വസ്തു നികുതി ഡിമാന്റ്

രേഖപ്പെടുത്താത്ത കെട്ടിടങ്ങളുടെ കളക്ഷൻ രേഖപ്പെടുത്തിയത് നഗരസഭയുടെ ഭാഗത്തെ പിഴവാണ്. നികുതി തുക രേഖപ്പെടുത്തുമ്പോൾ ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18-4 പൊളിച്ചുനീക്കിയ കെട്ടിടങ്ങളുടെ നികുതി കടിശ്ശിക ഈടാക്കിയില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ, സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ ഡിമാന്റ് ചെയ്ത കാലയളവിലെ നികുതി പൂർണമായും പിരിച്ചെടുക്കാതെ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഫയൽ നമ്പർ / തീയതി | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | നികുതി ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ തുക |
|---|---|---|---|---|---|---|---|
| 1 | R1-2029/2021 /26.03.2021 | 20/362/1 | സലിം | പാർപ്പിടം | 115 $M^2$ | 2013 രണ്ടാം അർദ്ധവർഷം മുതൽ 2020രണ്ടാം അർദ്ധ വർഷം വരെ | 7597/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 21/21.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി തുക പൂർണമായും ഈടാക്കാതെ കെട്ടിടങ്ങളെ ഡെമോളിഷൻ വിഭാഗത്തിൽ ഉൾപ്പെടുത്തിയത് ഗുരുതരമായ വിഴ്ചയാണ്. ഒഴിവാക്കി നൽകിയ വസ്തു നികുതി തുക, കെട്ടിട ഉടമയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18-5 കെട്ടിടങ്ങളെ നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 235-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 233-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നഗരസഭയിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ 30-ാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| വാർഡ് 30 | | |
|---|---|---|
| Missing From | Missing To | Missing Total |
| 71 | - | 1 |
| 78 | - | 1 |
| 95 | - | 1 |
| 105 | - | 1 |
| 110 | - | 1 |
| 168 | - | 1 |
| 170 | - | 1 |
| 201 | - | 1 |

| | | |
|---|---|---|
| 212 | - | 1 |
| 214 | - | 1 |
| 248 | - | 1 |
| 274 | - | 1 |
| 276 | - | 1 |
| 284 | - | 1 |
| 288 | - | 1 |
| 312 | 313 | 2 |
| 325 | - | 1 |
| 334 | - | 1 |
| 346 | - | 1 |
| 365 | - | 1 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 65/26.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകത പരിഹരിക്കേണ്ടതും, അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18-6 നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങളിൽ നിന്നും നികുതി പിരിവ്

2011 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 235 പ്രകാരം വസ്തു നികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് / കെട്ടിടത്തിന്റെ വിവരം | വിസ്തീർണം | പിരിച്ചെടുത്ത തുക |
|---|---|---|---|---|
| 1 | 27/527/1 | ദേവസ്വം കമ്മീഷണർ<br>ദേവസ്വം കമ്മീഷണർ,തിരുവിതാംകൂർ ദേവസ്വം ബോർഡ്, വർക്കല ഗ്രൂപ്പ് | 163.95 $M^2$ | 2459/- |

| | | | | |
|---|---|---|---|---|
| 2 | 27/527/2 | ദേവസ്വം കമ്മീഷണർ,തിരുവിതാംകൂർ ദേവസ്വം ബോർഡ്,വർക്കല ഗ്രൂപ്പ് | 69 $M^2$ | 2459/- |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 21/21.07.2022 നുള്ള മറുപടിയിൽ സഞ്ചയയിൽ നിന്നും രസീതുകൾ നീക്കം ചെയ്യാൻ വിട്ടുപോയതിനാലാണ് അപാകത നിലനിൽക്കുന്നതെന്നും ഭാവിയിൽ ഇത് പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഇതേ അപാകത 2020-21 വർഷത്തിലും പരിഹരിക്കപ്പെട്ടിട്ടില്ല. സഞ്ചയയിൽ കെട്ടിടങ്ങളുടെ നികുതി രേഖപ്പെടുത്തുമ്പോൾ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18-7 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഇളവ് - അപാകങ്ങൾ

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി നഗരസഭയിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ നഗരസഭയിൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇളവ്

ജി.ഒ(എം.എസ്)14/15/ത.സ്വ.ഭ.വ തീ.27.04.2015, ജി.ഒ(എം.എസ്)358/15/ത.സ്വ.ഭ.വ തീ.16.12.2015 പ്രകാരം 60ച.മീ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഒരേ ഉടമസ്ഥന്റെ നഗരസഭ പരിധിയിൽ സ്ഥിതി ചെയ്യുന്ന ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് മേൽ ഉത്തരവ് പ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര്/വിലാസം |
|---|---|---|
| 1 | 30/183/2 | രവീന്ദ്രൻ |
| | 30/196/2 | |
| 2 | 30/88/2 | മണികണ്ഠൻ |
| | 30/88/3 | |
| 3 | 32/422 | ഷെർളി |
| | 32/422/1 | |
| 4 | 32/532 | കുഞ്ഞി, ചരുവിള വീട് |
| | 32/533 | |

B) സത്യവാങ്മൂലത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം കെട്ടിട ഉടമ സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്കും നികുതി ഇളവ് നൽകിയിട്ടുണ്ട്. 25, 27എന്നീ വാർഡുകളിലെ മാത്രം കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl No | New Ward No | New Door No | New Sub No | Owner Details | Plinth Area(m2) |
|---|---|---|---|---|---|
| 1 | 25 | 264 | 1 | മിഷ് ല | 56 |
| 2 | 25 | 283 | 1 | ഷാജി | 59.15 |

| | | | | | |
|---|---|---|---|---|---|
| 3 | 25 | 891 | 2 | ജെ.രാജേന്ദ്രബാബു | 49.93 |
| 4 | 27 | 190 | 1 | ജയ കുമാരി | 59.76 |
| 5 | 27 | 189 | 1 | ശാന്തി | 59.4 |
| 6 | 27 | 77 | 1 | ബിന്ദു | 59.15 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.32/22.07.2022 നുള്ള മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ എല്ലാ വാർഡുകളും പരിശോധിച്ച്, കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18-8 വിമുക്ത ഭടൻമാർക്ക് നടപടിക്രമം പാലിക്കാതെ വസ്തു നികുതി ഒഴിവാക്കി നൽകി

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നഗരസഭയിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2020-21 വർഷം മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് , വിലാസം |
|---|---|---|
| 1 | 25/115/1 | അനിരുദ്ധൻ |
| 3 | 25/166 | എം.ജയരാജൻ,ഉഷസ്,മുണ്ടയിൽ,വർക്കല |
| 4 | 25/220 | സ്നേഹലത,ആശ,മുണ്ടയിൽ,വർക്കല |
| 5 | 26/155/1 | മുരളീധരൻ നായർ |
| 6 | 26/157/2 | സൈലേഷ്. എസ്, റെജിനിവാസ്, വർക്കല |
| 7 | 28/804 | എൽ. ലത |
| 8 | 28/901 | തങ്കപ്പൻ പിള്ള |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.32/22.07.2022 നുള്ള മറുപടിയിൽ യഥാ സമയം സത്യവാങ്മൂലം സമർപ്പിക്കാത്തവരെ കെട്ടിടങ്ങളുടെ നികുതി ഇളവിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിരിക്കുന്നു. കൃത്യമായി സത്യവാങ്മൂലം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകിയ വസ്തു നികുതി പിരിച്ചെടുക്കേണ്ടതാണ്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ച് നികുതി ഇളവ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18-9 ടെലഫോൺ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. വസ്തു നികുതി,ലൈബ്രറി സെസ്സ്,സർവ്വീസ് ചാർജ്ജ് ഉൾപ്പെടെയുള്ള തുകയാണ് അടവാക്കുവാനുള്ള തുകയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് വിവരം | അടവാക്കേണ്ട കാലയളവ് | അടവാക്കുവാനുള്ള തുക |
|---|---|---|---|
| 14/304/1 | Sub Divisional Engineer, Sub Division, BSNL,Attingal | 2013-1st Half & 2nd Half<br>2014-1st Half & 2nd Half<br>2015-1st Half & 2nd Half<br>2016-1st Half & 2nd Half<br>2017-1st Half & 2nd Half<br>2018-1st Half & 2nd Half<br>2019-1st Half & 2nd Half<br>2020-1st Half & 2nd Half | 98265/- |

| | | | |
|---|---|---|---|
| | | 2021-1st Half & 2nd Half | |
| 26/194/4 | The Manager, W.T T I L,<br>S L Plaza Complex,<br>Palarivattam, Cochin. | 013-1st Half & 2nd Half<br>2014-1st Half & 2nd Half<br>2015-1st Half &2nd Half<br>2016-1st Half & 2nd Half<br>2017-1st Half & 2nd Half<br>2018-1st Half & 2nd Half<br>2019-1st Half & 2nd Half<br>2020-1st Half & 2nd Half<br>2021-1st Half & 2nd Half | 41328/- |
| 28/802 | Dishnet Wireless Ltd<br>(Aircel), Arcade,<br>Geethanjali Bus Stop,<br>Vyttila, Cochi. | 2016-1st Half & 2nd Half<br>2017-1st Half & 2nd Half<br>2018-1st Half & 2nd Half<br>2019-1st Half & 2nd Half<br>2020-1st Half & 2nd Half<br>2021-1st Half & 2nd Half | 129737/- |
| 31/99/1 | Divional Manager,<br>B S N L,<br>Telecon Civil Sub Division | 2013-1st Half & 2nd Half<br>2014-1st Half & 2nd Half<br>2015-1st Half & 2nd Half<br>2016-1st Half & 2nd Half<br>2017-1st Half & 2nd Half<br>2018-1st Half & 2nd Half<br>2019-1st Half & 2nd Half<br>2020-1st Half & 2nd Half<br>2021-1st Half & 2nd Half | 31134/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.02/18.07.2022 നുള്ള മറുപടിയിൽ 14/304(1), 31/99(1) എന്നീ ടവറുകൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതായും 14/304(1), 28/802, 26/194/4 എന്നീ ടവറുകളിൽ റവന്യൂറിക്കവറി നടപടി സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18-10 റിസോർട്ടുകൾക്ക് തെറ്റായ ഉപയോഗ ക്രമം രേഖപ്പെടുത്തി നികുതി ഈടാക്കുന്നു.

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് നഗരസഭ പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. ഷോപ്പുകൾക്ക് (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ) അടിസ്ഥാന വസ്തു നികുതി 70/- രൂപയും ലോഡ്ജുകൾക്ക് അടിസ്ഥാന വസ്തു നികുതി 50/- രൂപയും, പാർപ്പിടത്തിന് 13/- രൂപയും റിസോർട്ടുകൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്ക് 90/- രൂപയുമാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ, 2020-21 ലെ ഡി&ഒ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വിവിധ റിസോർട്ടുകൾക്ക് തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയം നടത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | സ്ഥാപനം | സഞ്ചയ ഉപയോഗക്രമം |
|---|---|---|---|---|
| 1 | 28/650-652 | ഡി. ശാന്തകുമാരിഅമ്മ | അനിൽ ബീച്ച് റിസോർട്ട് | ലോഡ്ജ് |
| 2 | 28/653 | വി.പി.ബാലചന്ദ്രൻ നായർ | പഞ്ചവടി ബീച്ച് റിസോർട്ട് | ലോഡ്ജ് |
| 3 | 28/648 | ആർ.എസ്.പ്രേംകുമാർ | ഓഷോ ബീച്ച് റിസോർട്ട് | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| 4 | 28/548 | മോഹൻ.എസ് | മോഹൻസ് ബീച്ച് റിസോർട്ട് | പാർപ്പിടാവശ്യം |
| 5 | 28/591-593 | സുഭാഷ് | തണൽ ബീച്ച് റിസോർട്ട് | ലോഡ്ജ് |
| 6 | 28/390-394 | അലിം ഷാ | ഹിൽ വ്യൂ ബീച്ച് റിസോർട്ട് | ലോഡ്ജ് |
| 7 | 28/301-313 | ശരത്ത് നായർ | ദേശാടൻ റിസോർട്ട് | ലോഡ്ജ് |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.55/25.07.2022 നല്ല മറുപടിയിൽ, ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റവന്യൂ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. കെട്ടിടങ്ങൾക്ക് തെറ്റായ നികുതി നിർണയം നടത്തിയതിനാൽ നഗരസഭയിൽ തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18-11 അനധികൃത കെട്ടിടങ്ങൾ-അപാകങ്ങൾ

A) അനധികൃത കെട്ടിടങ്ങൾക്ക് നികുതിയിളവ് അനുവദിച്ചു.

കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണയിക്കേണ്ടതും കെട്ടിടം പൊളിച്ചുമാറ്റുന്നതുവരെ ഇത്തരത്തിൽ നികുതി ഈടാക്കേണ്ടതുമാണ്. എന്നാൽ, താഴെപ്പറയുന്ന അനധികൃത കെട്ടിടങ്ങൾക്ക് ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമസ്ഥൻ | നിയമ ലംഘനത്തിന്റെ സ്വഭാവം | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | വിസ്തീർണ്ണം(ച.മീ) | നികുതി പ്രാബല്യത്തിൽ വരുന്ന തീയതി |
|---|---|---|---|---|---|---|
| 1 | 19/345 /UA(2017) | റഹ് മത്ത് | കെട്ടിട നിർമ്മാണ ചട്ടങ്ങൾ | പാർപ്പിടം | 22 | 2017 First Half |
| 2 | 19/418 /UA(2017) | നിർമല | കെട്ടിട നിർമ്മാണ ചട്ടങ്ങൾ | പാർപ്പിടം | 28 | 2017 First Half |
| 3 | 21/34/ua(2017) | ജലീല&ജലാലുദീൻ& അഷിംഷ.ജെ | തീരദേശ പരിപാലന നിയമം | പാർപ്പിടം | 20 | 2017 First Half |

B) അനധികൃത കെട്ടിടങ്ങൾ നികുതി കുടിശ്ശിക വരുത്തുന്നു.

സ്ഥാപനം ഹാജരാക്കിയ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിലെ 28-ാം വാർഡിലെ ഏതാനും കെട്ടിടങ്ങൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങൾ നികുതി കുടിശ്ശിക വരുത്തിയതായി കണ്ടെത്തി.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമസ്ഥൻ | നിയമ ലംഘനത്തിന്റെ സ്വഭാവം | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | വിസ്തീർണ്ണം(ച.മീ) | കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 28/11/UA4(2017) | സാബു | തീരദേശ പരിപാലന നിയമം | ലോഡ്ജ് | 66.42 | 2019 First Half-2021 Second Half-55003/- |
| 2 | UA11/ua1(2017) | സാബു | തീരദേശ പരിപാലന നിയമം | ലോഡ്ജ് | 132.84 | 2020 First Half-2021 Second Half-55823/- |
| 3 | UA23/ua3(2017) | നവീൻ | തീരദേശ പരിപാലന നിയമം | ഷോപ്പുകൾ | 357.5 | 2017 First Half-2021 Second |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | Half-499530/- |
| 4 | UA23/ua6(2017) | രാജേന്ദ്ര പ്രസാദ് | തീരദേശ പരിപാലന നിയമം | ഷോപ്പുകൾ | 57.6 | 2017 First Half-2021 Second Half-55650/- |
| 5 | UA23/ua12(2017) | ഡോജമീൻ ശ്രീധരൻ | തീരദേശ പരിപാലന നിയമം | റെസ്റ്റോറന്റുകൾ | 105 | 2017 First Half-2021 Second Half-114115/- |
| 6 | UA99/1-ua1(2017) | രഞ്ജിത് | തീരദേശ പരിപാലന നിയമം | റെസ്റ്റോറന്റുകൾ | 132.75 | 2017 First Half-2021 Second Half-128245/- |
| 7 | UA156/1-ua5(2017) | ശിവശൈലൻ | തീരദേശ പരിപാലന നിയമം | ഷോപ്പുകൾ | 341.96 | 2017 First Half-2021 Second Half-424735/- |
| 8 | UA181/3ua1(2019) | രാധാകൃഷ്ണൻ | തീരദേശ പരിപാലന നിയമം | ഷോപ്പുകൾ | 400.4 | 2020 First Half-2021 Second Half-223786/- |

A, B എന്നീ അപാകതകൾക്കുള്ള വിശദീകരണം ഓഡിറ്റ് എൻക്വയറി നം.47/23.07.2022 മുഖേന ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ അപാകതA യിൽ പരിശോധിച്ച് വിശദാംശം ലഭ്യമാക്കാമെന്നും അപാകത B യിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നല്കിയിട്ടുണ്ടെന്നും നികുതി ഒടുക്ക വരുത്താത്ത പക്ഷം റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക വരുത്തിയ മറ്റ് സ്ഥാപനങ്ങളെയും കണ്ടെത്തി നികുതി കുടിശ്ശിക ഈടാക്കി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

C) അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ ക്രമ പ്രകാരമല്ല.

സ്ഥാപനം ഹാജരാക്കിയ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ അനധികൃത കെട്ടിട നിർമ്മാണങ്ങളിൽമേൽ സ്വീകരിച്ച തുടർ നടപടികൾ രേഖപ്പെടുത്തിയിട്ടില്ല. 2020-21 വർഷത്തെ അനധികൃത കെട്ടിടങ്ങളിൽമേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശവും ഫയലും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.47/23.07.2022 മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററിൽ കെട്ടിടത്തെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ചേർത്ത് കാലികമാക്കേണ്ടതാണ്.

## 1-18-12 അനധികൃത കെട്ടിടത്തിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

സഞ്ചയ പ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മിച്ച കെട്ടിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടത്തിൽ നിന്നും നാളിതു വരെ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 28/202/3 |
| ഉടമസ്ഥൻ | സി .എസ് .സുജാതൻ |
| നികുതി പ്രാബല്യത്തിൽ വരുന്ന തിയതി | 2017 First Half |
| അനധികൃത നിർമ്മാണത്തിൻറെ വർഷം | 2017-2018 |
| നിയമ ലംഘനത്തിന്റെ സ്വഭാവം | തീരദേശ പരിപാലന നിയമം |
| ഉപയോഗം തുടങ്ങിയ തീയതി | 14/07/2017 |
| കെട്ടിടത്തിൻറെ ഉപയോഗക്രമം | ലോഡ്ജ് |
| കെട്ടിടത്തിൻറെ ആകെ വിസ്തീർണ്ണം (ച:മീ) | 150 |

കെട്ടിടത്തിന്റെ നികുതി നിർണ്ണയം ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | 50 | രൂപ |
| അടിസ്ഥാന വസ്തു നികുതി | 7500 | രൂപ |
| എ). മേഖല | 750 | രൂപ |
| (ബി). വഴി സൗകര്യം | 0 | രൂപ |
| (സി). മേൽക്കൂര | 750 | രൂപ |
| (ഡി). കാലപ്പഴക്കം | 0 | രൂപ |
| (ഇ). ആകെ ഇളവ് | 20 | % |
| (എഫ് ). ആകെ ഇളവ് | 1500 | രൂപ |
| ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് | 0 | രൂപ |

| തരം | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | വാർഷികം (രൂപ ) |
|---|---|---|---|
| വസ്തു നികുതി | 9000.00 | 9000.00 | 18000.00 |
| ലൈബ്രറി സെസ്സ് | 450.00 | 450.00 | 900.00 |
| സർവ്വീസ് ചാർജ്ജ് | 900.00 | 900.00 | 1800.00 |
| സർചാർജ്ജ് - 1 | 0.00 | 0.00 | 0.00 |
| സർചാർജ്ജ് - 2 | 0.00 | 0.00 | 0.00 |
| ആകെ നികുതി | 10350.00 | 10350.00 | 20700.00 |

നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

A) നിയമ ലംഘനം നടത്തി നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിൽ നിന്നും നാളിതു വരെ കെട്ടിട നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011,ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി ഫോറം 10ലുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. യു.എ എന്നതിനൊപ്പം വർഷവും ചേർത്താണ് നമ്പർ നൽകേണ്ടത്. എന്നാൽ ഈ ചട്ടം പാലിക്കപ്പെട്ടിട്ടില്ല.
C) നഗരസഭാ പരിധിയിലെ അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിലും സഞ്ചയയിലും പ്രസ്തുത കെട്ടിടത്തെ അനധികൃത കെട്ടിടത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം.38/23.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണയിക്കേണ്ടതും കെട്ടിടം പൊളിച്ചുമാറ്റുന്നതുവരെ ഇത്തരത്തിൽ നികുതി ഈടാക്കേണ്ടതുമാണ്. പ്രസ്തുത കെട്ടിടത്തിൽ നിന്നും ചട്ട പ്രകാരമുള്ള നികുതി കുടിശ്ശിക അടക്കം ഈടാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 കെട്ടിട നമ്പർ നൽകൽ -അപാകങ്ങൾ

1999, 2019 വർഷങ്ങളിലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മിച്ചതും 1994 കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 230,231,233, 2011ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 2020-21 വർഷം നഗരസഭയിൽ വസ്തു നിർണയം നടത്തിയ കെട്ടിടങ്ങളുടെ ഏതാനം ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ഉപഖണ്ഡികയായി ചുവടെ ചേർക്കുന്നു.

### 1-19-1 കെട്ടിടത്തിന്റെ പ്ലാൻ പ്രകാരമുള്ള വിസ്തീർണവും സഞ്ചയയും പൊരുത്തപ്പെടുന്നില്ല .

| | |
|---|---|
| ഫയൽ നമ്പർ | ബി.എ /333/2020-21 |
| കെട്ടിട ഉടമ | വി സുധീർ |
| കെട്ടിട നമ്പർ | 8/229/2 |

| | |
|---|---|
| ഉപയോഗക്രമം | പാർപ്പിടാവശ്യം |
| വിസ്തീർണം | 84 $M^2$ |
| റീ സർവ്വേ നമ്പർ | 60 |

പാർപ്പിടാവശ്യത്തിനുള്ള മേൽ കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരം, കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന കൊണ്ട് സ്ഥിതി ചെയ്യുന്ന 8/229 നമ്പർ വ്യവസായിക ആവശ്യത്തിനുള്ള കെട്ടിടത്തിന് 24ച.മീ വിസ്തീർണ്ണമുണ്ട്. എന്നാൽ, സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന് 18 ച.മീ വിസ്തീർണം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നഗരസഭയിലെ നികുതി നിർണയ രജിസ്റ്റർ പ്രകാരമുള്ള വിസ്തീർണ്ണത്തേക്കാൾ അധികമായി നിർമ്മിച്ച 6 ച.മീ ഭാഗം നാളിതുവരെ ക്രമവത്കരിക്കുകയോ പ്രസ്തുത ഭാഗത്തിന് വസ്തു നികുതി നിർണയം നടത്തുകയോ ചെയ്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 65/26.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 8/229നമ്പർ കെട്ടിടത്തിന്റെ നിർമ്മാണം പരിശോധിക്കേണ്ടതും പ്രസ്തുത ഭാഗത്തിന്റെ വസ്തു നികുതി നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 കരാർ ചമയ്ക്കാൻ കാലതാമസം-കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമയ്ച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം. എന്നാൽ ചുവടെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിനായി കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും കരാറിലേർപ്പെട്ടത് നിശ്ചിത തീയതിയ്ക്ക് ശേഷമാണ്.

1)

| | |
|---|---|
| പ്രോജക്ട് | കണ്ണമ്പ സ്റ്റുഡന്റ്സ് സൈഡ് റോഡ് കോൺക്രീറ്റ് (274/21) |
| അടങ്കൽ തുക | 419871/- (2020-21) |
| ചെലവ് തുക | 409848/- |
| കരാറുകാരൻ | ശ്രീ. ചിന്തുപ്രസാദ് |
| സെലക്ഷൻ നോട്ടീസ് തീയതി | 27.11.2019 |
| കരാർ നം. | 20/AE/P/19-20 തീയതി 23.12.2019 |
| PAC | 365975/- |
| ഈടാക്കേണ്ടിയിരുന്ന പിഴ | 3,660/ |

2)

| | |
|---|---|
| പ്രോജക്ട് | മേവറം പൊയ്ക റോഡ് കോൺക്രീറ്റ് പാർശ്വഭിത്തി നിർമ്മാണം(277/21) |
| അടങ്കൽ തുക | 1278078/- |
| ചെലവ് തുക | 1250024/- |
| കരാറുകാരൻ | ശ്രീ. ഗോവിന്ദരാജ് സെൻ |
| സെലക്ഷൻ നോട്ടീസ് തീയതി | 12.12.2019 |
| കരാർ നം. | 25/AE/P/19-20 തീയതി 04.01.2020 |
| PAC | 1130107/- |
| ഈടാക്കേണ്ടിയിരുന്ന പിഴ | 11,301/- |

3)

| | |
|---|---|
| പ്രോജക്ട് | കാക്കോട് കോളനി ഇടറോഡ് കോൺക്രീറ്റിംഗും കവറിംഗ് സ്ലാബും(39/21) |
| അടങ്കൽ തുക | 210000/- |
| ചെലവ് തുക | 169906/- |
| കരാറുകാരൻ | ശ്രീ. കെ. അശോകൻ |
| സെലക്ഷൻ നോട്ടീസ് തീയതി | 25.10.2019 |
| കരാർ നം. | 42/AE/P/19-20 തീയതി 14.02.2020 |
| PAC | 198960/- |
| ഈടാക്കേണ്ടിയിരുന്ന പിഴ | 1990/- |

`

4)

| | |
|---|---|
| പ്രോജക്ട് | നടയറ സ്കൂളിലേയ്ക്കുള്ള റോഡ് കോൺക്രീറ്റ് (253/21) |
| അടങ്കൽ തുക | 318561/- (2020-21) |
| ചെലവ് തുക | 310734/- |
| കരാറുകാരൻ | ശ്രീ. കെ. അശോകൻ |
| സെലക്ഷൻ നോട്ടീസ് തീയതി | 27.11.2019 |
| കരാർ നം. | 34/AE/P/19-20 തീയതി 07.03.2020 |
| PAC | 277441/- |
| ഈടാക്കേണ്ടിയിരുന്ന പിഴ | 2774/- |

5)

| | |
|---|---|
| പ്രോജക്ട് | എസ് എൻ മെഡിക്കൽസ് പ്ലാവിള ബൈറോഡ് റീടാറിംഗ് പൂർത്തീകരണം അധിക തുക വകയിരുത്തൽ (362/21) |
| അടങ്കൽ തുക | 300000/- |
| ചെലവ് തുക | 298790/- |
| കരാറുകാരൻ | ശ്രീ. ആനന്ദ് കൃഷ്ണദീപ് |
| സെലക്ഷൻ നോട്ടീസ് തീയതി | 18.08.2020 |
| കരാർ നം. | 07/AE/P/20-21 തീയതി 07.09.2020 |
| PAC | 266777/- |
| ഈടാക്കേണ്ടിയിരുന്ന പിഴ | 2668- |

6)

| | |
|---|---|
| പ്രോജക്ട് | മാതൃശിശു സംരക്ഷണകേന്ദ്രം ബഡ്സ് സ്കൂൾ ആക്കി മാറ്റുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുക്കൽ (49/21) |

| | |
|---|---|
| അടങ്കൽ തുക | 354657/- (2020-21) |
| ചെലവ് തുക | 347903/- |
| കരാർ നം | 59/AE/P/2018-19 തീയതി 08.03.2019 |
| കരാറുകാരൻ | ശ്രീ. മുഹമ്മദ് അജാസ് |
| സെലക്ഷൻ നോട്ടീസ് തീയതി | 26.11.2018 |
| PAC | 208370/- (0.5% Below) |
| ഈടാക്കേണ്ടിയിരുന്ന പിഴ | 2084/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറികൾക്ക് (33/22.07.2022, 41/23.07.2022, 76/27.07.2022) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കരാറുകാർക്ക് ഇതു സംബന്ധിച്ച അറിയിപ്പ് നൽകിയിട്ടുണ്ടെന്നും കരാറുകാരിൽ നിന്നും തുക ഈടാക്കി ഒടുക്കുവരുത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ ആകെ ഒടുക്കുവരുത്തേണ്ട തുകയായ 24477/- ഒടുക്കു വരുത്തി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

പദ്ധതി മാർഗരേഖ [ സ.ഉ.(കൈ)നം. 17/2018/തസ്വഭവ. തീ. 02.02.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വർക്കല നഗരസഭയിൽ ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.61/26.07.2022) ലഭ്യമാക്കിയ മറുപടിയിൽ 2020-21 സാമ്പത്തിക വർഷത്തെ അന്തിമ പദ്ധതി രേഖയിൽ മെയിന്റനൻസ് പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്ന് അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. മേൽ സർക്കാർ ഉത്തരവ് പാലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

നഗരസഭയുടെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 255/2013 തീ. 18.07.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി.) 59/2012 തീ.06.01.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം.30/22.07.2022) സെക്രട്ടറി /മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകിയിരുന്നെങ്കിലും ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ സർക്കാർ ഉത്തരവുകൾ പാലിച്ച് നഗരസഭയുടെ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നഗരസഭാ പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ നഗരസഭയ്ക്കും നഗരസഭാ കൗൺസിലിന്റെ ഒരു പ്രമേയം മൂലം, നഗരസഭാ ഫണ്ടിൽ പ്രത്യേകം വരവു വച്ച് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ചെയർമാന്റെ/മേയറുടെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

വർക്കല നഗരസഭയിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/22.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചട്ടം പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്.

## 1-24 പ്രൊക്യുർമെന്റ് കമ്മിറ്റി യോഗം ചേർന്നില്ല

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രകാരം പ്രൊക്യുർമെന്റ് മാർഗ്ഗരേഖ പ്രകാരം നഗരസഭ സമാഹരിക്കേണ്ട സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും

ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണനടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി നഗരസഭയിൽ തയ്യാറാക്കിയിട്ടില്ല. പ്രസ്തുത ഉത്തരവ് പ്രകാരം വർക്കല നഗരസഭയിൽ വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീമും രൂപീകരിച്ചിട്ടില്ല.

2020-21വാർഷിക പദ്ധതിയുടെ ഭാഗമായി സാധന സാമഗ്രികളുടെ വാങ്ങലുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗം നഗരസഭയിൽ ഒരു പ്രാവശ്യം പോലും ചേർന്നതായി കാണുന്നില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ 10.02.2020 ൽ യോഗം ചേർന്ന ശേഷം അടുത്ത യോഗം ചേർന്നത് 16.11.2021 ൽ മാത്രമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 40/ 23.07.2022) ലഭ്യമാക്കിയ മറുപടിയിൽ, 2020-21 സാമ്പത്തിക വർഷം എന്നും കോവിഡുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ ചെയ്യാനുണ്ടായിരുന്നതിനാലും മീറ്റിംഗുകൾ വിളിച്ചുചേർക്കാൻ നിയന്ത്രണം ഉണ്ടായിരുന്നതിനാലും പ്രസ്തുത സാമ്പത്തിക വർഷം വാങ്ങൾ പ്രവർത്തനങ്ങൾ കുറവായതിനാലും പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിന് സാധിച്ചിരുന്നില്ല എന്നും തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കുകയും കൃത്യമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പ്രസ്തുത സാമ്പത്തിക വർഷം വാങ്ങൽ പ്രവർത്തനങ്ങൾ കുറവായിരുന്നു എന്ന മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ വാങ്ങൽ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ പറയുന്നു.

1. ഭിന്നശേഷിക്കാരായ സ്ത്രീകൾക്ക് പെട്ടിക്കട (227/21)

2. ഗ്രോ ബാഗ് വിതരണം (247/21)

3. നഗരസഭ കമ്പ്യൂട്ടർ വൽക്കരിക്കൽ (293/21)

4. വർക്കല എച്ചഎസ്സ്എസ്സിൽ ബഞ്ച്, ഡസ്ക്ക് വാങ്ങൽ (52/21)

5. സ്കൂളുകളിലേയ്ക്ക് സ്റ്റേഷനറി സാധനങ്ങൽ വാങ്ങൽ (79/21)

6. വിവിധ സ്കൂളുകളിലേയ്ക്ക് ക്ലീനിംഗ് സാധനങ്ങൽ വാങ്ങൽ (83/21)

7. വീൽ ബാരോ വാങ്ങൽ (72/21)

8. വർക്കല താലൂക്ക് ആശുപത്രിക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങൽ (69/21)

9. വർക്കല താലൂക്ക് ആശുപത്രിക്ക് ആവശ്യമായ രജിസ്റ്ററുകൾ, ഫോർമാറ്റുകൾ, പ്രിന്റിംഗ് സ്റ്റേഷനറി സാമഗ്രികൾ (70/21)

10. താലൂക്ക് ആശുപത്രിക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ (343/21)

11.താലൂക്ക് ആശുപത്രിയിൽ സീറോ വേസ്റ്റ് ഇൻസിനറേറ്റർ സ്ഥാപിക്കൽ (231/21)

കൂടാതെ, മീറ്റിംഗുകൾ വിളിച്ചുചേർക്കാൻ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നെങ്കിലും അടിയന്തിര സാഹചര്യങ്ങളിൽ മീറ്റിംഗുകൾ കൂടാമായിരുന്നു. ജനറൽ കൗൺസിലിന്റെ 19 മീറ്റിംഗുകൾ 2020-21 ൽ കൂടിയിട്ടുണ്ട്. ഓൺലൈൻ മീറ്റിംഗുകളും നടത്താമായിരുന്നു. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല.

ഭാവിയിൽ വാങ്ങൽ പ്രവർത്തനങ്ങളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം നടപടിക്രമങ്ങൾ പാലിക്കുവാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 പരിസ്ഥിതി സംരക്ഷണത്തിന് നടപടികളില്ല

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

1) ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) LSGDഎഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വാകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം.

5) മേൽനോട്ടം ജൈവവൈവിദ്ധ്യ മാനേജ്മെന്റ് കമ്മിറ്റിയുടെ ചുമതലയിൽ നടത്തണം. ജൈവ വൈവിദ്ധ്യ രജിസ്റ്റർ കാലാനുസൃതമാക്കണം.

നഗരസഭയിൽ കാവുകളുടെയും കണ്ടൽകാടുകളുടെയും സംരക്ഷണത്തിനായി നാളിതുവരെ പ്രോജക്ടുകളൊന്നും നടപ്പാക്കാൻ സാധിച്ചിട്ടില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 08/20.07.2022ന്റെ മറുപടി).

പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 അംഗീകാരമില്ലാത്ത സ്ഥാപനം മുഖാന്തിരം പ്രവൃത്തി നിർവ്വഹിച്ചു-4,96,370/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ 231/20-21

പ്രോജക്റ്റിന്റെ പേര് -താലൂക്ക് ആശുപത്രിയിൽ സീറോ വേസ്റ്റ് ഇൻസിനറേറ്റർ സ്ഥാപിക്കൽ

ഫണ്ട് – സി എഫ് സി

അടങ്കൽ - 500000

ചെലവ് – 4,96,370/-

ബിൽ നമ്പർ 187/7.11.2020

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി

പ്രസ്തുത പദ്ധതി എച്ച്.എൽ.എൽ മുഖാന്തിരം നിർവ്വഹണം നടത്തുന്നതിനാണ് അംഗീകാരം ലഭിച്ചിരുന്നത്. എന്നാൽ, HLLൽ ഇൻസിനറേറ്റർ ലഭ്യമല്ലാത്തതിനാൽ 29.1.2020 ലെ 10(2) നം ഭരണസമിതി തീരുമാനം പ്രകാരം കെ.എസ്.ഐ.ഇ മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ഉത്തരവ് നം.എ1-695/2020/താ.ആ.തീയതി 19.3.2020 പ്രകാരം കെ.എസ്.ഐ.ഇ ക്ക് വർക്ക് ഓർഡർ നൽകി പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തു. GO(P) No.77/2019/Fin Dated 4/7/2019നം ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾക്കുള്ള അക്രഡിറ്റഡ് ഏജൻസിയായാണ് കെ.എസ്.ഐ.ഇയെ നിയോഗിച്ചിട്ടുള്ളത്. ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് പ്രസ്തുത സ്ഥാപനത്തെ അംഗീകരിച്ചിട്ടില്ലാത്തതാകുന്നു. മേൽ സാഹചര്യത്തിൽ എച്ച്.എൽ.എൽ ൽ ഇൻസിനറേറ്റർ ലഭ്യമല്ലായെന്ന് അറിയിച്ചതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനായും, കെ.എസ്.ഐ.ഇ മുഖേന ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ടി സ്ഥാപനത്തെ അംഗീകൃത ഏജൻസിയായി തിരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട ഉത്തരവ്/രേഖകൾ ലഭ്യമാണെങ്കിൽ ആയവ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 63/26.070.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സാഹചര്യത്തിൽ പ്രസ്തുത പ്രോജക്റ്റിൽ ചെലവായ 4,96,370/- രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-27 വാഹന പരിപാലനം -സർക്കാർ ഉത്തരവ് നടപ്പിലാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ. സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്നസൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. നഗരസഭയുടെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായും 27.07.2022. തീയതിയിൽ ഓഡിറ്റ് അന്വേഷണം നം -72 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-28 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ- ലൈസൻസ് ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 218/21<br>ശാരീരിക വെല്ലുവിളിക്കാർക്ക്<br>സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ |
| വകയിരുത്തൽ | 100000<br>(വികസനഫണ്ട് ) |

| | |
|---|---|
| ചെലവ് | 895000/- (വികസനഫണ്ട് ) |
| ബിൽ നമ്പർ തീയതി | 232/6.1.21 895000/- |
| നിർവ്വഹണോദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം അംഗപരിമിതരായ 10 ഗുണഭോക്താക്കൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർവാങ്ങി വിതരണം ചെയ്തു.ഇവരിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ സ്കൂട്ടർ കൈപ്പറ്റിയിട്ടും ഇതുവരെ ഡ്രൈവിംഗ് ലൈസൻസ് നേടിയിട്ടില്ല.

1.ഫിറോസ്

2.അജിത

3.രാജീവ്

4.അശോകൻ

പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം 1,18.7.22) ലൈസൻസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

ഡ്രൈവിംഗ് ലൈസൻസ് ഇല്ലാതെ വാഹനം ഓടിക്കുന്നത് നിയമ വിരുദ്ധമായതിനാൽ, ഗുണഭോക്താക്കളെക്കൊണ്ട് ലൈസൻസ് ലഭ്യമാക്കേണ്ടതാണ്.

## 1-29 ഗുണഭോക്തൃ വിഹിതം കളക്ട് ചെയ്ത ശേഷം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുത്തി

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ പരിശോധനയ്ക്ക് ലഭ്യമാക്കിയ രസീത് പ്രകാരം 19.02.2020 ൽ 25000/- രൂപ ആസാദ്, കാട്ടുവിളാകം, ചിലക്കൂർ എന്ന വ്യക്തിയിൽ നിന്നും "പഴയ വല മാറ്റി പുതിയ വല നൽകൽ (185/20)" എന്ന പദ്ധതിയുടെ ഗുണഭോക്തൃവിഹിതമായി കളക്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി 2019-20 ലും 2020-21 ലും നടപ്പാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 79/29.07.2022) ലഭ്യമാക്കിയ മറുപടിയിൽ 19.02.2020 ൽ 25000/-രൂപ നഗരസഭയിൽ ഒടുക്കുവരുത്തിയിട്ടുണ്ട് എന്നും പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാകാത്തതിനാൽ 2019-20 ൽ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല എന്നും തുടർന്ന് 2020-21 ൽ പദ്ധതി പ്രകാരമുള്ള തുക മാറുന്നതിന് ട്രഷറിയിൽ ബിൽ സമർപ്പിച്ചിരുന്നെങ്കിലും 31.03.2021 ൽ ബിൽ Reject ആയതിനാൽ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല എന്നും 2021-22 ൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട് എന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇപ്രകാരമുള്ള കാലതാമസം വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തുന്നില്ല

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ 2020-21 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പ്രോജക്ടുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

1)

| | |
|---|---|
| പ്രോജക്ട് | വീട്ടുവളപ്പിൽ കുളങ്ങളിലെ മത്സ്യ കൃഷി (251/21) |
| അടങ്കൽ തുക | 492000/- |
| ചെലവ് തുക | 31880/- |

2)

| | |
|---|---|
| പ്രോജക്ട് | ബയോഫ്ലോക്ക് മത്സ്യ കൃഷി (250/21) |
| അടങ്കൽ തുക | 828000/- |
| ചെലവ് തുക | 176599/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 43/23.07.2022) ലഭ്യമാക്കിയ മറുപടിയിൽ, കൊറോണ വ്യാപനം ആയതിനാൽ പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് മോണിട്ടറിംഗ് നടത്തുവാൻ കഴിഞ്ഞില്ല എന്നും വരും വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളിൽ മോണിട്ടറിംഗ് സമിതി പദ്ധതി പുരോഗതി വിലയിരുത്തി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് മോണിട്ടറിംഗ് നടത്തേണ്ടതാണ്.

## 1-31 മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വർക്കല നഗരസഭയിൽ 2020-21ൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ 75 പ്രവൃത്തികളിൽ ചുവടെ പറയുന്ന 26 പ്രവൃത്തികൾ എസ്റ്റമേറ്റ് പുതുക്കി നിർവ്വഹണം നടത്തിയതായി കാണുന്നു. റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ഒഴികെയുള്ള ഭൂരിഭാഗം പ്രവൃത്തികളും എസ്റ്റമേറ്റ് പുതുക്കി നിർവ്വഹണം നടത്തി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 261/21 | തച്ചൻകോണം ഓടയ്ക്ക് മുകളിൽ സ്ലാബിടൽ, കോൺക്രീറ്റ് |
| 2 | 292/21 | ബഡ്സ് സ്കൂൾ കെട്ടിടത്തിൽ ആവശ്യം വേണ്ട ഭൗതിക സാഹചര്യം ഒരുക്കൽ |
| 3 | 329/21 | വാർഡ് 30 ലെ പൊതുകിണർ അറ്റകുറ്റപ്പണി |
| 4 | 331/21 | തൊട്ടുവ കണ്ണമ്പ തോട് വൃത്തിയാക്കൽ |
| 5 | 332/21 | കണ്ണമ്പ തോട് പാർശ്വ ഭിത്തി കെട്ടി സംരക്ഷിക്കൽ |
| 6 | 65/21 | എൽ.പി.ജി.എസ്. കുരയ്ക്കണ്ണി, നടയറ, എച്ച്.എം.എസ്. സ്കൂളുകളുടെ പെയിന്റിംഗ്, പ്ലംബിംഗ് |
| 7 | 38/21 | ചവർ സംസ്കരണ പ്ലാന്റിലേയ്ക്ക് കോൺക്രീറ്റ് റോഡ് നിർമ്മാണം |
| 8 | 277/21 | മേവറം പൊയ്ക റോഡ് കോൺക്രീറ്റ് പാർശ്വഭിത്തി നിർമ്മാണം |
| 9 | 265/21 | തേക്കുവിള അപ്പൂപ്പൻകാവ് റോഡ് സൈഡ് വാൾ & കോൺക്രീറ്റ് |
| 10 | 207/21 | വർക്കല നഗരസഭയിലും പ്രധാന കവലകളിലും ടോയ് ലറ്റ് നിർമ്മാണം |
| 11 | 284/21 | വാർഡ് 9ലെ അങ്കണവാടിയുടെ പൂർത്തീകരണ ജോലികൾ |
| 12 | 205/21 | നടയ്ക്കാവ് മുതൽ ഉജ്ജൈനി ക്ഷേത്രം വരെ റീടാറിംഗ് |
| 13 | 39/21 | കക്കോട് കോളനി ഇടറോഡ് കോൺക്രീറ്റിംഗും കവറിംഗ് സ്ലാബും |

| | | |
|---|---|---|
| 14 | 356/21 | എഞ്ചിനീയറിംഗ് വിഭാഗത്തിന് ടോയ് ലറ്റ് നിർമ്മാണം |
| 15 | 276/21 | പൊയ്കയിൽ കുളം നവീകരണം |
| 16 | 325/21 | പൊയ്കയിൽ കുളം നവീകരണം |
| 17 | 36321 | ചെറുകുന്നം തൊട്ടുവേ പഞ്ചുകളം റോഡ് പുനരുദ്ധാരണം |
| 18 | 45/21 | പുത്തൻവിള റോഡ് മെറ്റലിംഗ് & ടാറിംഗ് |
| 19 | 40/21 | മാടൻ നട പള്ളി റോഡ് സൈഡ് വാള് നിർമ്മാണവും കോൺക്രീറ്റിംഗും |
| 20 | 42/21 | അമ്പലത്തുംവിള റോഡ് റീടാറിംഗ് |
| 21 | 48/21 | രഘുനാഥപുരം ടോയ് ലറ്റ് നിർമ്മാണം |
| 22 | 64/21 | WLPS പൊയ്ക സ്കൂളിൽ ടോയ് ലറ്റ് നിർമ്മാണം |
| 23 | 280/21 | അങ്കണവാടി കെട്ടിട നിർമ്മണം ചുറ്റുമതിൽ നിർമ്മാണം |
| 24 | 46/21 | അങ്കണവാടിയുടെ അറ്റകുറ്റപ്പണികൾ (വാർഡ്-9) |
| 25 | 267/21 | കുഴിവിളാകം മുണ്ടയിൽ മണ്ണ് റോഡ് കോൺക്രീറ്റിംഗും സൈഡ് വാൾ നിർമ്മാണവും |
| 26 | 49/21 | മാതൃശിശു സംരക്ഷണകേന്ദ്രം ബഡ്സ് സ്കൂൾ ആക്കി മാറ്റുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുക്കൽ |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 62/ 26.07.2022) നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. മുൻ റിപ്പോർട്ടുകളിലും ഈ വിഷയം സൂചിപ്പിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവുകൾ പാലിക്കുന്നതിൽ നഗരസഭയുടേ ഭാഗത്ത് നിന്നും വീഴ്ച വന്നതായി കാണുന്നു. എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ സ്ഥല പരിശോധന നടത്തി കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാനും എസ്റ്റിമേറ്റുകൾ പുതുക്കുന്ന സാഹചര്യം പരമാവധി ഒഴിവാക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-32 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നില്ല.

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. നഗരസഭയിൽ 2020-21 സാമ്പത്തിക വർഷം മുനിസിപ്പൽ/അസിസ്റ്റന്റ്എൻജിനീയർ എന്നിവർ നിർവ്വഹണം നടത്തിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികളിൽ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുണ്ട് എന്ന ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/22.07.2022) മുനിസിപ്പൽ/അസിസ്റ്റന്റ്എൻജിനീയർ മറുപടി ലഭ്യമാക്കിയില്ല. ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചതു സംബന്ധിച്ച രേഖകളൊന്നും തന്നെ ടാറിംഗ് പ്രവൃത്തികളുടെ ഫയലിൽ ലഭ്യമല്ല. ഭാവിയിൽ മേൽ സർക്കാർ ഉത്തരവുകൾ പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 പ്രോജക്ട് ഫയൽ ലഭ്യമാക്കിയില്ല - 1399999/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | നഗരസഭ ഓഫീസ് എഞ്ചിനീയറിംഗ് വിഭാഗം മെയിന്റനൻസ് (295/21) |
| അടങ്കൽ തുക | 1400000/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് തുക | 1399999/- |
| ബിൽ നം, തീയതി,തുക | 386/29.03.2021- 921428/-<br>387/29.03.2021- 478571/- |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് ഫയലും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് റിക്വിസിഷൻ ( നം 3/23.07.2022), ഓഡിറ്റ് എൻക്വയറി (77/29.07.2022 ) എന്നിവ നൽകിയിരുന്നെങ്കിലും പ്രോജക്ട് ഫയലോ അനുബന്ധ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള ചെലവുതുകയായ 1399999/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 എം ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല- 4,49,295/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ട് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നെങ്കിലും പ്രവൃത്തിയുടെ എം ബുക്ക് ലഭ്യമാക്കിയിട്ടില്ലായിരുന്നു. എം ബുക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് റിക്വിസിഷൻ ( നം 4), ഓഡിറ്റ് എൻക്വയറി (നമ്പർ - 76/29.07.2022) എന്നിവ നൽകിയിരുന്നെങ്കിലും മറുപടിയോ എം ബുക്കോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | വാർഡ് നം.9 ലെ അങ്കണവാടിയുടെ പൂർത്തീകരണ ജോലികൾ (284/21) |
| അടങ്കൽ തുക | 4,50,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് തുക | 4,49,295/- |
| ബിൽ നമ്പർ | 190/08.11.2020 |

എം ബുക്കിന്റെ അഭാവത്തിൽ പ്രോജക്ട് ഫയൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ പ്രോജക്ട് ഫയൽ , എം ബുക്ക് എന്നിവ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ 4,49,295/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 ബിറ്റുമിൻ ബിൽ ഹാജരാക്കിയില്ല- 582105/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | നടയ്ക്കാവ് മുതൽ ഉജ്ജൈനി ക്ഷേത്രം വരെ റീടാറിംഗ് (205/21) |
| അടങ്കൽ തുക | 600000/- (വികസന ഫണ്ട്) |
| ചെലവ് തുക | 582105/- |
| ബിൽ നം, തീയതി,തുക | 51/28.04.2020 - 330739/-<br>237/22.01.2021- 251366/- |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് ഫയൽ ഹാജരാക്കിയിരുന്നെങ്കിലും റീടാറിംഗ് പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങിയതു സംബന്ധിച്ച ബിൽ പ്രോജക്ട് ഫയലിനൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ധനകാര്യ വകുപ്പിന്റെ GO(P) No. 96/2016/Fin Dated 15.7.2016, എൽ എസ് ജി ഡി ചീഫ് എൻജിനീയറുടെ 1.9.2016 ലെ DB3/6512(B)/2013/CE/LSGD സർക്കുലർ എന്നിവയിൽ ' The Payment Towards The Cost Of Bitumen Shall Be Allowed Based On The Original Bills Only ' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി ( നമ്പർ - 78/29.07.2022) നൽകിയിരുന്നെങ്കിലും ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ/ സാക്ഷ്യപ്പെടുത്തിയ ബില്ല് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്ക് ചെലവായ 5,82,105/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബിൽ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 പാർട്ട് ബില്ല് മാറി നൽകിയ ശേഷം പദ്ധതി നടപ്പാക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ടുകൾ പ്രകാരം പാർട്ട് CC I & പാർട്ട് ബില്ലുകൾ പ്രകാരം തുക മാറി നൽകിയിട്ടുണ്ട്. എന്നാൽ തുടർന്ന് പദ്ധതി പൂർത്തീകരിച്ച് ഫൈനൽ ബിൽ മാറി നൽകിയതായി കാണുന്നില്ല.

1)

| | |
|---|---|
| പ്രോജക്ട് | രഘുനാഥപുരം മാവിള സൈഡ് റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് (365/21) |

| | |
|---|---|
| അടങ്കൽ തുക | 519000/- (മെയിന്റനൻസ് - റോഡ്- 419000/-, ധന. അവാർഡ്-100000/-) |
| ചെലവ് തുക | 256053/- (C C I & പാർട്ട് ബിൽ) |

2)

| | |
|---|---|
| പ്രോജക്ട് | കുരക്കണ്ണി അത്തിവിള റോഡ് റീ ടാറിംഗ് (298/21) |
| അടങ്കൽ തുക | 133602/- (മെയിന്റനൻസ് - റോഡ്) |
| ചെലവ് തുക | 15311/-(C C I & പാർട്ട് ബിൽ) |

പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോയെന്നും മറ്റെന്തെങ്കിലും കാരണം കൊണ്ടാണോ പദ്ധതി നടപ്പാക്കാത്തത് എന്നും വ്യക്തമല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( 75/29.07.2022) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. പദ്ധതി ഉപേക്ഷിച്ചതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 കൗൺസിൽ തീരുമാനത്തിന് വിരുദ്ധമായി അടങ്കൽ തുകയേക്കാൾ കൂടുതലായി എസ്റ്റിമേറ്റ് പുതുക്കി പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| പ്രോജക്ട് | മാതൃശിശു സംരക്ഷണകേന്ദ്രം ബഡ്സ് സ്കൂൾ ആക്കി മാറ്റുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുക്കൽ (49/21) |
| അടങ്കൽ തുക | 354657/- (2020-21) |
| ചെലവ് തുക | 347903/- |
| കരാർ നം | 59/AE/P/2018-19 തീയതി 08.03.2019 |
| എം ബുക്ക് | 13/19-20, 33/19-20 |
| കരാറുകാരൻ | മുഹമ്മദ് അജാസ് |
| കരാർ നം. | 59/AE/P/2018-19 തീയതി 08.03.2019 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രവൃത്തിയുടെ ആദ്യ അടങ്കൽ തുക 250000/- ആയിരുന്നു. പ്രവൃത്തിക്കായി I & Part ബിൽ പ്രകാരം 96458/- രൂപ കരാറുകാരന് 2018-19 ൽ മാറി നൽകിയിട്ടുണ്ട്. തുടർന്ന് 2019-20 ൽ പ്രോജക്ട് സ്പിൽ ഓവറാക്കുകയും അടങ്കൽ തുക 451115 രൂപ ആയി നിർണ്ണയിക്കുയും ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 451086/- രൂപയുടെ സാങ്കേതികാനുമതിയും നൽകി. വർക്കല നഗരസഭയുടെ 28.09.19 ലെ 24 ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അടങ്കൽ തുകയിൽ വ്യത്യാസം വരുത്താതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് AEE ക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ട് പ്രകാരം അടങ്കൽ തുക 250000/- രൂപയും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത തുക 451086/- രൂപയുമാണ്. സ്പിൽ ഓവറായി 2019-20 വർഷം 451115 രൂപയ്ക്ക് പ്രോജക്ട് രൂപീകരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. കൗൺസിൽ തീരുമാനത്തിന് വിരുദ്ധമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ കാരണം വ്യക്തമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി( 73/27.07.2022) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. കൗൺസിൽ തീരുമാനത്തിന് വിരുദ്ധമായി അടങ്കൽ തുകയേക്കാൾ കൂടുതലായി എസ്റ്റിമേറ്റ് പുതുക്കി നൽകിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-38 പൊയ്കയിൽ കുളം നവീകരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

1)

| | |
|---|---|
| പ്രോജക്റ്റ് | പൊയ്കയിൽ കുളം നവീകരണം (276/21) |
| അടങ്കൽ തുക | 900000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് തുക | 833763/- |
| ബിൽ നം,തുക | 195/09.11.2020, 833763/- |
| എം ബുക്ക് | 2/20-21 |
| കരാറുകാരൻ | ശ്രീ. ആനന്ദ് കൃഷ്ണദീപ് |

2)

| | |
|---|---|
| പ്രോജക്റ്റ് | പൊയ്കയിൽ കുളം നവീകരണം (325/21) |
| അടങ്കൽ തുക | 200000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് തുക | 199958/- |
| ബിൽ നം,തുക | 306/10.03.2021 |
| എം ബുക്ക് | 30/20-21 |
| കരാറുകാരൻ | ശ്രീ. ആനന്ദ് കൃഷ്ണദീപ് |

പൊയ്കയിൽ കുളം നവീകരിച്ച് ജലക്ഷാമം പരിഹരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത് . ആയതിലേയ്ക്കായി മേൽ പ്രോജക്ടുകൾ പ്രകാരം ആകെ 10,33,721 രൂപ ചെലവഴിച്ചിട്ടുണ്ട്.





നവീകരിച്ച പൊയ്കയിൽ കുളത്തിന്റെ ചിത്രങ്ങൾ

പ്രോജക്റ്റ് നം 276/21 പ്രകാരം എം ബുക്ക് 2/20-21 പേജ് 26 ലെ ഇനം 8 പ്രകാരം 701.8 M3 മണ്ണ് കുഴിച്ചെടുത്തു. 701.80m3 മണ്ണ് കുഴിച്ചെടുക്കുന്നതിനായി 184.04/m3 നിരക്കിൽ 1,29,159.27 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ 80 ശതമാനം ഡിപ്പാർട്ട്മെന്റ് ഉപയോഗത്തിന് അനുയോജ്യമല്ല എന്നും 20 ശതമാനം കുളത്തിന്റെ താഴ്ന്ന പ്രദേശങ്ങളിൽ ഫില്ലിംഗിന് ഉപയോഗിച്ചതായും എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഉപയോഗ യോഗ്യമല്ലാത്ത മണ്ണ് നീക്കം ചെയ്തതിന്റെ തുടർ നടപടികൾ സംബന്ധിച്ച് വ്യക്തതയില്ല.

26.07.2022 ൽ നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ പ്രോജക്ട് നം. 276/21 ലെ ഇനം 5 – DSR പ്രവൃത്തി ഇനം 7.1.1 Random Rubble Masonry പ്രകാരം 85.59 $M^3$ പ്രവൃത്തിയിൽ M Book നമ്പർ 2, പേജ് നം 9 പ്രകാരം 5.77 $M^3$ R.R ചെയ്തത് ഭാഗികമായി പൊളിഞ്ഞ നിലയിലാണ്. പേജ് നം10 പ്രകാരം 0.42 $M^3$ അളവിൽ 7 സ്റ്റെപ്പുകൾ നിർമ്മിച്ചതിൽ നാല് എണ്ണവും പൊളിഞ്ഞു പോയ അവസ്ഥയിലാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (69/27.07.2022) ലഭ്യമാക്കിയ മറുപടിയിൽ കുഴിച്ചെടുത്ത മണ്ണിൽ 80 ശതമാനവും ചെളിമണ്ണ് ആയിരുന്നുവെന്നും അത് കുളത്തിന്റെ അരികിലുള്ള കൈതോടിന്റെ സംരക്ഷണത്തിനായി ഉപയോഗിച്ചിട്ടുണ്ട് എന്നും, 5.77 $M^3$ RR ചെയ്തത് 05.08.20 ലാണെന്നും 2 വർഷം ആയതിനാലും കാലവർഷക്കെടുതികൾ മൂലവുമാണ് പ്രസ്തുത കെട്ടിന് ഇളക്കം സംഭവിച്ചത് എന്നും 7 സ്റ്റെപ്പുകൾ നിർമ്മിച്ചതിൽ 4 എണ്ണം കാലവർഷം മൂലം തകർന്നു പോയതാണ് എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്.

701.80 $M^3$ മണ്ണിന്റെ ഉപയോഗം സംബന്ധിച്ച മറുപടിയിൽ അവ്യക്തത നിലനിൽക്കുന്നു.. കൂടാതെ, ഗുണമേന്മ കുറഞ്ഞ രീതിയിൽ പ്രവൃത്തി ചെയ്തതു കാരണമാണ് 2 വർഷത്തിനുള്ളിൽ തന്നെ പ്രവൃത്തിയിൽ തകരാറുകൾ സംഭവിച്ചത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കുളം നവീകരണത്തിനായി രണ്ട് പദ്ധതികൾ പ്രകാരം ആകെ 10,33,721 രൂപ ചെലവഴിച്ചത് പദ്ധതി ലക്ഷ്യം കൈവരിക്കുന്ന തരത്തിൽ ഉപയോഗപ്രദമായില്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു.

## 1-39 അംഗനവാടി കെട്ടിട നിർമ്മാണം - അധികം 7612/-രൂപ നൽകിയത് തിരികെ ഈടാക്കണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ അംഗനവാടി കെട്ടിട നിർമ്മാണം വാർഡ് 3 എന്ന പദ്ധതിയിലെ അപാകതകൾ ചുവടെ പറയുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | അംഗനവാടി കെട്ടിട നിർമ്മാണം വാർഡ്3 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 280/21 |
| അടങ്കൽ | 1332971/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 1276637/- |
| റ്റി എസ് നം | 79354/2019-20 |
| എം ബുക്ക് നം | 29/19-20,04/20-21 |
| കരാറുകാരൻ | ഗണേശൻ.ബി.ആർ |
| ബിൽ നം/ചെക്ക് നം | 875687/-213/28.11.20<br>400950/-299/6.3.21 |

അപാകതകൾ ചുവടെ പറയുന്നു.

1)വാർഡ് 3 ൽ അംഗനവാടി കെട്ടിട നിർമ്മാണം എന്ന പ്രവർത്തിയിൽ ഉൾപ്പെട്ട ഗേറ്റ് നിർമ്മാണത്തിനായി (DAR 9.48.2,എം ബുക്ക് 4/20-21 പേജ് 13,28) 208.55 കിലോ ജി.ഐ പൈപ്പ് ഉപയോഗിച്ചതായി രേഖപ്പെടുത്തുകയും ആയതിന് 155/kg നിരക്കിൽ 32,325.25 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. DAR 9.48.2 എന്ന സ്പെസിഫിക്കേഷൻ ജനൽ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കാണ് ഉപയോഗിക്കുന്നത്. ഗേറ്റ് നിർമ്മാണത്തിനായി 10.25.2(In Gratings Frames Guard Bar, Ladder, Railings, Brackets, Gates And Similar Works) എന്ന സ്പെസിഫിക്കേഷൻ (85.95 +Cost Index 37.93 ,

118.5/kg)നൽകിയാൽ മതിയാകുന്നതാണ്.

അനുവദിച്ച തുക - 208.55x 155 - 32,325.25

അനുവദിക്കാവുന്ന തുക - 208.5 X 118.5 - 24713.18

അധികം നൽകിയ തുക - 7612/-

2) മേൽ പ്രവൃത്തിയിൽ എം ബുക്ക് 4/20-21 പേജ് 1,35 പ്രകാരം (17.7.6 ) 2 വാഷ്ബേസിനുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തുകയും ആയതിന് 2306/- രൂപ നിരക്കിൽ 4612/- രൂപ അനുവദിച്ചിട്ടുമുണ്ട്. എന്നാൽ 26.7.22 ന് ഓഡിറ്റ് ടീം മരാമത്ത് വിഭാഗവുമായി നടത്തിയ സ്ഥലപരിശോധനയിൽ ഒരു വാഷ്ബേസിൻ മാത്രമാണ് സ്ഥാപിച്ചതായി കണ്ടത്. ആയത് സംയുക്ത സ്ഥലപരിശോധനാ റിപ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 26.07.22 തീയതിയിൽ ഓഡിറ്റ് അന്വേഷണം നം 66 നൽകിയിരുന്നതിന് മറുപടിയായി വാഷ്ബേസിന്റെ വിലയായ 2306/- രൂപ അടവാക്കിയതിന്റെ രസീത് ഹാജരാക്കിയിട്ടുണ്ട്.
ക്രമനം 1 ലെ അപാകതയ്ക്ക് മറുപടിയായി സാങ്കേതിഅനുമതി ലഭിച്ചത് പ്രകാരമാണ് പ്രവൃത്തി നിർവ്വഹിച്ചത് എന്നറിയിച്ചിട്ടുണ്ട്. ഉയർന്ന നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി പ്രവൃത്തി നിർവ്വഹിച്ചതുമൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ അധികം നൽകിയ 7612/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-40 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ - 1,75,348 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0066/21 |
| പ്രോജക്റ്റിന്റെ പേര് | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ(SO) |
| അടങ്കൽ | 9,17,533<br>(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 9,13,554 |
| ബിൽ നമ്പർ | 6/11.04.2020 |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |

മുനിസിപ്പാലിറ്റിയിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കലിനായി വർക്കല ഇലക്ട്രിക്കൽ സെക്ഷനിലും 3, 4, 5 വാർഡുകളിലേക്കായി ഇടവ സെക്ഷനിലും 16-ാം വാർഡിലേക്കായി പാലച്ചിറ സെക്ഷനിലും യഥാക്രമം 6,75,374 രൂപയും 1,75,348 രൂപയും 62,832 രൂപയും ട്രാൻസ്ഫർ ചെയ്തു. വർക്കല, പാലച്ചിറ സെക്ഷനുകളിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, ഇടവ സെക്ഷനിൽ നിന്നുള്ള 1,75,348 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 50/25.07.2022ന്റെ മറുപടി). വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതുവരേക്കും 1,75,348 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പ്രോജക്റ്റുകളിലെ അപാകതകൾ

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്റ്റ് ഫയലുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

| പ്രോജക്റ്റ് നമ്പർ | 171/21 | 227/21 |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | സ്വയം തൊഴിൽ സംരംഭം യുവതീ യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകൽ | ഭിന്നശേഷിക്കാരായ സ്ത്രീകൾക്ക് പെട്ടിക്കട |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ |
| ഫണ്ട് | വികസന ഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം, മറ്റുള്ളവ | വികസന ഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം |
| അടങ്കൽ | 1600000/-(400000- വികസനഫണ്ട്,<br>1200000-മറ്റുള്ളവ) | 550000/- |
| ചെലവ് | 150000 | 200000/- |
| ബിൽ നം. | 82/01.06.2020-50000 | 88/04.06.2020-50000 |

| | | |
|---|---|---|
| | 148/07.09.2020-50000<br>165/01.10.2020-50000 | 135/05.08.2020-150000 |

A ) പ്രോജക്റ്റ് നം.171/21 പ്രകാരം തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി ബാങ്ക് ലോൺ വഴി ഓട്ടോറിക്ഷ വാങ്ങുമ്പോൾ സബ്സിഡി തുക 50000/- രൂപ ബാക്ക് എൻഡ് സബ്സിഡി ആയി നൽകുന്ന രീതിയിലാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിരിക്കുന്നത്. മൂന്ന് പേർക്കാണ് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത്.

ഗുണഭോക്തൃ ലിസ്റ്റിൽ ക്രമ നമ്പർ 3, 15, 23 എന്ന ക്രമത്തിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീകാന്ത്.ഡി, ജോഷി അരവിന്ദ്, വിക്രമൻ.ബി എന്നിവർക്കാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്. ക്രമ നം.6- ഖലീൽ എന്നയാളിൽ നിന്നൊഴികെ ഗുണഭോക്തൃ ലിസ്റ്റിൽ ഇവർക്ക് മുൻപിലുള്ള മറ്റു ഗുണഭോക്താക്കളിൽ നിന്നും ആനുകൂല്യം ആവശ്യമില്ല എന്ന കത്ത് വാങ്ങി ഫയലിൽ ചേർത്തിട്ടില്ല.

B) പ്രോജക്റ്റ് നം.227/21 പ്രകാരം 4 വനിതകൾക്ക് 50000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ക്രമ നമ്പർ 8, 10 എന്ന ക്രമത്തിൽ ഉൾപ്പെട്ടിട്ടുള്ള അംബിക, ഷൈലജ എന്നിവർക്ക് ധന സഹായം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഇവർക്ക് മുൻപിലുള്ള മറ്റു ഗുണഭോക്താക്കളിൽ നിന്നും ആനുകൂല്യം ആവശ്യമില്ല എന്ന കത്ത് വാങ്ങി ഫയലിൽ ചേർത്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം.05/19.07.2022നുള്ള മറുപടിയിൽ ഗുണഭോക്തൃവിഹിതം ഒടുക്കാൻ ഗുണഭോക്താക്കൾ തയ്യാറാവാത്തത് മൂലവും യഥാസമയത്ത് രേഖകൾ ലഭ്യമാക്കാത്തതിനാലും നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താല്പര്യമില്ലാത്തവരെ ഒഴിവാക്കി പദ്ധതി നടപ്പിലാക്കുകയാണ് ഉണ്ടായതെന്ന് വ്യക്തമാക്കിയിരിക്കുന്നു. കൗൺസിൽ തീരുമാനം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ മുൻഗണനാക്രമം മറികടന്ന് സഹായം അനുവദിക്കുമ്പോൾ തീരുമാനത്തിന് വാർഡ് സഭയുടെ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ സാധൂകരണം ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41-1 വ്യവസായ വികസന ഓഫീസറുടെ ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല.

കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ക്യാഷ് ബുക്ക് TR-7A ഫോറത്തിൽ ഉള്ളതല്ല. വരവ് ചെലവുകൾ ഒരു നോട്ട് ബുക്കിൽ എഴുതി സൂക്ഷിക്കുകയാണ് ചെയ്തിരിക്കുന്നത്. ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്. അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.05/19.07.2022-നുള്ള മറുപടിയിൽ അപാകത ഭാവിയിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-42 PMAY ലൈഫ് ഭവന പദ്ധതി -അവലോകനം

2022 വർഷത്തിനകം എല്ലാവർക്കും ഭവനം ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 2015-ൽ ആരംഭിച്ച പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, നഗരസഭ എന്നിവയുടെ വിഹിതവും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയാണ് ഭവന നിർമ്മാണത്തിനുള്ള ഫണ്ടുകൾ കണ്ടെത്തുന്നത്. നിലവിൽ ഗുണഭോക്തൃ വിഹിതം എന്ന ഘടകം ഒഴിവാക്കിയിട്ടുണ്ട്.

ഭവന നിർമ്മാണത്തിന് 400000/- രൂപയാണ് സഹായം അനുവദിക്കുന്നത്. കരാർ സമർപ്പിച്ച് ഒന്നാം ഗഡുവായി (10%) 40000/- രൂപയും, അടിത്തറ പൂർത്തീകരിക്കുന്ന മുറയ്ക്ക് രണ്ടാം ഗഡുവായ (40%) 160000/- രൂപയും, തറനിരപ്പിന് മുകളിൽ മേൽക്കൂര ഉൾപ്പെടെയുള്ള നിർമ്മാണം പൂർത്തീകരിക്കുമ്പോൾ മൂന്നാം ഗഡുവായ (40%) 160000/- രൂപയും എസ്റ്റിമേറ്റ് പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച് വെള്ളം/വൈദ്യുതി എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് അവസാന ഗഡുവായ (10%) 40000/- രൂപയും ഗുണഭോക്താവിന് നൽകുന്നതാണ്. ഒരു ഗുണഭോക്താവിന് നൽകുന്ന 400000/- രൂപയിൽ 150000/- രൂപ കേന്ദ്ര വിഹിതവും, 50000/- രൂപ സംസ്ഥാന വിഹിതവും ബാക്കിയുള്ള 200000/- രൂപ നഗരസഭ വിഹിതവുമാണ്. നഗരസഭ വിഹിതത്തിൽ പദ്ധതി പ്രകാരം വകയിരുത്തുന്ന വികസന ഫണ്ടും ഹഡ്കോയിൽ നിന്നും എടുത്തിട്ടുള്ള ലോൺ തുകയും ഉൾപ്പെടും. നഗരസഭ സെക്രട്ടറിയും ഗുണഭോക്താവും തമ്മിൽ കരാറിലേർപ്പെട്ട് 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

2017-18 വർഷം മുതലാണ് പി.എം.എ.വൈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കി തുടങ്ങിയത്. 2021-22 വർഷം മുതൽ ആയത് ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡി.പി.ആർ) അടിസ്ഥാനത്തിലാണ് ഓരോ ഘട്ടം പ്രവർത്തനത്തിലെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പുൾപ്പെടെയുള്ള കാര്യങ്ങൾ നടക്കുന്നത്. വിവിധ ഡി.പി.ആർ പ്രകാരം ഭവന നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഡി പി ആർ ഘട്ടങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | കരാർ വച്ചവരുടെ എണ്ണം | ആദ്യ ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | രണ്ടാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | മൂന്നാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | നാലാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കാത്തവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| I | 184 | 184 | 184 | 183 | 181 | 169 | 15 | 3 പേർ തുക തിരിച്ചടച്ചു |
| II | 115 | 115 | 115 | 114 | 113 | 111 | 4 | 2പേർ തുക തിരിച്ചടച്ചു |
| III | 30 | 30 | 30 | 30 | 30 | 29 | 1 | - |
| IV | 166 | 166 | 166 | 158 | 147 | 133 | 33 | - |
| ആകെ | 495 | 495 | 495 | 485 | 471 | 442 | 53 | 3പേർ തുക തിരിച്ചടച്ചു |

ലഭ്യമായ ഫണ്ടുകളുടെ വിവരം 2020-21

(തുക ലക്ഷത്തിൽ)

| ഡി പി ആർ | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ഹഡ്കോ ലോൺ | ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|
| I | 257.85 | 85.95 | 186.00 | 84.05 |
| II | 156.00 | 52.00 | 108.00 | - |
| III | 41.55 | 13.85 | 6.0 | - |
| IV | 195.60 | 65.20 | - | - |

## 1-42-1 PMAY ലൈഫ് ഭവനനിർമ്മാണം-നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം

| ക്രമ നമ്പർ | പേര് | തുടർനടപടി വിവരം |
|---|---|---|
| DPR I | | |
| 1 | സുമയ്യ, നസീമമൻസിൽ | തുക തിരികെ ഒടുക്കി |
| 2 | സുലേഖബീവി, വയലരികത്ത് വീട് | തുക തിരികെ ഒടുക്കുന്നതിന് നോട്ടീസ് നൽകി. |
| 3 | സുനിത, ചാലുവിള | വീടിന്റെ നമ്പർ ലഭിക്കുന്നതിനുള്ള കാലതാമസം പരിഹരിച്ചതായി അറിയിച്ചിട്ടുണ്ട്. |
| 4 | താഹിറബീവി,കനാൽ പുറമ്പോക്ക് | ടോയ് ലറ്റ് പണി പൂർത്തീകരിച്ചിട്ടില്ല |
| 5 | ലക്ഷ്മി, കൊച്ചുവീട് | വീടിന് നമ്പരിട്ട് കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ല. |
| 6 | ഫൈസിയാബീവി, കനാൽ പുറമ്പോക്ക് | അവസാന ഗഡു കൈപ്പറ്റിയിട്ടില്ല |
| 7 | രാജി,തോപ്പുവിള,മുണ്ടയിൽ | സാവകാശം ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ട്. |
| 8 | സുലേഖ,കുഴിവിള വീട് | നോട്ടീസ് നൽകി |
| 9 | മുംതാസ്,പുതുവൽ വീട് | നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട് |
| 10 | ലീന,വയലിൽ വീട് | പൂർത്തീകരണ പ്ലാൻ ഹാജരാക്കുന്നതിന് നിർദ്ദേശിച്ചു. |
| 11 | സുജിത,അമൃത ഹൌസ് | വൈദ്യുതകണക്ഷൻ എടുത്തിട്ടില്ല |
| 12 | റംല,കുന്നിൽ പുറമ്പോക്ക് | വൈദ്യുതകണക്ഷൻ എടുത്തിട്ടില്ല |
| 13 | ലളിത,പുതുവൽ വീട് | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 14 | താജുന്നിസ,പുന്നവീട് | നോട്ടീസ് നൽകി |
| 15 | നെസിയത്ത്,കുന്നിൽ വീട് | നോട്ടീസ് നൽകി |
| DPR II | | |
| 16 | പ്രസന്ന,പ്രസന്നാലയം | തുക തിരികെ ഒടുക്കി |

| | | |
|---|---|---|
| 17 | അംബിക,കൊച്ചുവീട് | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 18 | അമ്പിളി,ശ്രീമന്ദിരം | എസ്.സി പ്രൊമോട്ടർമാർ മുഖേന വീട് പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകി. |
| 19 | രാജി, കനാൽപുറമ്പോക്ക് | നോട്ടീസ് നൽകി |
| DPR III | | |
| 20 | ഓമന, കനാൽപുറമ്പോക്ക് | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

വിവിധ ഗഡുക്കൾ കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ ഭവനനിർമാണം തുടരില്ല എന്നറപ്പായവരുണ്ടെങ്കിൽ മുൻകൂർ ആയി അവർക്ക് നൽകിയ തുക തിരിച്ചടപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അവരെ പദ്ധതിയിൽ നിന്നൊഴിവാക്കേണ്ടതുമാണ് .

## 1-43 എൻ.യു.എൽ.എം പദ്ധതി - അവലോകനം

ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യംവച്ചുകൊണ്ട് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് NULM (National Urban Livelihoods Mission). കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്ന നോഡൽ ഏജൻസി കുടുംബശ്രീ മിഷനാണ്. 2015 മെയ് മാസത്തിൽ ആദ്യ ഘട്ടമെന്ന നിലയിൽ കേരളത്തിലെ 14 നഗരങ്ങളിലും തുടർന്ന് 2016 നവംബർ 1 മുതൽ മുഴുവൻ നഗര പ്രദേശങ്ങളിലും പദ്ധതി വ്യാപിപ്പിട്ടുണ്ട്. നഗര ദാരിദ്യത്തിന്റെ 3 പ്രധാന മാനങ്ങൾ മിഷൻ പ്രകാരം (1) അടിസ്ഥാന സൗകര്യം, (2) സാമൂഹിക ദുർബലതകൾ, (3) തൊഴിൽ പരമായ ദുർബലതകൾ എന്നിവയാണ്. ഇവ ലഘൂകരിക്കുന്നതിന് മിഷൻ വിഭാവനം ചെയ്യുന്നത് പ്രധാനമായും 7 ഘടകങ്ങളിലൂടെയാണ് . അവ താഴെ നല്കുന്നു.

(1) സാമൂഹിക സംഘാടനവും സ്ഥാപനങ്ങൾ വികസിപ്പിക്കലും

(2) കാര്യശേഷി വികസനവും പരിശീലനവും

(3) നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങൾ ഉറപ്പിക്കലും

(4) സ്വയം തൊഴിൽ പദ്ധതി

(5) നഗരങ്ങളിലെ തെരുവ് കച്ചവടക്കാർക്ക് സഹായ പദ്ധതികൾ

(6) നഗരങ്ങളിൽ ഭവന രഹിതകൾക്കുള്ള പാർപ്പിട പദ്ധതി

(7) നൂതന ആശയ-സവിശേഷ പദ്ധതികൾ

മേൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വർക്കല നഗരസഭയിൽ ഒരു സിറ്റി മിഷൻ മാനേജരും, ഒരു മൾട്ടി ടാസ്ക് പേർസണും ഒരു കമ്മ്യൂണിറ്റി ഓർഗനൈസറും നിലവിൽ ഉണ്ട്. വർക്കല നഗരസഭയിൽ 2020-21 വർഷം നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. അയൽക്കൂട്ട രൂപീകരണം

വർക്കല നഗരസഭ സി ഡി എസിന്റെ കീഴിൽ എൻ.യു.എൽ.എം പ്രകാരം 24 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. 36അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. 7അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് സബ്സിഡി നൽകിയിട്ടുണ്ട്.

2. എസ്.ഇ.പി ലോൺ

സ്വയം തൊഴിൽ തുടങ്ങുന്നതിലേക്കായി ഒരു ഗ്രൂപ്പ് സംരംഭവും ഒരു വ്യക്തിഗത സംരംഭത്തിനും ബാങ്ക് ലോൺ ലഭ്യമാക്കി.

3. നൈപുണ്യ പരിശീലനം നൽകുക

നഗരസഭ പരിധിയിലുള്ള 3 കുട്ടികളെ വിവിധ കോഴ്സുകളിൽ സൌജന്യ പരിശീലനം നൽകി. പരിശീലനം പൂർത്തിയാക്കിയ കുട്ടികൾക്ക് ജോലി നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

4. കോവിഡ് സമയത്ത് സഹായത്തിനായി തെരുവ് കച്ചവടക്കാർക്ക് 10000/-രൂപ വീതം പി.എം സ്വാനിധി പോർട്ടലിലൂടെ ബാങ്ക് ലോൺ ലഭ്യമാക്കി.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പദ്ധതിയുടെ ഭാഗമായി നൈപുണ്യ പരിശീലനം നൽകുന്ന അക്രഡിറ്റഡ് ഏജൻസികൾ തന്നെ 70% പേർക്ക് മാസം കുറഞ്ഞത് 8000 രൂപ വേതനത്തിൽ തൊഴിൽ ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

2. പദ്ധതികളുടെ മോണിറ്ററിംഗ് നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്.

3. നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

പദ്ധതിയുടെ 2020-21 വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വരവ് | തുക (₹) | ചെലവ് | തുക (₹) |
|---|---|---|---|
| മുന്നിരിപ്പ് | 349463 | | |
| എൻ.യു.എൽ.എം-RO Fund (SMID) | 1100000 | എൻ.യു.എൽ.എം-RO Fund (SMID) | 1100000 |
| എൻ.യു.എൽ.എം- EST& P | 92800 | എൻ.യു.എൽ.എം- EST&P | 51331 |
| CB&T | 165910 | CB&T | 274500 |
| പലിശ | 10361 | ബാങ്ക് ചാർജസ് | |
| | | നീക്കിയിരിപ്പ് | 292703 |
| ആകെ | 1718534 | | 1718534 |

## 1-44 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ പദ്ധതി, എ.ഇ.യുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ തുക അനുവദിച്ചു.

| | |
|---|---|
| പദ്ധതിയുടെ പേര് | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ ,UPAC |
| പ്രോജക്ട് നമ്പർ | 181/21 |
| അടങ്കൽ | 11,00,000/- വികസനഫണ്ട് |
| ചെലവ് | 10,25,000/- |
| ബിൽ നമ്പർ | 57/19.5.20,63/21.5.20,68/27.5.20,76 /28.5.20,79/29.5.20,86/2.6.20,99 /13.6.20,101/15.6.20,107/18.6.20,118 /4.7.20,140/15.8.20,153/16.9.20,186/4.11.20 |

1. മേൽ പദ്ധതിയ്ക്കായി ഗുണഭോക്താക്കൾ ഹാജരാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ആദ്യ ഗഡു തുക അനുവദിച്ചിരിക്കുന്നതെങ്കിലും പണി പൂർത്തീകരിച്ചത് സംബന്ധിച്ചുള്ള എഇയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജാക്കാതെ ഗുണഭോക്താക്കളുടെ അപേക്ഷ പ്രകാരം പിന്നീടുള്ള തുക അനുവദിച്ചതായി കാണുന്നു. അവസാന ഗഡു നൽകുന്നതിന് മുമ്പ് പണി പൂർത്തീകരിച്ച് എൽ എസ് ജി ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യനിർണയം നടത്തുന്നതിനനുസരിച്ചാണ് സബ്സിഡി നിർണയിക്കേണ്ടത്. ഇത്തരത്തിൽ തുക അനുവദിച്ചതുമൂലം യഥർത്ഥത്തിൽ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമാണോ പണിപൂർത്തീകരിച്ചതെന്നോ, പൂർത്തീകരിച്ച പണിയുടെ വാല്വേഷൻ അനുസരിച്ചാണോ തുക അനുവദിച്ചിട്ടുള്ളത് എന്നോ ഉറപ്പാക്കാനാകുന്നില്ല.

2.പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് ഗഡുക്കളായി വിതരണം ചെയ്ത തുകകളുടെയും സാധനങ്ങളുടേയും വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഇവ കൈപറ്റിയതിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് കഴിയുന്നില്ല.

3.2019-20 പ്രോജക്ടിന്റെ തുടർച്ചയായി സ്പിൽ ഓവറായാണ് പദ്ധതി നിർവ്വഹിച്ചിരിക്കുന്നത്. എന്നാൽ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ പുതിയ പദ്ധതിയായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രോജക്ട് ഫോറം ഹാജരാക്കിയിട്ടില്ല.

4.പല ഫയലുകളിലും വീടുകളുടെ തറവിസ്തീർണം രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം -11തീയതി 21.07.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ ക്രമപ്രകാരമുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് മാത്രം പ്രവൃത്തി നടപ്പിലാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-45 കമ്മ്യൂണിറ്റി കിച്ചനിലൂടെ ലഭ്യമാക്കുന്ന സൗജന്യ ഊണിനുള്ള സഹായം പദ്ധതി -മോണിറ്ററിംഗ് കാര്യക്ഷമമല്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കമ്മ്യൂണിറ്റി കിച്ചനിലൂടെ ലഭ്യമാക്കുന്ന സൗജന്യ ഊണിനുള്ള സഹായം |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ ,UPAC |
| പ്രോജക്ട് നമ്പർ | 204/21 |
| അടങ്കൽ | 1,32,500/- വികസനഫണ്ട് |
| ചെലവ് | 1,24,983/- |
| ബിൽ നമ്പർ | 2858/- 419/30.3.21<br>28125/- 70/27.5.20<br>94000/- 144/24.8.20 |

1.മുനിസിപ്പൽ ചെയർപേഴ്സൺന്റെ നിർദ്ദേശം പ്രകാരം ആശുപത്രിയിൽ അഡ്മിറ്റായിട്ടുള്ള രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനായി പൗർണ്ണമി കുടുംബശ്രീ, ഉജ്ജയിനി പുണ്യം എന്നീ രണ്ട് യൂണിറ്റുകളെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത യൂണിറ്റുകൾ ഹാജരാക്കിയ ബിൽ അനുസരിച്ച് രണ്ട് യൂണിറ്റുകൾക്കും തുക നൽകിയിട്ടുമുണ്ട്. എന്നാൽ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. ബില്ലിൽ പറഞ്ഞിരിക്കുന്ന എണ്ണം ഭക്ഷണം കൃത്യമായി വിതരണം നടത്തിയിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല.

2. പ്രോജക്ട് ഫോറം ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് 21.07.22 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 12 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കി അർഹരായവർക്ക് കൃത്യമായി ആഹാരം ലഭിക്കുന്നു എന്ന വിവരം ഉറപ്പാക്കേണ്ടതാണ്.

## 1-46 വിശപ്പുരഹിത കേരളം പദ്ധതി -റിവോൾവിംഗ് ഫണ്ട് തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | വിശപ്പുരഹിത കേരളം |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, UPAC |
| പ്രോജക്ട് നമ്പർ | 93/21 |
| അടങ്കൽ | 1,00,000/- വികസനഫണ്ട് |
| ചെലവ് | 30000/- |

| | |
|---|---|
| ബിൽ നമ്പർ | 156/24.9.20 |

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടി അംഗീകരിച്ചു കൊണ്ടുള്ള സ.ഉ.(കൈ)45/20 ത.സ്വ.ഭ.വ. തീയതി 6.3.20 നമ്പർ മാർഗ്ഗരേഖയിലെ ഖണ്ഡിക 1-7 ൽ അനുവദിക്കും പ്രകാരം ജനകീയ ഹോട്ടൽ നടത്തിപ്പിനായി തെരഞ്ഞെടുത്ത അമ്മ മെസ്സിന് 30000/- രൂപ റിവോൾവിങ് ഫണ്ട് നൽകിയിട്ടുണ്ട്. റിവോൾവിംഗ് ഫണ്ടായി നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, റിവോൾവിംഗ് ഫണ്ട് നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീ ഗ്രൂപ്പുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ്, റിവോൾവിംഗ് ഫണ്ട് തിരിച്ചടവിനായി ആരംഭിച്ച റിവോൾവിംഗ് ഫണ്ട് റീക്കുപ്പ്മെന്റ് ബാങ്ക് അക്കൌണ്ടിന്റെ പാസ്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം -13തീയതി 21.07.2022 നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിന് നിദാനമായ 14.2.2018 ലെ സ ഉ (കൈ) നം 22/2018 നം സബ്സിഡി മാർഗ്ഗരേഖയിലെ പ്രധാന വ്യവസ്ഥകൾ പ്രകാരം റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല, താൽക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണ്. റിവോൾവിംഗ് ഫണ്ട് പ്രതിമാസ തവണകളായി കൃത്യമായി തിരിച്ചടപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്ന രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-47 അമൃതം ഗമയ പദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | അമൃതം ഗമയ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 241/21 |
| അടങ്കൽ | 13,00,000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട് |
| ചെലവ് | 2,87,800/- |
| ചെക്ക് നമ്പർ | 375668/10.8.20<br>375669/10.8.20 |

സർക്കാർ ഉത്തരവ് നം (ആർ.റ്റി) 1606/2013/റ്റി എസ് തീയതി 1.3.2013 പ്രകാരം ഭരണാനുമതി ലഭ്യമായ ഖരമാലിന്യ സംസ്കരണ പദ്ധതിയായ അമൃതം ഗമയക്കായി 42,40,000/- രൂപ ടൂറിസം വകുപ്പിൽ നിന്നും 2013ൽ ലഭ്യമായിരുന്നു. നഗരസഭയിലെ മാലിന്യ സംസ്കരണത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുക, മാലിന്യ സംസ്കരണത്തിന് സഹായകമാകുന്ന ഉപകരണങ്ങൾ വാങ്ങുക മുതലായവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. 16.10.2019തീയതിയിൽ നഗരസഭ തയ്യാറാക്കിയ വിനിയോഗ സർട്ടിഫിക്കററ് പ്രകാരം 25,89,818/- രൂപ ചെലവാക്കിയിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിനു നൽകുവാനുള്ള 3,40,000/-രൂപ കുറച്ചിട്ട് 13,97,613/-രൂപ പലിശ ഉൾപ്പെടെ അവശേഷിക്കുന്നതിൽ നിന്നും മാലിന്യ സംസ്കരണത്തിന് ആവശ്യമായ ഉപകരണങ്ങളായ ചെയിൻസാ, വേസ്റ്റ് ബിൻ, പ്ലാസ്റ്റിക്ക് ബാസ്കറ്റ് എന്നിവ വാങ്ങുന്നതിന് 29.8.2019ലെ കൌൺസിൽ യോഗം നം 1(1) ആയി തീരുമാനിച്ചു. ടെണ്ടർ ക്ഷണിക്കുകയും ഷഹനാസ് ട്രേഡിംഗ് കമ്പനിയിൽ നിന്നും 19000/- രൂപ വീതം 6 വേസ്റ്റ് ബിന്നുകളും ട്രാവൻകൂർ ട്രേഡേസിൽ നിന്നും 29900/-രൂപയ്ക്ക് ചെയിൻസാ 2 എണ്ണവും വാങ്ങുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. തുടർ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

1) 2020-21 വർഷത്തെ ചെലവായ 2,87,800/- രൂപയുടെ ചെലവ് വിവരം, ബില്ലുകൾ, സ്റ്റോക്ക്, പ്രൊക്വയർമെന്റ് കമ്മിറ്റി റിപ്പോർട്ട്, വേസ്റ്റ് ബിന്നുകൾ സപ്ളൈ ചെയ്തിന്റെ വിവരം, കൈപ്പറ്റ് മുതലായവ ലഭ്യമാക്കിയിട്ടില്ല.

2) 2013ൽ ലഭ്യമായ തുക നാളിതുവരെ പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടും 42,40,000/- രൂപയുടെ നാളിതുവരെയുള്ള വിനിയോഗ വിവരം ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണം നം -24തീയതി 22.07.2022.ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ മാലിന്യ സംസ്കരണം കുററമററീതിയിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവായ തുകയുടെ നാളിതുവരെയുള്ള കൃത്യമായ വിനിയോഗവിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-48 ജി.ഐ.എസ് മാപ്പിംഗ് പദ്ധതി -പദ്ധതി ലക്ഷ്യം പൂർത്തീകരിക്കണം

| | |
|---|---|
| പദ്ധതിയുടെ പേര് | ജി.ഐ.എസ് മാപ്പിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 92/21 |
| അടങ്കൽ | 3418095/-<br>വികസനഫണ്ട് |

| | |
|---|---|
| ചെലവ് | 3381703/- |
| ബിൽ നമ്പർ | 1557600/-224/30.12.20<br>730420/-225/30.12.20<br>692483/-283/3.3.21<br>401200/-212/28.11.20 |

നഗരസഭയുടെ ജി ഐ എസ് മാപ്പിംഗ് പ്രവൃത്തികൾ നടത്തിയത് ഊരാളുങ്കൽ ലേബർ കേൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരമാണ്.

1. സർക്കാർ ഉത്തരവ് (ആർ.ടി) 2556/2018/ത.സ്വ.ഭ.വ തീയതി 04-10-2018, ഉത്തരവ് പ്രകാരം ജി ഐ എസ് മാപ്പിംഗ് ഐ.കെ.എം സൂപ്പർവൈസ് ചെയ്യേണ്ടതാണെന്നും ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാൻ സാധിക്കുന്ന വിധത്തിൽ വേണം ജി ഐ എസ് മാപ്പിംഗ് നടത്തേണ്ടതെന്നും പ്രോപ്പർട്ടി അസസ് മെന്റിന് ജി ഐ എസ് മാപ്പിംഗ് ഉപകരിക്കണമെന്നും തദ്ദേശ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ കൂടി മാപ്പിംഗ് പരിധിയിൽ കൊണ്ടുവരണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡേററ ശരിയാണോ എന്ന് റാൻഡം ചെക്കിംഗിലൂടെ കണ്ടെത്തുവാൻ ശ്രമിച്ചിട്ടുള്ളതായി ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2.പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾ കൂട്ടിച്ചേർക്കുന്നതിന് നിലവിൽ നഗരസഭയിൽ സംവിധാനമുണ്ടോ എന്നതും നിലവിലുള്ള ഡാറ്റയിൽ അപ്ഡേഷൻ നടത്തുന്നുണ്ടോ എന്നതും അപ്ഡേഷൻ നടത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരവും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/21.07.22) മറുപടിയായി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

3. ജി ഐ എസ് മാപ്പിംഗിന് അംഗീകരിച്ച നിരക്ക് താഴെ പറയും പ്രകാരമാണ്.

₹110/HOUSE HOLD

₹7000/Square KM Which Included Detailed Road Survey

₹ Soft Ware Development -Nil

എസ്റ്റിമേറ്റ് ക്രമ നമ്പർ 1, 2 എന്നിവക്ക് മേൽ ഉത്തരവ് പ്രകാരം സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ അഡീഷണൽ ഫീച്ചേഴ്സിൽ ഉൾപ്പെടുത്തിയ ഡ്രോൺ സർവ്വേയുടെ നിരക്ക് ഉത്തരവിൽ ഇല്ലാതിരിക്കെ പ്രസ്തുത ഇനത്തിന് നിരക്ക് നിശ്ചയിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. ആയത് വ്യക്തമാക്കേണ്ടതാണ്. സർക്കാർ ഉത്തരവ് പ്രകാരം Base Map തയ്യാറാക്കുന്നതിന് സ്ക്വയർ കി.മിറ്ററിന് 7000 രൂപയാണ് നിരക്ക്. കരാർ പ്രകാരം Base Map തയ്യാറാക്കുന്നതിന് 17 സ്ക്വ.കി.മിറ്ററിന് 7000 രൂപ നിരക്കിൽ 119000/- രൂപ ഉൾപ്പെടുത്തുകയും ആയതിലേക്ക് ഡ്രോൺ ഉപയോഗിക്കുന്നത് മറ്റൊരു ഇനമായി ഉൾപ്പെടുത്തി 17 സ്ക്വ.കി.മീറ്ററിന് 20,000 രൂപ നിരക്കിൽ 340000 രൂപ അധികമായി ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു. Base Map തയ്യാറാക്കുന്നതിലേക്കായി സർക്കാർ നിശ്ചയിച്ച നിരക്കിന് പുറമെ അത് തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണത്തിന്റെ ചെലവ് കൂടി ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് സാങ്കേതിക ഉപദേശം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

4.ബേസ് മാപ്പിന്റെ കോപ്പി ലഭിച്ചിട്ടില്ല.

5. ജി ഐ എസ് മാപ്പിംഗ് ഡേറ്റയുടെ ആധികാരികത ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം -22തീയതി 21.07.2022.ന മറുപടിയായി സർവ്വെ ചെയ്ത ബേസ് മാപ്പും രേഖകളും നഗരസഭയ്ക്ക് കൈമാറുന്നതിനായി ഊരാളുങ്കൽ ലേബർ സൊസൈറ്റിക്ക് അറിയിപ്പ് നൽകുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ജി ഐ എസ് മാപ്പിംഗ് ലക്ഷ്യ പ്രാപ്തിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-49 വരൾച്ച, കുടിവെള്ള വിതരണം പദ്ധതി-നടപടിക്രമങ്ങൾ പാലിച്ചില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കുടിവെള്ള വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 217/21 |
| അടങ്കൽ | 2,50,000/-<br>ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | 1,71,000/- |

| | |
|---|---|
| ബിൽ നം/ചെക്ക് നം | 45000/-58/20.5.20<br>126000/-131/7.7.20 |

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി മുനിസിപ്പാലിറ്റി ക്വട്ടേഷൻ വിളിച്ച് ശ്രീ.സുനിൽ.എസ് എന്നയാളിന് 5000ലിറ്ററിന് 2250/- രൂപ നിരക്കിൽ കരാർ നൽകിയിട്ടുണ്ട്.

സ.ഉ (സാധാ) നം. 494/2020, തീയതി 27.2.20 നമ്പർ ഉത്തരവിലെ ക്രമ നം.3, 4 പ്രകാരമുള്ള വ്യവസ്ഥ അനുസരിച്ച് ജിപിഎസ് ഘടിപ്പിച്ച ടാങ്കറുകളിൽ വേണം കുടിവെള്ള വിതരണം നടത്തേണ്ടതെന്നും കുടിവെള്ള വിതരണം സംബന്ധിച്ച മോണിട്ടറിംഗ് നടത്തുന്നതിനുള്ള സംവിധാനവും ജി പി എസ് ട്രാക്കിംഗ് സംവിധാനവും ത സ്വ ഭ വ സ്ഥാപനങ്ങളുടെ ജില്ലാതല മേധാവികൾ ഏർപ്പെടുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. വാഹനങ്ങളുടെ ജിപിഎസ് ട്രിപ്പ് ഷീറ്റ് ലഭ്യമല്ല.

2. വാഹനങ്ങളുടെ ജി.പി.എസ് ലോഗും വാഹനങ്ങളുടെ ലോഗ് ബുക്കും തമ്മിൽ ക്രോസ് ചെയ്ത് പരിശോധിച്ചിട്ടില്ല.

3. വാട്ടർ അതോറിറ്റിയൽ നിന്നുള്ള വിതരണ കൂപ്പണുകളിൽ ജലത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. കൂപ്പണുകളിൽ ഉദ്യോഗസ്ഥരുടെ പേരോ, ഒപ്പോ രേഖപ്പെടുത്തിയിട്ടില്ല. ജലത്തിന്റെ കൈപ്പറ്റ് രസീത് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടില്ല.

4. ചില ട്രിപ്പ് ഷീറ്റുകളിൽ വാട്ടർ അതോറിറ്റിയുടെ രേഖപ്പെടുത്തലുകൾ ഇല്ല.

മേൽ വിഷയങ്ങളാൽ കരാറുകാരന് നൽകിയ തുകയുടെ ആധികാരികത ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം -45 തീയതി 23.07.2022.നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് കുടിവെള്ളം വിതരണം പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-50 എം.ജി.കോളനി ഭവന നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0147/21 |
| പ്രോജക്റ്റിന്റെ പേര് | ശ്രീനിവാസപുരം എം.ജി.കോളനിയിൽ തണൽ പദ്ധതി പ്രകാരം പട്ടികജാതിക്കാർക്കായി നഗരസഭ ധനസഹായം നൽകി പണിത വീടുകളിൽ വാസയോഗ്യമല്ലാത്ത വീടുകൾക്ക് പകരം പുതിയ വീട് നിർമ്മാണം 2020-21 |
| അടങ്കൽ | 80,00,000 (വികസന ഫണ്ട് SCP) |
| ചെലവ് | 35,00,000 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

എം.ജി.കോളനിയിലെ വാസയോഗ്യമല്ലാത്ത വീടുകൾ പൊളിച്ച് പുതിയ വീടുകൾ നിർമ്മിക്കുന്നതിന് 20 ഗുണഭോക്താക്കൾക്ക് 4,00,000 രൂപ വീതം വകയിരുത്തിയ പ്രോജക്ട്.

ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് വിവരം | കൈപ്പറ്റിയ തുക |
|---|---|---|
| I | ഉഷ, കോളനി വീട് | 340000 |
| Ii | മധു, കുന്നിൽ വീട് | 370000 |
| Iii | ഗോപി.ജി., എം.ജി. കോളനി | 340000 |

| | | |
|---|---|---|
| Iv | മണിയൻ, സുരേഷ് ഭവൻ | 340000 |
| V | സാവിത്രി.കെ, കോളനിവീട് | 340000 |
| Vi | സുഭദ്ര, ശരവണഭവൻ | 340000 |
| Vii | ബേബി, കനാൽ പുറമ്പോക്ക്, തൊട്ടുവേ | 340000 |
| Viii | അരുന്ധതി, എം.ജി. കോളനി | 60000 |
| Ix | പ്രേമലത, എം.ജി. കോളനി | 340000 |
| X | കമല, സജന ഭവൻ | 340000 |
| Xi | ശാന്ത, ശാന്തി ഭവൻ | 340000 |
| Xii | സരസ്വതി, മേലേകൊല്ലയിൽ വീട്, ജനാർദ്ദനപുരം | 340000 |

19 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ 12 പേർ അവസാന ഗഡു കൈപ്പറ്റിയില്ല. ഇതിൽ 9 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചെങ്കിലും മുനിസിപ്പാലിറ്റിയിൽ നിന്ന് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനുള്ള കാലതാമസം കാരണമാണ് അവസാന ഗഡു നൽകാൻ സാധിക്കാത്തതെന്നും പൂർത്തീകരണ സർട്ടിഫിക്കറ്റും വാല്യുവേഷൻ സർട്ടിഫിക്കറ്റും ലഭ്യമാകുന്ന മുറയ്ക്ക് അവസാന ഗഡു നൽകുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 07/20.07.2022ന്റെ മറുപടി).

ഭവന നിർമ്മാണം പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-51 പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO004/21 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 30,00,000 (വികസന ഫണ്ട് SCP) |
| ചെലവ് | 2,00,000 |
| ബിൽ നമ്പർ | 294/06.03.2021 തുക 50,000<br>311/10.03.2021 തുക 50,000<br>335/20.03.2021 തുക 1,00,000 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

പഠന മുറി നിർമ്മിക്കുന്നതിനായി 15 പേർക്ക് 2,00,000 രൂപ വീതം വകയിരുത്തിയ പ്രസ്തുത പ്രോജക്ടിൽ, സുജ.എസ്, തേക്കുവിളവീട്, മൈതാനം എന്ന ഗുണഭോക്താവ് മൂന്ന് ഗഡുക്കളായി 1,70,000 കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ, പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. പ്രസ്തുത പ്രോജക്ടിന്റെ സ്പിൽ ഓവറായി 2021-22 വർഷം ആനുകൂല്യം കൈപ്പറ്റിയ ശാലിനി.എസ്, സുരേഷ്.വി എന്നീ ഗുണഭോക്താക്കളും പണി പൂർത്തീകരിച്ചിട്ടില്ല.

പ്രസ്തുത ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ പൂർത്തീകരണ സർട്ടിഫിക്കറ്റും വാല്യുവേഷൻ സർട്ടിഫിക്കറ്റും ലഭിച്ചിട്ടില്ലെന്നും അവ ലഭിക്കുന്ന മുറയ്ക്ക് അവസാന ഗഡു അനുവദിച്ച് നൽകുമെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 58/25.07.2022ന്റെ മറുപടി). തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-52 ഹയർസെക്കന്ററിയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

മെറിറ്റോറിയസ് സ്കോളർഷിപ്പിനായി 2020-21 വർഷം നടപ്പാക്കിയ രണ്ട് പ്രോജക്ടുകളിലും ഹയർ സെക്കന്ററിയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്.

എ)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO001/21 |
| പ്രോജക്ടിന്റെ പേര് | മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| അടങ്കൽ | 12,00,000 (വികസന ഫണ്ട് SCP) |
| ചെലവ് | 3,90,000 |
| ബിൽ നമ്പർ | 242/22.01.2021 തുക 2,30,000<br>250/30.01.2021 തുക 95,000<br>258/04.02.2021 തുക 50,000 |

| | |
|---|---|
| | 260/09.02.2021 തുക 15,000 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് വിവരം | പഠന വിവരം | കൈപ്പറ്റിയ തുക |
|---|---|---|---|
| I | കൃഷ്ണ നാരായണൻ.എസ്, ചരുവിള വീട് | പ്ലസ് വൺ, ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂൾ, വർക്കല | 15,000 |
| Ii | ഭാഗ്യ.ബി, പാറവിള പുത്തൻവീട് | പ്ലസ് വൺ, M.R. മൊഹമ്മദ് മെമ്മോറിയൽ മുസ്ലീം ഹയർ സെക്കന്ററി സ്കൂൾ, ഇടവ | 15,000 |
| Iii | ഗൌരി.എ.ടി, ആർ.ടി.വില്ല | പ്ലസ് വൺ, M.R. മൊഹമ്മദ് മെമ്മോറിയൽ മുസ്ലീം ഹയർ സെക്കന്ററി സ്കൂൾ, ഇടവ | 15,000 |
| Iv | നിജ.എ. പുതുവൽ പുത്തൻവീട് | പ്ലസ് ടു, ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂൾ, വർക്കല | 15,000 |

ബി)

| | |
|---|---|
| പ്രോജക്ട് നമ്പർ | SO208/21 |
| പ്രോജക്ടിന്റെ പേര് | മെറിറ്റോറിയസ് സ്കോളർഷിപ്പ്(SO) |
| അടങ്കൽ | 3,55,000 (വികസന ഫണ്ട് SCP) |
| ചെലവ് | 3,55,000 |
| ബിൽ നമ്പർ | 47/28.04.2020 തുക 3,55,000 |

| ഗുണഭോക്താവിന്റെ പേര് വിവരം | പഠന വിവരം | കൈപ്പറ്റിയ തുക |
|---|---|---|
| പ്രണവ്.എസ്.എം, വാഴവിള വീട് | പ്ലസ് ടു, ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂൾ, വർക്കല | 15,000 |

സബ്സിഡി മാർഗരേഖയിൽ സംസ്ഥാന സർക്കാരോ സർക്കാർ ചുമതലപ്പെടുത്തുന്ന ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സകൾക്കും ആനുകൂല്യം അനുവദിക്കാമെന്നതിന്റെ അടിസ്ഥാനത്തിലാണ് 15000/- രൂപ വീതം അനുവദിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 26/22.07.2022ന്റെ മറുപടി).

പ്ലസ് ടു വരെയുള്ള വിദ്യാഭ്യാസം സൗജന്യമായിരിക്കെ, ഇപ്രകാരം സ്കോളർഷിപ്പ് നൽകിയത് അഭികാമ്യമല്ല. ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-53 ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം - സർക്കാർ ഉത്തരവുകൾ വിരുദ്ധമായ ചെലവ് - 15500/- രൂപ നിരാകരിക്കുന്നു.29500/- രൂപ തടസപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0020/21 | S0176/21 |
| പ്രോജക്ടിന്റെ പേര് | ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ക്യൂ.ഐ.പി)2020-21 | ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ക്യൂ.ഐ.പി) |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് |
| അടങ്കൽ | 70000(വി.ഫ) | 60000(വി.ഫ) |
| ചെലവ് | 14746/- | 59900/- |
| ബിൽ | 366//26.03.21 | 91/09.06.20 |

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ സമയം കഴിഞ്ഞ് അധിക സമയം പഠിപ്പിക്കുന്നതിനും പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനുമാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തത്. നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഗവ.എച്ച് എസ് എസ് വർക്കല, മോഡൽ എച്ച് എസ് നടയറ എന്നീ സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പഠനത്തിൽ പിന്നോക്കം നിൽക്കുന്ന പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്ക് വിവിധ പാഠ്യ വിഷയങ്ങളിലും സംശയദൂരീകരണത്തിനുമായി മേൽ സ്കൂളുകളിലെ അധ്യാപകർ ഉൾപ്പെടെ വിവിധ വ്യക്തികൾ ക്ലാസെടുത്തിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ അധ്യാപകരല്ലാത്ത വ്യക്തികൾ പാഠ്യ വിഷയങ്ങൾക്ക് ചട്ടവിരുദ്ധമായി ക്ലാസെടുത്തതും ഓണറേറിയം അനുവദിച്ചതും ഗുരുതരമായ വീഴ്ചയാണ്. കൂടാതെ ക്ലാസെടുത്ത ഇനത്തിൽ പ്രസ്തുത സ്കൂളിലെ അധ്യാപകരും അനർഹമായി ഓണറേറിയം കൈപ്പറ്റിയിട്ടുണ്ട്. പാഠ്യ വിഷയങ്ങൾക്ക് 15500/- രൂപ അനുവദിച്ചതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 3-1 ഉൾപ്പെടുത്തിയിട്ടുണ്ട്.

2)സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 , അനുബന്ധ വിഷയങ്ങൾ ഖണ്ഡിക 8.4 പ്രകാരം ബോധവൽക്കരണ ക്ലാസുകൾക്ക് വികസന ഫണ്ട് ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി താഴെപ്പറയുന്ന തുക അനുവദിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ | ബിൽ നമ്പർ | പേര് | വിവരണം | തുക |
|---|---|---|---|---|
| 176/21 | 91/09.06.20 | കനൽ ഇന്നവേഷൻ ചാരിറ്റബിൾ | ബോധവൽക്കരണ ക്ലാസ് | 5000/- |

3)മോഡൽ ക്വസ്റ്റ്യൻ പേപ്പർ തയ്യാറാക്കിയ ഇനത്തിൽ മോഡൽ പബ്ലിക്കേഷൻസ് എന്ന സ്ഥാപനത്തിന് 24500/- രൂപ അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം(ജി.ഒ(പി)നം.259/2010/തസ്വഭവ തീ.08.11.2010) 5000/- രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചാണ് സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കേണ്ടത്. എന്നാൽ പ്രസ്തുത സ്ഥാപനത്തെ തെരെഞ്ഞെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റ് നമ്പർ | ബിൽ നമ്പർ | പേര് | വിവരണം | തുക |
|---|---|---|---|---|
| 176/21 | 91/09.06.20 | മോഡൽ പബ്ലിക്കേഷൻസ് | ക്വസ്റ്റ്യൻ പേപ്പർ | 24500/- |

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക്(48/23.07.2022,60/25.07.2022) ലഭിച്ച മറുപടിയിൽ വിശദീകരണങ്ങൾ ലഭ്യമാക്കുന്നതിനും രേഖകൾ ഹാജരാക്കുന്നതിനും മേൽ പദ്ധതി നടപ്പാക്കിയ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്ക് അറിയിപ്പ് നൽകിയതായി വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ചെലവഴിച്ച 15500/- രൂപ നിരാകരിക്കുന്നു. കൂടാതെ രേഖകളുടെ അഭാവത്തിൽ 29500/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു(24500+5000).

## 1-54 സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി അധിക തുക ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0177/21 |
| പ്രോജക്റ്റിന്റെ പേര് | കുട്ടികൾക്ക് യോഗ പരിശീലനം |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് |
| അടങ്കൽ | 50000(വി.ഫ) |
| ചെലവ് | 43500/- |
| ബിൽ | 92/09.06.2020 |

യോഗ പരിശീലനം നടപ്പാക്കിയ മേൽ പ്രോജക്റ്റിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകിയ അധികതുകയായ 8700/- രൂപ നിരാകരിക്കുന്നു. വിശദാംശം ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-55 കമ്പ്യൂട്ടർ സർവ്വീസിംഗും മെയിന്റനൻസും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും - രേഖകൾ ഹാജരാക്കിയില്ല -76450/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0053/21 |
| പ്രോജക്റ്റിന്റെ പേര് | വിവിധ സ്കൂളുകളിൽ കമ്പ്യൂട്ടർ സർവ്വീസിംഗും മെയിന്റനൻസും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും |

| | |
|---|---|
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് |
| അടങ്കൽ | 80000/-(മെ.നോൺറോഡ്) |
| ചെലവ് | 76450/- |
| ബിൽ നം | 40/11.04.2020 |

വിവിധ സ്കൂളുകളിൽ കമ്പ്യൂട്ടർ സർവ്വീസിംഗും മെയിന്റനൻസും നടപ്പാക്കുന്നതിനും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)കമ്പ്യൂട്ടർ പർച്ചേസ് & മെയിന്റനൻസ് നടപ്പാക്കുന്നതിനായി ക്ഷണിച്ച ടെൻഡർ/ക്വട്ടേഷൻ നടപടികളുടെ രേഖകൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

B)ഫയൽ പരിശോധിച്ചതിൽ കമ്പ്യൂട്ടർ സർവ്വീസിംഗും മെയിന്റനൻസും നടപ്പാക്കിയ ഇനത്തിൽ അബാക്കസ് പെരിഫറൽസ് എന്ന സ്ഥാപനത്തിൽ നിന്നും 36900/- രൂപയുടെ ഇൻവോയ്സും വി.എസ് ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും 39550/- രൂപയുടെ ഇൻവോയ്സും ലഭിച്ചിട്ടുണ്ട്. എന്നാൽ ബിൽ തുക പൂർണമായും അനുവദിച്ചിട്ടുള്ളത് അജീഷ് വി.എസ് എന്ന വ്യക്തിയുടെ അക്കൗണ്ടിലാണ്.

C) എല്ലാ സർക്കാർ ഓഫീസുകളിലും നിർദ്ദിഷ്ട മാതൃകയിലുള്ള കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് സോഫ്റ്റ് വെയർ രജിസ്റ്റർ പരിപാലിക്കണമെന്ന് സർക്കുലർ നം.86/2010/ ഫിൻ തീ.24.09.2010 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ് വെയർ & സോഫ്റ്റ് വെയർ രജിസ്റ്റർ, റിപ്പയർ & മെയിന്റനൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക്(48/23.07.2022,60/25.07.2022)ലഭിച്ച മറുപടിയിൽ ടെൻഡർ നടപ്പാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ, കേടായ ഉപകരണങ്ങൾ സ്കൂളുകളിലെത്തി പരിശോധന നടത്തിയാണ് പ്രവൃത്തി നടപ്പാക്കിയതെന്നും പദ്ധതിയുടെ ടെൻഡർ ഏറ്റെടുത്ത വ്യക്തിയുടെ അക്കൗണ്ടിലേയ്ക്കാണ് തുക കൈമാറിയത് എന്നുമാണ് അറിയിച്ചത്. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 76450/- രൂപ തടസപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-56 സ്കൂളുകളിൽ ഫർണിച്ചർ വാങ്ങൽ - രേഖകളുടെ അഭാവത്തിൽ 399990/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0052/21 |
| പ്രോജക്ടിന്റെ പേര് | വർക്കല എച്ച് എസ് എസിൽ ബഞ്ച് ഡസ്ക് വാങ്ങൽ |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് |
| അടങ്കൽ | 400000/-(മെ.നോൺറോഡ്) |
| ചെലവ് | 399990/- |
| ബിൽ നം | 41/11.04.2020 |

മേൽ പ്രോജക്ട് പ്രകാരം നഗരസഭയിലെ വിവിധ സ്കൂളുകളിലേയ്ക്കായി ബഞ്ചും ഡെസ്കും 60എണ്ണം വീതം വി.വി.കെ ഫർണീച്ചർ, വടശ്ശേരിക്കോണം എന്ന സ്ഥാപനത്തിൽ നിന്നും 399990/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ ടെൻഡർ നടപ്പാക്കിയതിന്റെ രേഖകൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് എന്നിവ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(48/23.07.2022) രേഖകൾ ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. രേഖകളുടെ അഭാവത്തിൽ 399990/- രൂപ തടസപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-57 സ്കൂളുകളിൽ കേടായ ഫർണീച്ചർ അറ്റകുറ്റപ്പണി - രേഖകളുടെ അഭാവത്തിൽ 122592/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0051/21 |
| പ്രോജക്ടിന്റെ പേര് | നഗരസഭ സ്കൂളുകളിൽ കേടായ ഫർണിച്ചർ അറ്റകുറ്റപ്പണി |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് |

| | |
|---|---|
| അടങ്കൽ | 147912/-(മെയിന്റനൻസ് ഫണ്ട് -നോൺറോഡ്) |
| ചെലവ് | 122592/- |
| ബിൽ നമ്പർ | 39/11.04.2020 |

വിവിധ സ്കൂളുകളിൽ ഫർണീച്ചർ വാങ്ങുന്നതിനും കേടായ ഫർണീച്ചറിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനുമാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. ഫർണീച്ചർ വാങ്ങിയ ഇനത്തിലും അറ്റകുറ്റപ്പണി നടത്തിയതുമായി ബന്ധപ്പെട്ടും 6 സ്കൂളുകളിലായി 122592/- രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം[ജി.ഒ(പി)നം.259/2010/തസ്വഭവ തീ.08.11.2010] 1 ലക്ഷം രൂപയിൽ കൂടുതൽ മതിപ്പ് വില വരുന്ന പ്രവൃത്തികൾക്ക് ഓപ്പൺ ടെൻഡർ സംവിധാനം നടപ്പാക്കേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തികൾ നടപ്പാക്കിയ ടെൻഡർ/ക്വട്ടേഷൻ നടപടികളുടെ രേഖകൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് എന്നിവ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഫർണീച്ചർ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(48/23.07.2022)ലഭിച്ച മറുപടിയിൽ ഓരോ സ്കൂളുകളിലെ അധ്യാപകർ നൽകിയ ബില്ലിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി നടപ്പാക്കിയത് സാധൂകരിക്കുന്ന രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 122592/- രൂപ തടസപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-58 തുല്യത പഠനവും തൊഴിൽ പരിശീലനവും - രജിസ്ട്രേഷൻ രേഖകൾ സൂക്ഷിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ | S0116/21 | S0178/21 |
|---|---|---|
| പ്രോജക്ടിന്റെ പേര് | സാക്ഷരത മിഷൻ -തുല്യത പഠനവും തൊഴിൽ പരിശീലനവും 2020-21 | സാക്ഷരത മിഷൻ -തുല്യത പഠനവും തൊഴിൽ പരിശീലനവും |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് |
| അടങ്കൽ | 160000/-(വി.ഫ) | 170000/-(വി.ഫ) |
| ചെലവ് | 144400/- | 130200/- |

പത്താം ക്ലാസ്, ഹയർ സെക്കന്ററി തുല്യത പരീക്ഷ കോഴ്സുകൾ, ഗുഡ് ഇംഗ്ലീഷ് കോഴ്സ് എന്നിവയ്ക്കാണ് പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ മേൽ പദ്ധതികൾ പ്രകാരമുള്ള പഠിതാക്കളുടെ അപേക്ഷകൾ, പരീക്ഷ രജിസ്ട്രേഷൻ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും സാക്ഷരത മിഷനിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(48/23.07.2022) ലഭിച്ച മറുപടിയിൽ രജിസ്ട്രേഷൻ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല എന്നും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് സാക്ഷരത മിഷനിൽ കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-59 സ്കൂൾ ലൈബ്രറിയിലേയ്ക്ക് ആനുകാലികങ്ങളും പുസ്തകങ്ങളും വാങ്ങൽ - രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0054/21 |
| പ്രോജക്ടിന്റെ പേര് | സ്കൂൾ ലൈബ്രറിയിലേയ്ക്ക് ആനുകാലികങ്ങളും പുസ്തകങ്ങളും വാങ്ങുന്നതിന് |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് |
| അടങ്കൽ | 110000/-(മെയിന്റനൻസ് ഫണ്ട് – നോൺറോഡ്) |
| ചെലവ് | 105360/- |
| ബിൽ നമ്പർ | 38/11.04.2020 |

നഗരസഭയിലെ വിവിധ സ്കൂളുകളിലെ ലൈബ്രറിയിലേയ്ക്ക് ആനുകാലികങ്ങളും പുസ്തകങ്ങളും വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്നായി 105360/- രൂപയ്ക്ക് പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയ പുസ്തകങ്ങൾ നൽകിയ സ്കൂളുകളുടെ വിവരം പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ(48/23.07.2022) സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-60 സാനിട്ടറി നാപ്കിൻ ഇൻസിനിറേറ്റർ സ്ഥാപിക്കൽ - മാനദണ്ഡങ്ങൾ പാലിക്കാതെ മെഷീൻ വാങ്ങി.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO071/21 |
| പ്രോജക്ടിന്റെ പേര് | സാനിട്ടറി നാപ്കിൻ ഇൻസിനിറേറ്റർ മെഷീൻ വാങ്ങുന്നത് |
| നിർവഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 280000<br>(വികസന ഫണ്ട്-116760/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് -98000/-<br>സംസ്ഥാനീവിഷ്കൃത ഫണ്ട് 65240/-) |
| ചെലവ് | 116760/-(വി.ഫ) |

നഗരസഭയ്ക്ക് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ സാനിട്ടറി നാപ്കിൻ ഇൻസിനിറേറ്റർ മെഷീൻ വാങ്ങി സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ബ്ലേസ് ഹൈജീൻ ഡിവൈസസ് എന്ന സ്ഥാപനത്തിൽ നിന്നും San Deletaa SD 304 മോഡലിലുള്ള 12 നാപ്കിൻ ഇൻസനറേറ്റർ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സാനിട്ടറി നാപ്കിൻ ഇൻസിനിറേറ്റർ മെഷീനുകൾക്ക് 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങളുടെ വ്യവസ്ഥകൾക്ക് വിധേയമായി കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകളോ വിവരമോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. രേഖകൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും സ്ഥാപനത്തിന് 2008 വർഷത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ലഭിച്ച കത്ത് മാത്രമാണ് ലഭ്യമാക്കിയത്. (ഓഡിറ്റ് എൻക്വയറി നം.42/23.07.2022 ന്റെ മറുപടി).2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങളുടെ വ്യവസ്ഥകൾ കർശനമായും പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

## 1-61 പ്ലാന്റിലെ നിഷ്ക്രിയ മാലിന്യങ്ങൾ നീക്കം ചെയ്യൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO346/21 |
| പ്രോജക്ടിന്റെ പേര് | പ്ലാന്റിലെ നിഷ്ക്രിയ മാലിന്യങ്ങൾ നീക്കം ചെയ്യൽ |
| നിർവഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 2500000(ധ.ഗ്രാ) |
| ചെലവ് | 787050/- |

നഗരസഭയിലെ കണ്വാശ്രമം ഖരമാലിന്യ പ്ലാന്റിലെ അജൈവ നിഷ്ക്രിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം ടെൻഡർ ക്ഷണിക്കുകയും കിലോഗ്രാമിന് ജി.എസ്.ടി ഉൾപ്പെടെ 9 രൂപ നിരക്ക് ക്വാട്ട് ചെയ്ത ഗ്രീൻ വോംസ് എക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് പദ്ധതിയുടെ കരാർ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം(ജി.ഒ(പി)നം.259/2010/തസ്വഭവ തീ.08.11.2010) ഓപ്പൺ ടെൻഡർ നടപ്പാക്കുമ്പോൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം നൽകേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയുടെ ടെൻഡറുമായി ബന്ധപ്പെട്ട് പത്രപ്പരസ്യം നൽകിയിട്ടില്ല.

2)കണ്വാശ്രമം ഖരമാലിന്യ പ്ലാന്റിലെ 250 ടൺ അജൈവ നിഷ്ക്രിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാണ് ടെൻഡർ ക്ഷണിച്ചത്. എന്നാൽ, എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നീക്കം ചെയ്യേണ്ട മാലിന്യങ്ങളുടെ അളവ് നിശ്ചയിക്കാതെയാണ് 250 ടൺ എന്ന അളവ് രേഖപ്പെടുത്തി മേൽ പ്രവൃത്തിയുടെ ടെൻഡർ നടപ്പാക്കിയത്.

3)ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗിന്റെ(ടെക്നിക്കൽ) ജി.ഒ (പി)നം.167/2020/ഫിൻ തീ.31.12.2020 ഉത്തരവ് പ്രകാരം 500 $M^3$ ന് മുകളിൽ വ്യാപ്തമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുമ്പോൾ(para 2.1 Report Of Initial Level) ചീഫ് ടെക്നിക്കൽ എക്സാമിനറിന് പ്രസ്തുത വിവരങ്ങൾ നിശ്ചിത ഫോർമാറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയത്.

4)മേൽ പ്രവൃത്തിയ്ക്ക് ജി.എസ്. ടി ഉൾപ്പെടെ കിലോ ഗ്രാമിന് 9 രൂപ നിരക്കാണ് ഗ്രീൻ വോംസ് എക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനം ക്വാട്ട് ചെയ്തത്. എന്നാൽ പ്രവൃത്തിയുടെ ബിൽ തുക അനുവദിച്ചപ്പോൾ 2 % ജി എസ് ടി(റ്റി.ഡി.എസ്) കുറവ് ചെയ്തിട്ടില്ല. കൂടാതെ, സ്ഥാപനം ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ടെൻഡർ പരസ്യം നൽകുന്നതിന് നഗരസഭയിൽ നിന്നും പത്രസ്ഥാപനത്തിന് കത്ത് നൽകിയെങ്കിലും കുടിശ്ശിക തുക നിലനിന്നിരുന്ന സാഹചര്യത്തിൽ സ്ഥാപനം വാർത്ത പ്രസിദ്ധീകരിച്ചില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഗ്രീൻ വോംസ് എക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനം ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മറ്റ് അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.54/25.07.2022നുള്ള മറുപടി). രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-62 വീൽ ബാരോ വാങ്ങൽ - കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുള്ള ചെലവ് വിവരം തെറ്റായി രേഖപ്പെടുത്തി.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0072/21 |
| പ്രോജക്ടിന്റെ പേര് | വീൽ ബാരോ വാങ്ങൽ |
| നിർവഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 150000<br>(വി.ഫ.-62550/- കേ.ഫ -52500/-സ.ഫ 34950/-) |
| ചെലവ് | 83100 (62550+20550) |

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 2020-21 വർഷം 52500/- രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്(ചെക്ക് നം.016125/20.04.20). എന്നാൽ, സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ, ചെലവ് വിവരം പരിശോധിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥന്റെ ക്യാഷ് ബുക്കും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/20.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-63 ദുരന്ത നിവാരണ പ്രതിരോധ സാമഗ്രികൾ വാങ്ങൽ -സർക്കാർ ഉത്തരവുകൾ പാലിക്കാതെ പദ്ധതി നടപ്പാക്കി.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0133/21 |
| പ്രോജക്ടിന്റെ പേര് | ദുരന്ത നിവാരണ പ്രതിരോധ സാമഗ്രികൾ വാങ്ങൽ |

| | |
|---|---|
| നിർവഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 250000(വി.ഫ) |
| ചെലവ് | 219164 |

ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കാവശ്യമായ ശുചീകരണ സാധനങ്ങൾ വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം 8 ഇനങ്ങൾ വാങ്ങുന്നതിനായി 21.12.2020ൽ ടെൻഡർ ക്ഷണിക്കുകയും ടെൻഡർ സമർപ്പിച്ച 2 സ്ഥാപനങ്ങളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ഷഹനാസ് ട്രേഡിംഗ് കമ്പനി എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സ്ഥാപനം ഹാജരാക്കിയ വിവിധ ഇനങ്ങളുടെ സാമ്പിൾ 03.02.2021 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിക്കുകയും പ്രസ്തുത ഇനങ്ങളിൽ ബ്ലീച്ചിംഗ് പൗഡർ മാത്രം മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനും (48000/- രൂപ) മറ്റ് 7 ഇനങ്ങൾ ക്വട്ടേഷൻ മുഖാന്തിരം വാങ്ങുന്നതിനും തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 17.12.2020 തീയതിയിൽ ക്വട്ടേഷൻ ക്ഷണിക്കുകയും, ക്വട്ടേഷൻ സമർപ്പിച്ചതിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ ചോയ്സ് കെമിക്കൽസ് എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിച്ച് വാങ്ങൽ നടത്തുകയും ചെയ്തു. പ്രോജക്ടുകളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം[ജി.ഒ(പി)നം.259/2010/തസ്വഭവ തീ.08.11.2010] മതിപ്പുവില ഒരു ലക്ഷത്തിൽ കൂടുതൽ വരുന്ന സാധങ്ങൾക്കും സേവനങ്ങൾക്കും ഓപ്പൺ ടെൻഡർ സംവിധാനം നടപ്പാക്കേണ്ടതാണ്. എന്നാൽ, മേൽ പ്രവൃത്തിക്കായി റീടെൻഡർ നടത്താതെ ക്വട്ടേഷനാണ് ക്ഷണിച്ചിട്ടുള്ളത്.

2)ശുചീകരണ സാധനങ്ങൾ വാങ്ങുന്നതിനായി 17.12.2020 തീയതിയിൽ ക്വട്ടേഷൻ ക്ഷണിക്കുകയും, പരിശോധനയ്ക്കായി സാമ്പിൾ ഹാജരാക്കിയില്ല എന്ന കാരണത്താൽ , ക്വട്ടേഷൻ സമർപ്പിച്ചതിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ഷഹനാസ് ട്രേഡിംഗ് കമ്പനി എന്ന സ്ഥാപനത്തെ ഒഴിവാക്കി രണ്ടാമത് കുറവ് തുക ക്വാട്ട് ചെയ്ത ചോയ്സ് കെമിക്കൽസ് എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിച്ച് വാങ്ങൽ നടത്തിയിട്ടുണ്ട്. എന്നാൽ ഷഹനാസ് ട്രേഡിംഗ് കമ്പനി എന്ന സ്ഥാപനത്തോട് സാമ്പിൾ ഹാജരാക്കാൻ നിർദ്ദേശം നൽകിയതിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

3) 17.12.2020 തീയതിയിൽ ക്വട്ടേഷൻ സമർപ്പിച്ച വിവിധ സ്ഥാപനങ്ങൾ ഒടുക്കിയ ഇ.എം.ഡി യുടെ വിവരവും, ക്വട്ടേഷൻ വ്യവസ്ഥകൾക്ക് വിരുദ്ധമായി സാമ്പിൾ ഹാജരാക്കാത്ത സ്ഥാപനങ്ങളുടെ ഇ.എം.ഡി നഗരസഭയുടെ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കാൻ നിർദ്ദേശം നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല(എൻക്വയറി നം.10/20.07.2022)

മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവുകളും മാർഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പാക്കേണ്ടതുമാണ്.

## 1-64 ശുചിത്വ പരിപാലനം - പ്രോജക്ടുകൾ പൂർണമായും നടപ്പാക്കിയിട്ടില്ല.

ഹെൽത്ത് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 6 സ്പിൽ ഓവർ പ്രോജക്ട് ഉൾപ്പടെ 21 പ്രോജക്ടുകൾക്കാണ് 2020-21 വർഷത്തേയ്ക്ക് അംഗീകാരം ലഭിച്ചത്. എന്നാൽ 3 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 10 പ്രോജക്ടുകൾ മാത്രമാണ് 2020-21 വർഷം നടപ്പാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പ്രോജക്ടുകൾക്കായി 21495746/- രൂപ വകയിരുത്തിയെങ്കിലും 3082996/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്(14%). പദ്ധതികൾ നടപ്പാക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല(10/20.07.2022). പദ്ധതികൾ നടപ്പാക്കാത്തിന്റെ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-65 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ രേഖകൾ സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0348/21 |
| പ്രോജക്ടിന്റെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| നിർവഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 1432746(വി.ഫ.-11172319/- ധ.ഗ്രാ 260467/-) |

| | |
|---|---|
| ചെലവ് | 1427478/-(1168098+259380) |

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ രൂപീകരണവുമായി ബന്ധപ്പെട്ട് 25.05.2020 തീയതിയിലെ സ.ഉ(സാധാ)നം.955/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും 16.07.2020 തീയതിയിലെ സ.ഉ(സാധാ)നം.1364/2020 /തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും സർക്കാർ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭയിൽ പ്രവർത്തിച്ച CFLTC കളുടെ പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള താഴെപ്പറയുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ഹാരാക്കായിട്ടില്ല.(എൻക്വയറി നം.10/20.07.2022)

1)തിരിച്ചു നൽകേണ്ട സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

2)പ്രതി ദിന വരവ് ചെലവ് കണക്കുകൾ

3)CFLTC ഇൻമേറ്റ്സ് രജിസ്റ്റർ

മേൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവുകളും മാർഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഇല്ല

.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം-സർക്കാർ ഉത്തരവുകൾ വിരുദ്ധമായി ചെലവഴിച്ച 15500/- രൂപ നിരാകരിക്കുന്നു

| പ്രോജക്ട് നമ്പർ | S0020/21 | S0176/21 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ക്യൂ.ഐ.പി)2020-21 | ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ക്യൂ.ഐ.പി) |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് |
| അടങ്കൽ | 70000(വി.ഫ) | 60000(വി.ഫ) |
| ചെലവ് | 14746/- | 59900/- |
| ബിൽ | 366//26.03.21 | 91/09.06.20 |

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ സമയം കഴിഞ്ഞ് അധിക സമയം പഠിപ്പിക്കുന്നതിനും പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനുമാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തത്. നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഗവ.എച്ച് എസ് എസ് വർക്കല, മോഡൽ എച്ച് എസ് നടയറ എന്നീ സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കിയത്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്ക് വിവിധ പാഠ്യ വിഷയങ്ങളിലും സംശയദൂരീകരണത്തിനുമായി മേൽ സ്കൂളുകളിലെ അധ്യാപകർ ഉൾപ്പെടെ വിവിധ വ്യക്തികൾ ക്ലാസെടുത്തിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ അധ്യാപകരല്ലാത്ത വ്യക്തികൾ പാഠ്യ വിഷയങ്ങൾക്ക് ചട്ടവിരുദ്ധമായി ക്ലാസെടുത്തതും ഓണറേറിയം അനുവദിച്ചതും ഗുരുതരമായ വീഴ്ചയാണ്. കൂടാതെ ക്ലാസെടുത്ത ഇനത്തിൽ പ്രസ്തുത സ്കൂളിലെ അധ്യാപകരും അനർഹമായി ഓണറേറിയം കൈപ്പറ്റിയിട്ടുണ്ട്. പാഠ്യ വിഷയങ്ങൾക്ക് തുക അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | പേര് | ഉദ്യോഗപ്പേര് /വിലാസം | വിവരണം | അനുവദിച്ച തുക |
|---|---|---|---|---|---|
| 20/21 | 366//26.03.21 | സജിത | ശിവപ്രിയ,കടമ്പാട്ടുകോണം | സംശയദൂരീകരണം | 1000 |

| | | | | | |
|---|---|---|---|---|---|
| | | | | ക്ലാസ് മലയാളം | 2000 |
| 176/21 | 91/09.06.20 | നീതു | യശസ്,ചിറയിൻകീഴ് | ഇംഗ്ലീഷ് ക്ലാസ് നടത്തിയതിന് | 2000 |
| | | ബിന്ദു | ഇന്ദീവരം, ചെറുന്നിയൂർ | കണക്ക് ക്ലാസ് | 2100 |
| | | ഷൈനി | പൊയ്കയിൽ, കടയ്ക്കാവൂർ | സോഷ്യൽ സയൻസ് ക്ലാസ് | 2400 |
| | | ആശ | എച്ച്.എസ്.ടി മലയാളം | മലയാളം ക്ലാസ്സ് | 2000 |
| | | പവിത്രൻ | എച്ച്.എസ്.ടി ഇംഗ്ലീഷ് | ഇംഗ്ലീഷ് ക്ലാസ് | 2000 |
| | | മനീഷ്യ | മറ്റ് വിശദാംശം ഇല്ല(സോഷ്യൽ സയൻസ്) | സോഷ്യൽ സയൻസ് ക്ലാസ് | 2000 |
| ആകെ | | | | | 15500 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക്(48/23.07.2022, 60/25.07.2022) ലഭിച്ച മറുപടിയിൽ വിശദീകരണങ്ങൾ ലഭ്യമാക്കുന്നതിനും രേഖകൾ ഹാജരാക്കുന്നതിനും മേൽ പദ്ധതി നടപ്പാക്കിയ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്ക് അറിയിപ്പ് നൽകിയതായി വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ചെലവഴിച്ച 15500/- രൂപ നിരാകരിക്കുന്നു. ഇുക തിരികെ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-2 സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി അധിക തുക ചെലവഴിച്ചു. 8700/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0177/21 |
| പ്രോജക്ടിന്റെ പേര് | കുട്ടികൾക്ക് യോഗ പരിശീലനം |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് |
| അടങ്കൽ | 50000(വി.ഫ) |
| ചെലവ് | 43500/- |
| ബിൽ | 92/09.06.2020 |

നഗരസഭയുടെ കീഴിലെ വിവിധ സ്കൂളുകളിൽ യോഗ പരിശീലനം നടപ്പാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. സ.ഉ(സാധാ)നം.3190/2017/തസ്വഭവ തീ.03.10.2017, സബ്സിഡി മാർഗരേഖ [സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018] എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ നടപ്പാക്കുന്ന യോഗ പരിശീലകരുടെ ഓണറേറിയം പ്രതിദിനം 400 രൂപ നിരക്കിൽ പ്രതിമാസം 12000/- രൂപയാണ്. എന്നാൽ പദ്ധതി പ്രകാരം യോഗപരിശീലകരായ ശ്രീമതി സുജിത.ആർ എന്ന വ്യക്തിക്ക് 45 ദിവസത്തെ പരിശീലനത്തിനും ശ്രീമതി വിനീത.പി എന്ന വ്യക്തിക്ക് 42 ദിവസത്തെ പരിശീലനത്തിനും പ്രതിദിനം 500 രൂപ നിരക്കിൽ ആകെ 43,500/- രൂപ അനുവദിച്ചിട്ടുണ്ട്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറികൾക്ക്(നം.48/23.07.2022, 60/25.07.2022) ലഭിച്ച മറുപടിയിൽ ഒരു ദിവസം അധ്യാപകർ പരമാവധി 3 സ്കൂളുകളിൽ വരെ പരിശീലനം നടത്തുന്നുണ്ടെന്നും സർക്കാർ നിശ്ചയിച്ച നിരക്കിൽ പരിശീലകരെ കിട്ടാത്ത സാഹചര്യത്തിലാണ് അധിക നിരക്ക് നൽകിയത് എന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകിയ അധികതുകയായ 8700/- രൂപ (87x100) ഓഡിറ്റിൽ നിരാകരിക്കുന്നു. അധിക തുക തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്കു നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | മുന്നിരിപ്പ് | പ്രവൃത്തിയുടെ പേര് | തൻവർഷം മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | U.C. ലഭിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | വിവരം ലഭിച്ചിട്ടില്ല | 66/21, സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 913554/- | 0 | 738306 | 175248/- രൂപയുടെ UC ലഭിച്ചിട്ടില്ല. |
| കേരളാ വാട്ടർ അതോറിറ്റി | വിവരം ലഭിച്ചിട്ടില്ല | 159/21, വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 304000/- | 0 | 0 | 304000/ |

നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ മുൻകൂർ ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. ചെലവ് ഹെഡിൽ രേഖപ്പെടുത്തിയത് കാരണം ഇവയുടെ മുന്നിരിപ്പും നീക്കിയിരിപ്പും ബാലൻസ് ഷീറ്റിൽ ലഭ്യമല്ല. മേൽ ഏജൻസികൾക്ക് നല്കിയ തുകയിൽ പ്രവൃത്തിയുടെ വിനിയോഗം കഴിഞ്ഞ് ബാക്കി നില്ക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ തീയതി | വർഷാരംഭത്തിൽ ബാക്കി | തൻവർഷം അടച്ച തുക | | ബാലൻസ് |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| PMAY Housing | GO(MS)No.29/18/LSGD, Dated.28.02.18 | 26240000 | 1160000 | - | 25080000 |
| KURDFC | . | 125000 | 125000 | - | 0 |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-7 | 2016-17 | 4.9.1 (1) | ലേല നടപടികളിൽ വീഴ്ച (ഭാഗികമായി ഉൾപ്പെടുത്തിയിരിക്കുന്നു) | വിവരങ്ങൾ ലഭ്യമാക്കിയില്ല |

### 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 45313099.75 |
| ഓഡിറ്റ് വർഷത്തെ വരവ് | 201799181 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 205060875 |
| നീക്കിയിരിപ്പ് | 42051405.75 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24,200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 37,31,649 |

(ബി)മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 15,500 | ശ്രീ. ഷൈൻ.എസ്.എച്ച്, ഹെഡ്മാസ്റ്റർ |
| 3-2 | 8,700 | ശ്രീ. ഷൈൻ.എസ്.എച്ച്, ഹെഡ്മാസ്റ്റർ |
| ആകെ | 24,200 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 4,96,370 | ശ്രീ. ബിജു നെൽസൺ,<br>മെഡിക്കൽ ഓഫീസർ- താലൂക്ക് ആശുപത്രി |
| 1-33 | 13,99,999 | ശ്രീമതി വിജി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-34 | 4,49,295 | ശ്രീമതി വിജി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-35 | 5,82,105 | ശ്രീമതി ജിജി.ജെ,<br>അസിസ്റ്റന്റ് എഞ്ചിനീയർ(3,30,739)<br>ശ്രീമതി വിജി.വി,<br>അസിസ്റ്റന്റ് എഞ്ചിനീയർ(2,51,366) |
| 1-40 | 1,75,348 | ശ്രീമതി രേഖ.ബി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-53 | 29,500 | ശ്രീ. ഷൈൻ.എസ്.എച്ച്, ഹെഡ്മാസ്റ്റർ |
| 1-55 | 76,450 | ശ്രീ. ഷൈൻ.എസ്.എച്ച്, ഹെഡ്മാസ്റ്റർ |
| 1-56 | 3,99,990 | ശ്രീ. ഷൈൻ.എസ്.എച്ച്, ഹെഡ്മാസ്റ്റർ |

| | | |
|---|---|---|
| 1-57 | 1,22,592 | ശ്രീ. ഷൈൻ.എസ്.എച്ച്, ഹെഡ്മാസ്റ്റർ |
| ആകെ | 37,31,649 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീ. ഷൈൻ.എസ്.എച്ച്, ഹെഡ്മാസ്റ്റർ | പ്രണവം, മേൽ വെട്ടൂർ, വർക്കല |
| ശ്രീ.ബിജു നെൽസൺ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | അഭിലാഷ്, പട്ടത്താനം പി.ഒ, കൊല്ലം |
| ശ്രീമതി വിജി.വി, അസിസ്റ്റന്റ് എഞ്ചിനീയർ | വാസന്തി നിവാസ്, കമ്മാളകുന്ന്, കുന്തള്ളൂർ, ചിറയിൻകീഴ് |
| ശ്രീമതി ജിജി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | സൺറൈസ് വില്ല, വാളത്തുങ്കൽ, കൊല്ലം |
| ശ്രീമതി രേഖ.ബി, മുനിസിപ്പൽ എഞ്ചിനീയർ | പിള്ളവിളാകം, ടിസി 73/115, മണക്കാട് .പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി./4/562/2001 തീ.17.12.2001 | 26 |
| 1996-97 | എൽ.എഫ്.റ്റി.ഡി./4/556/2000 തീ.31.01.2001 | 13 |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ. തീ.27.09.2007 | 50 |
| 1997-98 | എൽ.എഫ്.റ്റി.ഡി./4/858/2000 തീ.31.01.2001 | 12 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ./87/ 2007തീ.26.09.2007 | 8 |
| 1995-96 | എൽ.എഫ്.റ്റി.ഡി.എം.എൽ./4/4562/2005 തീ.17.12.2001 | 15 |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ./1634/06 തീ.19.04.2007 | 41 |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ./327/08 തീ.20.06.2008 | 45 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ./564/08 തീ.19.01.2009 | 35 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ./565/08 തീ.19.01.2009 | 25 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ./1347/07 തീ.17.03.2010 | 20 |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ./1375/07 തീ.17.03.2010 | 30 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ./673/11 തീ.26.12.11 | 23 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ./674/11 തീ.26.12.11 | 43 |
| 2009-10 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/1698/12 തീ.18.03.2013 | 36 |
| 2010-11 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/593/13 തീ.24.06.2013 | 27 |
| 2011-12 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/1794/13 തീ.21.01.2014 | 25 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1491/2015 തീ.08.10.2018 | 19 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/111/17 തീ.29.02.2018 | 30 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1941/16 തീ.31.12.2021 | 29 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/4/2017(1) തീ.16.04.2016 | 32 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1850/17 തീ.25.01.2018 | 35 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/2967/18 തീ.12.03.2019 | 55 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/2070/19 തീ.03.03.2021 | 45 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/221/2022 തീയതി 21.03.2022 | 120 |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വർക്കല മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വർക്കല മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്